നേതൃസ്മൃതി



കോട്ടാൽ ഉപ്പി സാഹിബ്

കെ.പി. കുഞ്ഞിമ്മൂസ

കോട്ടാൽ ഉപ്പി സാഹിബ്

കെ.പി. കുഞ്ഞിമൂസ്സ

പ്രസാധനം:
ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

mappilaheritagelibrary.com

Malayalam
Nethru Smrithi Sanchika-2
Kotal Uppi Sahib
(Biography)

by
K.P. Kunhimoosa

General Editor
P.A. Rasheed

Project Co-ordinator
K. Aboobacker
kayaboobacker@gmail.com

All rights reserved
First Edition: December 2010

Published by
Grace Educational Association, P.B. No: 3
Malappuram Dt., PIN : 676317

Production & Design
www.wampee.in

DTP & Layout
SignX-Vtk / 9495642332

Printed in India
at
.....

Distributors:
Grace Books
Camp Sayyid, P.B.No. 3
Malappuram Dt - 676317

Rs. 40-

പ്രസാധകക്കുറിപ്പ്

ആകാശത്തു പടരാനും കനി നൽകാനും കഴിയണമെങ്കിൽ മണ്ണിൽ വേരിറക്കി വീര്യം വലിച്ചെടുക്കണമെന്നത് പ്രകൃതിനിയമമാണ്. ഓരോ തലമുറയും മുൻമുറക്കാരിൽ നിന്ന് സാംസ്കാരികാസ്തികൾ ഏറ്റുവാങ്ങുകയും പുതുമുറക്കാർക്ക് പാകമാകുന്ന തരത്തിൽ പുതുക്കുകയും വരുംതലമുറക്ക് വേണ്ടി കരുതലോടെ കാത്തുവെക്കുകയും ചെയ്യുന്നത് അതുകൊണ്ടാണ്. മാറ്റങ്ങളോടിണങ്ങിനിന്ന് പൊരുത്തപ്പെടുന്നതിന് സമൂഹമനസ്സ് എപ്പോഴും സാവകാശം തേടുന്നുണ്ട്. അതിന്നവസരം നൽകാത്തത്ര കൂടിയ ഗതിവേഗമാണ് മലയാളിയുടെ മാറ്റത്തിനുള്ളത്. കേരളീയർ കാലങ്ങളായി കാത്തുവെച്ച ഈടുവെപ്പുകൾ പലതും ഈ കുത്തൊഴുക്കിൽ കടപുഴകുന്നു. മണ്ണിന്റെ മണവും നിറവുമില്ലാത്ത ഒരു വിചിത്ര സംസ്കാരം പതുക്കെ കേരളത്തിൽ രൂപപ്പെട്ടുവരുന്നു. സാംസ്കാരിക തുടർച്ചയിൽ സംഭവിക്കുന്ന ഇടർച്ചയിലുള്ള വേവലാതി പലരെയും ഇടപെടുന്നതിന്ന് പ്രേരിപ്പിക്കുന്നുണ്ട്. 'നേതൃസ്മൃതിസഞ്ചിക' പ്രസക്തമാകുന്നത് ഇവിടെയാണ്. ദീർഘകാല പ്രസക്തിയുള്ള മൂല്യങ്ങളുടെ ജീവൽമാതൃകകൾ പുതുതലമുറയ്ക്ക് കൈമാറുവാനുള്ള എളിയ ശ്രമമാണിത്.

കോട്ടാൽ ഉപ്പിസാഹിബ് മലബാറിൽ ആദർശരാഷ്ട്രീയത്തിന്റെ ദീപ്ത വഴി തെളിയിച്ച നേതാക്കളിൽ ഒരാളാണ്. അറിവായിരുന്നു അദ്ദേഹത്തിന്റെ വഴികാട്ടി. ത്യാഗമായിരുന്നു വഴി. ന്യൂനപക്ഷ പിന്നോക്കവിഭാഗങ്ങളുടെ അസ്തിത്വഭദ്രതയായിരുന്നു അടിയന്തിര ലക്ഷ്യം. രാജ്യക്ഷേമമായിരുന്നു വിശാലതാത്പര്യം. നിർദ്ദിഷ്ടമാർഗ്ഗത്തിൽ വിനിയോഗിച്ച ജീവിതം ദൈവസമക്ഷം സമർപ്പിക്കുകയായിരുന്നു ആത്യന്തിക ഉന്നം. കാലം തേടുന്ന പാഠങ്ങൾ പലതുണ്ട് ആ ജീവിതത്തിൽ. ആ മഹദ്ജീവിതത്തിലേക്ക് അന്വേഷണതൃഷ്ണയോടെ കടന്നുചെല്ലുകയാണ് പ്രഗത്ഭ പത്രപ്രവർത്തകനും ഗ്രന്ഥകാരനുമായ കെ.പി.കുഞ്ഞിമസ.

ഒരു ദശാബ്ദക്കാലമായി വിദ്യാഭ്യാസ സാംസ്കാരികരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘടനയാണ് ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ. പാരമ്പര്യപഠനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രധാന പ്രൊജക്ടുകളിലൊന്നാണ് 'നേതൃസ്മൃതിസഞ്ചിക'. ഏറ്റവും അനിവാര്യമെന്നു കരുതുന്ന ഈ സംരംഭത്തോട് മലയാളീവായനക്കാർ അനുകൂലമായി പ്രതികരിക്കുമെന്ന് വിശ്വസിക്കുന്നു.

mappilaheritagelibrary.com



കെ.പി. കുഞ്ഞിമ്മൂസ

തലശ്ശേരിയിലെ പൂന്നോൽ സ്വദേശി. ആലമ്പത്ത് മാപ്പിള സ്കൂൾ, മാഹി മയ്യലവിയ്യ ഹൈസ്കൂൾ, മടപ്പള്ളി ഗവൺമെന്റ് കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

പത്രപ്രവർത്തകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, ഹാസ സാഹിത്യകാരൻ, കോളമിസ്റ്റ്, സംഘാടകൻ.

1966-ൽ ചന്ദ്രിക ദിനപത്രത്തിൽ സഹപത്രാധിപരായി ചേർന്നു. 1975 മുതൽ ഒരു പതിറ്റാണ്ട് ലീഗ് ടൈംസിൽ ന്യൂസ് എഡിറ്റർ. 1986-ൽ വീക്ക്ലി എഡിറ്റർ ഇൻ ചാർജ്ജായി വീണ്ടും ചന്ദ്രികയിൽ. 1996-ൽ വിരമിച്ചു.

കാലിക്കറ്റ് പ്രസ്ക്ലബ്ബ് പ്രസിഡണ്ട്, കേരള പ്രസ് അക്കാദമി എക്സി ക്യൂട്ടീവ് മെമ്പർ, ഐ.എഫ്.ഡബ്ല്യൂ.ജെ നേഷണൽ കൗൺസിൽ മെമ്പർ, പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റി മെമ്പർ, സീനിയർ ജേർണലിസ്റ്റ് ഫോറം സ്ഥാപക സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചു.

പുസ്തകങ്ങൾ: വഴികാട്ടികൾ, മധുരിക്കും ഓർമ്മകൾ, അഞ്ച് ലീഗുനേതാക്കൾ, കല്ലായിപ്പുഴ മുതൽ ബ്രഹ്മപുത്രവരെ, ഓർമ്മയുടെ ഓളങ്ങളിൽ, ആശുപത്രിഫലിതങ്ങൾ, പത്രഫലിതങ്ങൾ, ഈത്തപ്പഴത്തിന്റെ നാട്ടിലൂടെ, പുണ്യങ്ങളുടെ പൂക്കാലം, വ്രതകാലകഥകൾ, പരിചിതമുഖങ്ങൾ, സി.എച്ച്.ഫലിതങ്ങൾ, മൊയ്തുമൗലവി, ഒരു പത്രപ്രവർത്തകന്റെ തീർത്ഥാടനസ്മൃതികൾ, സ്മൃതിപഥങ്ങളിലെ ശിഹാബ്തങ്ങൾ.

ഇന്ത്യയിലുടനീളം പത്രപ്രവർത്തകൻ എന്ന നിലക്ക് പഠനയാത്ര. യു.എ.ഇ, കുവൈത്ത്, ബഹ്റൈൻ, ഖത്തർ, സൗദിഅറേബ്യ, ഒമാൻ തുടങ്ങിയ അറബ് രാജ്യങ്ങളിൽ പലതവണ പര്യടനം.

മാതാവ് : കുഞ്ഞിക്കണ്ടി പുതിയപുരയിൽ കുഞ്ഞിപ്പാത്തു.
പിതാവ് : പടയൻപുരയിൽ മമ്മു
ഭാര്യ: വി.എം.ആയിശയുടേയും സി.വി.അബൂബക്കർഹാജിയുടേയും മൂന്നാമത്തെ പുത്രി കതിരൂർ സ്വദേശിനി വി.എം. ഫൗസിയ. മക്കൾ: ഷമി, ഷജി, ഷസ്ന. സഹോദരി: കുഞ്ഞായിശ.

വിലാസം: 'മൈത്രി', പന്നിയങ്കര, കോഴിക്കോട്-3
മൊബൈൽ: 9847584843

ഉള്ളടക്കം

1. ആമുഖം
2. ജീവിതരേഖ 8
3. കോട്ടയത്ത് ജനനം തലശ്ശേരിയിൽ പഠനം 9
4. അക്ഷരങ്ങൾ ശക്തിസ്രോതസ്സ് 11
5. അർഹതയ്ക്ക് അംഗീകാരം 17
6. ചന്ദ്രനമ്പ്യാരുടെ സമകാലീനൻ 23
7. കേരള മുസ്ലിം മജ്ലിസിൽ 27
8. ഉപ്പുസത്യാഗ്രഹവും ഉപ്പിസാഹിബും 29
9. മൂൺലൈറ്റ് ഗാർഡൻ പാർട്ടി 31
10. കുഞ്ഞിമായൻ ഹാദിയുടെ കണ്ടെത്തൽ 32
11. ടി.എം.മൊയ്തുസാഹിബിന്റെ കൂടെ 35
12. ചരിത്രത്തിലെ അവിസ്മരണീയമായ ഏടുകൾ 37
13. ത്യാഗോജ്വല ചരിത്രം 41
14. ലക്ഷ്യവും സ്വപ്നങ്ങളും 47
15. വിശ്രമമില്ലാത്ത പ്രവർത്തനം 49
16. ഓർമ്മകളിലെ മഹാ സമ്മേളനങ്ങൾ 51
17. എന്റെ അനുഭവങ്ങൾ 53
18. സഫലമായ ദൗത്യം 57
19. ജനപ്രതിനിധികൾ ജനദാസന്മാർ 60
20. പൊട്ടാത്ത പൊൻനൂൽ 62
21. ഹർത്താൽ ദിനത്തിൽ അന്ത്യം 64

mappilaheritagelibrary.com

ആമുഖം

നാട്ടിന്റെയും സമുദായത്തിന്റെയും അവകാശസംരക്ഷണത്തിന്നായി നിരന്തര പോരാട്ടത്തിലേർപ്പെട്ട ദേശാഭിമാനിയായ സമുദായ സേവകനായിരുന്നു കോട്ടാൽ ഉപ്പി സാഹിബ്. രാഷ്ട്ര താൽപര്യങ്ങൾക്കും ജനാധിപത്യത്തിനും സംശുദ്ധ രാഷ്ട്രീയത്തിന്നും ഗുണകരമായി ഭവിച്ച ഒട്ടേറെ പ്രവർത്തനങ്ങൾക്ക് ഉപ്പി സാഹിബ് നേതൃത്വം നൽകി.

അഭിശപ്തമായ അപകർഷതാബോധവുമായി അലക്ഷ്യമായി നീങ്ങിയ ഒരു ജനപഥത്തിന് ആത്മധൈര്യം നൽകിയ ഉപ്പി സാഹിബ് അതുല്യമായ ത്യാഗത്തിന്റെ ആവേശദായകമായ ഇതിഹാസത്തിന് തുടക്കമിട്ടു. ഏക്കറുകൾ സ്വന്തമായുള്ള ഭൂവുടമയായ ഈ വൻ ജന്മിക്ക് പാട്ടക്കുടിയാന്നുവേണ്ടി വാദിക്കാൻ മടിയില്ലായിരുന്നു.

സൗമ്യനും ശാന്തനും മിതഭാഷിയുമായ ഈ ചെറിയ കുറിയ മനുഷ്യന്റെ യഥാർത്ഥ രൂപം മനസ്സിലായത് നിയമനിർമ്മാണ സഭകളിലൂടെയാണ്.

മന്ത്രിസ്ഥാനം വെച്ചുനീട്ടിയപ്പോൾ സൗമ്യമായി നിരസിച്ച് മൂല്യബോധമുള്ള രാഷ്ട്രീയ സംസ്കാരത്തിന്റെ ചൈതന്യം കെടാതെ സൂക്ഷിച്ച ഒര പൂർവ്വപ്രതിഭാസമായിരുന്നു അദ്ദേഹം. അസാമാന്യമായ ആർജ്ജവവും ധീരതയും പ്രകടിപ്പിച്ച ഉപ്പിസാഹിബിന്റെ ഔന്നത്യം മനസ്സിലാക്കിയ എത്ര പേരുണ്ടിവിടെ?

ഉപ്പിസാഹിബിന്റെ സ്മരണ നിലനിർത്തേണ്ടത് വർത്തമാനകാലത്തിന്റെ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണ് ഭാവി തലമുറയ്ക്ക് അദ്ദേഹത്തെ പരിചയപ്പെടുത്താൻ ഞാൻ മുതിർന്നത്. അര നൂറ്റാണ്ടിലേറെ നീണ്ടു നിന്ന ആ രാഷ്ട്രീയ കാരണവരുടെ വ്യക്തിത്വം ഭാവി തലമുറയ്ക്ക് ആവേശവും പ്രചോദനവും നൽകുവാൻ പര്യാപ്തമാണ്.

മലബാർ മുസ്ലിംകൾ തെരഞ്ഞെടുപ്പ് എന്ന് കേൾക്കാൻ തുടങ്ങിയതു മുതൽ ഉപ്പിസാഹിബിന്റെ നാമധേയവും അതിനോടനുബ്ധിച്ചാണ് കേട്ടിട്ടുണ്ടാവുക. നിയമനിർമ്മാണ സഭയിലേക്ക് പ്രത്യേക പ്രാതിനിധ്യ വ്യവസ്ഥയനുസരിച്ച് നടന്ന ആദ്യത്തെ തെരെഞ്ഞെടുപ്പിൽ അന്ന് മലബാറിലെ മുസ്ലിംകൾക്ക് രണ്ടു പ്രതിനിധികളെയായിരുന്നു തെരെഞ്ഞെടുക്കേണ്ടിയിരുന്നത്. ജില്ലാ അടിസ്ഥാനത്തിൽ നടന്ന തെരെഞ്ഞെടുപ്പിൽ വിജയികളായത് കെ.ഉപ്പിസാഹിബും ടി.എം.മൊയ്തുസാഹിബുമായിരുന്നു.

നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ആഹ്വാനം മാനിച്ച് മദിരാശി മുഹമ്മദൻസ് കോളേജ് വിട്ടിറങ്ങിപ്പോന്ന ഉപ്പിസാഹിബിനെ നിയമസഭാ സാമാജികത്വത്തിനായി പ്രേരിപ്പിച്ചത് എ.കെ.കുഞ്ഞിമായൻ ഹാജിയായിരുന്നു. ഉപ്പിസാഹിബിനെക്കുറിച്ചുള്ള അന്വേഷണം ഓരോ കാലഘട്ടത്തിലും വ്യക്തിപ്രധാനികളിലേക്ക് നീളുന്നു.

ആദ്യത്തെ മുസ്ലിം ലിറ്ററേച്ചർ സൊസൈറ്റിയുടെ പ്രഥമ ചെയർമാനാവാൻ മാപ്പിള സാഹിത്യത്തിന്റെ തുഞ്ചൻ പറമ്പായ തലശ്ശേരിയിൽ ഭാഗ്യമുണ്ടായത് ഉപ്പി സാഹിബിന്നായിരുന്നു.

ജന്മി കുടുംബത്തിൽ നിന്ന് പുറപ്പെട്ട് മദിരാശിയിൽ ഉപരിപഠനം നടത്തി ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യ സമരത്തിലും പങ്കാളിയായി മദിരാശി അസംബ്ലിയിലെ മുസ്ലിം ലീഗ് ലീഡറായി, രാജാജി മന്ത്രിസഭക്ക് ഓക്സിജൻ നൽകി, കുടിയാന്മാരുടെയും കൃഷിക്കാരുടെയും ഭാഗത്ത് നിലയുറപ്പിച്ച് ഒട്ടേറെ അത്ഭുതങ്ങൾ സൃഷ്ടിച്ച ഉപ്പി സാഹിബിന്റെ കർമ്മനൈപുണ്യം മലബാറിന്റെ മുക്കുമൂലകളിൽ ഒട്ടൊന്നുമല്ല പ്രകാശം പരത്തിയത്.

സംഭവബഹുലമായ ആ ജീവിതത്തിന് തിരശ്ശീല വീണപ്പോൾ അനാഥമായത് ഒരു കാലഘട്ടത്തിന്റെ ചരിത്രമാണ്. ജീവിതാവസാനം വരെ അദ്ദേഹം മാറോടുചേർത്ത വിലപ്പെട്ട എത്രയോ പുസ്തകങ്ങൾ നഷ്ടപ്പെട്ടു. ആത്മകഥയോ ജീവചരിത്രമോ എഴുതിവെക്കാതിരുന്നതു കാരണം ചരിത്രമുത്തുകളും ലഭിച്ചില്ല.

സംഘടനാ പ്രവർത്തകരിൽ വായനാശീലം വളർത്താൻ കിണഞ്ഞു ശ്രമിച്ച ഉപ്പിസാഹിബിന്റെ വസതിയിലേക്ക് 'വിജ്ഞാനികൾ മരിക്കാറില്ലെന്ന' സന്ദേശവുമായാണ് ഏറ്റവും ഒടുവിൽ സി.എച്ച് എത്തിയത്.

മൂല്യാധിഷ്ഠിത രാഷ്ട്രീയ പ്രവർത്തനത്തിന്റെ മാതൃക അന്വേഷിക്കുന്ന യുവാക്കൾക്ക് ഉപ്പിസാഹിബിന്റെ ജീവചരിത്രം ഒരു പാഠ പുസ്തകമാണെന്ന് അഭിപ്രായപ്പെട്ടു കൊണ്ട് ഞാൻ ഇത് സമർപ്പിക്കട്ടെ.

കെ.പി.കുഞ്ഞിമ്മൂസ

മൈത്രി
കോഴിക്കോട്-3

mappilaheritagelibrary.com

കോട്ടാൽ ഉപ്പിസാഹിബ്

- ജീവിതരേഖ -

ജനനം	:	1891
ജന്മസ്ഥലം	:	കൂത്തുപറമ്പിനടുത്ത കോട്ടയം (കണ്ണൂർ ജില്ല)
പിതാവ്	:	മായൻ അധികാരി
വിദ്യാഭ്യാസം	:	തലശ്ശേരി മാപ്പിള സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, മുഹമ്മദൻസ് കോളേജ്, മദിരാശി, 1920 ൽ നിസ്സഹകരണ പ്രസ്ഥാനത്തിൽ ചേർന്നു.
വഹിച്ച സ്ഥാനങ്ങൾ	:	മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിൽ, സെൻട്രൽ അസംബ്ലി (1930), (സ്വരാജ് പാർട്ടി മെമ്പർ) കേരള മുസ്ലിം മജ്ലിസ് സിക്രട്ടറി, മുസ്ലിം ലീഗ് മെമ്പർ മദ്രാസ് ലെജി. കൗൺസിൽ (1947), മുസ്ലിം ലീഗ് അസംബ്ലി പർട്ടി ലീഡർ, മദ്രാസ് (1952), തലശ്ശേരി മുസ്ലിം ലിറ്ററേച്ചർ സൊസൈറ്റി മാനേജിംഗ് ഡയറക്ടർ, മാനേജർ ആയിഷാ ഹോസിയറി (ലിമി.) കൂത്തുപറമ്പ്, കോട്ടയം താലൂക്ക് മുസ്ലിം ലീഗ് പ്രസിഡന്റ്, കണ്ണൂർ ജില്ലാ ലീഗ് പ്രസിഡന്റ്
ഭാര്യ	:	കയ്യുമ്മ
മക്കൾ	:	മായൻ, മുഹമ്മദലി ഇബ്രാഹിംകുട്ടി കുഞ്ഞാമി കുഞ്ഞിപ്പാത്തു
മരണം	:	1972-മെയ് 11

mappilaheritagelibrary.com

കോട്ടയത്ത് ജനനം തലശ്ശേരിയിൽ പഠനം

പ്രപഞ്ചബോധവും ജീവബോധവും കാലബോധവും ചരിത്രബോധവും ഉൾക്കൊണ്ട സാമൂഹ്യ ഗുരുക്കന്മാർ തിങ്ങിത്താമസിച്ച പ്രദേശമാണ് തല ശ്ശേരി നിന്ന് ഏഴു നാഴിക കിഴക്കോട്ട് നീങ്ങി സ്ഥിതിചെയ്യുന്ന കോട്ടയം. തെറ്റ് ചെയ്താൽ ശിക്ഷിക്കുന്ന കോട്ടയം രാജാവിനേക്കാൾ മഹത്വം, കല്ലെ റിഞ്ഞാൽ പോലും പ്രതിഫലം കൊടുക്കുന്ന മാവുകൾക്കുണ്ടെന്ന് മനസ്സി ലാക്കിയവരായിരുന്നു കോട്ടയത്തുകാർ. ഉപയോഗപ്രദമല്ലാത്ത ഒരു വൃക്ഷവും ഭൂമിയിലില്ലെന്ന് അവർ വിശ്വസിച്ചു. തൊട്ടാവാടിയും തുളസിയും ആര്യവേപ്പും മാവും പിലാവും മുരിക്കും കറിവേപ്പിലയും പറങ്കിമാവും മുരിങ്ങയും തേക്കും തെങ്ങും കമുങ്ങും ആര്യാനന്ദയും അനുരന്ദയും മൈലാഞ്ചിയും നിറഞ്ഞു നിന്ന ഐശ്വര്യത്തിന്റെ മണ്ണിൽ ഏക്കറുകൾ സ്വന്തമുള്ള കോട്ടാൽ തറവാട് തലയുയർത്തിനിന്നു.

ധീര ദേശാഭിമാനി കോട്ടാൽ വലിയ ഉപ്പി സ്വജീവിതം കൊണ്ട് കോട്ടാൽ തറവാട്ടിന്റെ കേളി പരത്തിയതായി പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്. മതവും രാഷ്ട്രീയവും വൈദ്യവും സംസ്കാരവും സാഹിത്യവും ശാന്തമായ കോട്ടയം ഗ്രാമത്തിലെ കൂറ്റൻ തറവാടിന്റെ പൂമുഖത്ത് പടർന്നു പന്തലിച്ച നാളുകളാ യിരുന്നു അത്.

കോട്ടയത്തെ കോട്ടാൽ എന്ന ധനാഢ്യ കുടുംബത്തിലാണ് 1891 ൽ ബാലാരിഷ്ടതയെ അതിജീവിക്കാൻ സാധിക്കുമോ എന്ന് സംശയിക്കുന്ന ഒരു കുഞ്ഞ് പിറന്നു വീഴുന്നത്. പ്രതാപശാലിയായ തറവാട്ടുകാരണവരുടെ പേര് തന്നെ ഈ കുട്ടിക്കും വിളിച്ചു. ഉപ്പി. കുട്ടിയുടെ ആരോഗ്യത്തിന് തറവാട്ടു വളപ്പിലെ ആയുർവ്വേദ സസ്യങ്ങളാണ് പ്രധാനമായും ഉപയോഗപ്പെടുത്തി

യത്. തറവാട്ടിന്റെ അകത്തളത്തിലെ മാലയും ബൈത്തും കേട്ട് വളർന്ന ഉപ്പി പിച്ചവെച്ച് പൂമുഖത്ത് എത്തിയപ്പോൾ കണ്ട കാഴ്ച വല്ലാതെ ആകർഷിച്ചു നവോത്ഥാനത്തിന്റെ ഉജ്ജ്വല ദീപം കൊളുത്തിവെച്ചതിൽ നിന്ന് പ്രസരിച്ച പ്രഭ ഉപ്പിയെ വിസ്മയിപ്പിച്ചു.

കോട്ടാൽ തറവാട് കൂത്തുപറമ്പുകാർക്കും തലശ്ശേരിക്കാർക്കും എന്നും ഒരു വിസ്മയമായിരുന്നു. അവിഭക്ത കണ്ണൂർ ജില്ലക്കാകെ സേവനത്തിന്റെയും വിജ്ഞാനത്തിന്റെയും വെളിച്ചം പ്രദാനം ചെയ്ത ഒരു മഹാ ദീപസ്തംഭ മായി പരിലസിച്ച തറവാട്ടിൽ നിന്ന് കലാലയ വിദ്യാഭ്യാസത്തിനായി ഉപ്പി ഇറങ്ങിത്തിരിച്ചു. നിസ്വാർത്ഥവും നിഷ്കളങ്കവുമായ കഠിന യത്നത്തിലൂടെ മതവിദ്യാഭ്യാസം നടത്തിക്കൊടുക്കുന്ന സീതിമാരും സാക്ഷരതയുടെ സന്ദേ ശവുമായി എത്തിയ നാടൻ അദ്ധ്യാപകരും കൊളുത്തിക്കൊടുത്ത വിജ്ഞാ നത്തിന്റെ കൈത്തിരിയുമായാണ് ഉപ്പി തലശ്ശേരി പട്ടണത്തിലെത്തുന്നത്.

തലശ്ശേരി മാപ്പിള സ്കൂളിലാണ് ഉപ്പിസാഹിബ് പ്രഥമിക വിദ്യാഭ്യാസ ത്തിന് ചേർന്നതെന്ന് 'ഹൂയീസ് ഹൂ ഇൻ മലബാർ' രേഖപ്പെടുത്തുന്നു. സഹ പാഠികൾ ആരൊക്കെയായിരുന്നുവെന്ന് ഒരിടത്തും പറയുന്നില്ല. തലശ്ശേരി മാപ്പിള സ്കൂൾ ടൗൺ മാപ്പിള സ്കൂളാണെന്ന് ഉറപ്പിച്ചു പറയാനാവില്ല. സി. പി. മമ്മുക്കേയിയുടെ സഹോദരൻ സി.പി പോക്കുകേയിയും പിന്നീട് ഡിസ്ട്രിക്ട് റജിസ്ട്രാളായ ഒ.വി കോയാമുവും എൻ. കുഞ്ഞാലിഹാജിയും എം.പി.കെ.മമ്മുവുമൊക്കെ ടൗൺ മാപ്പിള സ്കൂളിൽ പഠിച്ച സ്ഥിതിക്ക് ഉപ്പി സാഹിബും അവിടെ പഠിക്കാനാണ് സാധ്യതയെന്ന് ഊഹിക്കാം. എന്നാൽ എ.കെ.ഖാദർകുട്ടി തുടങ്ങിയവർ ബി.ഇ.എം.പി. സ്കൂളിലായിരുന്നു പഠിച്ചത്.

തലശ്ശേരിയിലെ ആദ്യകാല വിദ്യാഭ്യാസ ചരിത്രവും കഥകളും പകർത്താൻ പ്രായം ചെന്നവരെ തേടി നടന്ന വിദ്യാർത്ഥി ജീവിതകാലത്ത് അവരിൽ നിന്നറിയാൻ കഴിഞ്ഞത് പ്രാഥമിക വിദ്യാഭ്യാസ കാര്യത്തിൽ പൂർവ്വികർ പ്രത്യേകം ശ്രദ്ധിച്ചിരുന്നുവെന്നാണ്. പ്രായാധിക്യവും രോഗവും കേൾവിക്കുറവുമുള്ളവർ ചരിത്ര പശ്ചാത്തലങ്ങൾ മറന്നു കഴിഞ്ഞിരുന്നു. കിട്ടിയ വസ്തുതകളിൽ സംശയങ്ങളുണ്ടാക്കുന്ന പലതിന്റെയും സത്യം തേടിപ്പോവേണ്ടി വന്നപ്പോൾ തലശ്ശേരിയുടെ വിദ്യാഭ്യാസ കാര്യത്തിൽ പഴ മക്കാർ ചെയ്തുപോന്ന പ്രവർത്തനങ്ങളുടെ രേഖകളോ പൂർവ്വകാല ചരി ത്രമോ വേണ്ടത്ര ലഭ്യമായതുമില്ല. എന്നാൽ തലശ്ശേരിയുടെ പ്രാന്തപ്രദേശ ങ്ങളിലുള്ളവർ വിദ്യാഭ്യാസത്തിന് തലശ്ശേരിയെ ആശ്രയിച്ചു എന്ന് തെളി ഞ്ഞു. ഉപ്പി സാഹിബും പ്രാഥമിക വിദ്യാഭ്യാസത്തിന് തലശ്ശേരി വന്നു താമ സിച്ചു എന്ന കാര്യവും ഉറപ്പായി.

***** ***** *****

mappilaheritagelibrary.com

അക്ഷരങ്ങൾ ശക്തിസ്രോതസ്സ്

ഒരുപിടി യാഥാസ്ഥിതികർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ എതിർക്കുകയും നരകത്തിന്റെ ഭാഷക്കെതിരെ ഫത്ത്വ നടത്തുകയും ചെയ്ത കാലഘട്ടത്തി ലാണ് ഉപ്പിയുടെ തലശ്ശേരിക്കുള്ള പഠനയാത്ര ആരംഭിച്ചത്. ഒരു പ്രദേശ ത്തിന്റെ ചരിത്രസ്മരണകളിൽ അത്യപൂർവ്വമായ ഒരദ്ധ്യായം ഇവിടെ കൂട്ടി ച്ചേർക്കപ്പെടുന്നു. മറക്കാൻ കഴിയാത്ത ഒരു ഇതിഹാസമായി മാറുകയായി രുന്നു ഉപ്പിയുടെ പഠനം.

കല്പവൃക്ഷങ്ങൾ നിറഞ്ഞുനിൽക്കുന്ന ഗ്രാമത്തിൽ നിന്ന് കടൽപാല ത്തിന്റെ നാട്ടിലേക്ക് പഠിക്കാനെത്തിയ ഉപ്പി അറബിക്കഥയിലെ രാജകുമാര നെപ്പോലെ ഒരു ഇതിഹാസ പുരുഷനായി മാറുകയായിരുന്നു. കൃശഗാത്രനും സൗമ്യശീലനുമായിരുന്ന ഈ വിദ്യാർത്ഥിയുടെ പ്രധാന ഹോബി പുസ്ത കവായനയായിരുന്നു. കിട്ടുന്ന പുസ്തകം പല ആവർത്തി വായിക്കും. പ്രധാന ഭാഗങ്ങൾ അടയാളപ്പെടുത്തി വെക്കും. പുസ്തകം നിധിപോലെ സൂക്ഷി ക്കുകയും ചെയ്യും.

സമുദായ പരിഷ്കർത്താവിന്റെയും ദേശീയ രാഷ്ട്രീയ നേതാവിന്റെയും ദൗത്യവാഹകനായി മാറിയ ഉപ്പി വിദ്യാർത്ഥി ജീവിത കാലത്തു തന്നെ രാഷ്ട്രീ യവും സാമൂഹികവും മതപരവും വൈജ്ഞാനികവുമായ നവോത്ഥാന സ്വപ്നങ്ങളെ താലോലിച്ചു. സഹപാഠികളുടെ അംഗീകാരവും ആദരവും നേടിക്കൊണ്ടിരിക്കുമ്പോഴും വിനയവും ലാളിത്യവും അദ്ദേഹം കൈ വിട്ടി ല്ല. ഉപ്പി എന്ന വിദ്യാർത്ഥി അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഉള്ളിന്റെ ഉള്ളിൽ ചെലുത്തിയ സ്വാധീനം ഏറെ ശക്തമായിരുന്നു. ക്ലേശ ഭൂയിഷ്ഠമായ സാധനയിലൂടെ വിദ്യാധനം സർവ്വധനാൽ പ്രധാനമാക്കിയ ഉപ്പിയെപ്പറ്റി കേട്ടവരിൽ പോലും ആദരവ് ഉറഞ്ഞുകൂടി.

നിരക്ഷരതയുടെ കരിങ്കൽപ്പാറകൾ പൊട്ടിക്കുകയും സേവനങ്ങളുടെ തണൽമരങ്ങൾ നട്ടു പിടിപ്പിക്കുകയും മതജാതി കക്ഷിചിന്തകളുടെ അതിർവരമ്പുകൾക്കതീതമായി മനുഷ്യനെ കാണാൻ ശ്രമിക്കുകയും ചെയ്ത ഉപ്പിയുടെ ശക്തിസ്രോതസ്സ് അക്ഷരങ്ങളായിരുന്നു. ജീവിതദൗത്യം ജനസേവനവും.

തലശ്ശേരിയിലെ ബ്രണ്ണൻ കോളേജിന് മുൻവശമായിരുന്നു ഉപ്പി സാഹിബ് താമസിച്ചിരുന്നത്. 1847 ജൂൺ മാസത്തിൽ ഇല്ലിക്കുന്നിൽ നിന്ന് നിഘണ്ടു കർത്താവ് ഗുണ്ടർട്ടിന്റെ മേൽ നോട്ടത്തിൽ പ്രസിദ്ധീകരിച്ച 'രാജ്യസമാചാരവും' അതേ വർഷം ഒക്ടോബറിൽ പ്രസിദ്ധീകരിച്ച പശ്ചിമോദയവും ഉപ്പി സാഹിബ് ഗവേഷണ ബുദ്ധ്യാ പരിശോധിച്ചു. കേരളത്തിൽ നിന്ന് പുറപ്പെട്ട ആദ്യത്തെ പത്രങ്ങൾ മതകാര്യങ്ങൾ മാത്രം പ്രതിപാദിക്കുന്നതാണെന്ന തിരിച്ചറിവ് ഉണ്ടായപ്പോൾ അച്ചടി മാധ്യമങ്ങൾ ശേഖരിക്കൽ ഉപ്പി എന്ന വിദ്യാർത്ഥി പ്രധാന ഹോബിയാക്കി. തിരുവിതാംകൂർ കോട്ടയം സി.എം.എസ്. പ്രസ്സിൽ നിന്ന് പ്രസിദ്ധീകരിച്ച ജ്ഞാന നിക്ഷേപം (കേരളത്തിലെ മൂന്നാമത്തെ പത്രമാണിത്) സി.എം.എസ് കോളേജ് വക പുറപ്പെട്ട 'വിദ്യാസംഗ്രഹം' മാസിക, 1867 ൽ സി.എം.എസ് പ്രസ്സിൽ നിന്നും പുറപ്പെട്ട 'സന്ദിഷ്ടവാദി' എന്നിവ ഈ വിദ്യാർത്ഥിയുടെ ശേഖരത്തിൽ സ്ഥാനം പിടിച്ചു. ദിവാൻ മാധവരായരുടെ രാജ്യഭരണത്തെ വിമർശിച്ചതിനെ തുടർന്ന് 'സന്ദിഷ്ടവാദി' നിരോധിക്കപ്പെട്ട കാര്യം ഉപ്പി സാഹിബ് ഡയറിയിൽ കുറിച്ചുവെച്ചു. കേരളത്തിലെ പത്ര പ്രവർത്തന ചരിത്രത്തിൽ ആദ്യമുണ്ടായ നിരോധനമായിരുന്നു അത്.

1881 ൽ ദേവജി ഭീമജി എന്ന മാതൃഭാഷ മലയാളമല്ലാത്ത ഒരു ഗുജറാത്തിക്കാരൻ സ്വതന്ത്രമായ ഒരു മലയാള പത്രം നടത്തിയതും പതിനഞ്ചു വർഷം അതു മുടങ്ങാതെ പ്രസിദ്ധീകരിച്ചതും ഉപ്പി സാഹിബിന് മറ്റൊരു കൗതുകമായിരുന്നു. വിശാഖം തിരുനാൾ മഹാരാജാവ്, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ എന്നിവരുടെ സഹകരണത്തോടെ തിരുവനന്തപുരത്ത് നിന്ന് വിദ്യാവിലാസിനി സാഹിത്യ മാസിക ഇറങ്ങിയതും അദ്ദേഹം കുറിച്ചു വെച്ചു.

തന്റെ ജനനകാലം മുതൽ ഒരു പതിറ്റാണ്ട് ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വേലിയേറ്റമുണ്ടായതും ആ വിദ്യാർത്ഥിയിൽ അത്ഭുതം പരത്തി. താൻ ജനിച്ച കൊല്ലമാണ് കോഴിക്കോട് നിന്ന് 'ഭാരതീ വിലാസവും' പിറ്റേ വർഷമാണ് 'മനോരമ'യും, 'ഭാരതപത്രിക'യും 'മലയാളവിനോദിനി'യും അതിൽ പിന്നെ 'മലങ്കരസഭാതാരക'യും 'ഭാഷാപോഷിണി'യും 'മലബാർ ഗസറ്റു'മൊക്കെ ഇറങ്ങിയതെന്ന് അഭിമാനത്തോടെ അയവിറക്കാൻ ഇതിന്റെ കോപ്പികളൊക്കെ ഉപ്പി സാഹിബ് ശേഖരിച്ചു.

1890-ൽ നാദാപുരത്തുനിന്ന് പ്രസിദ്ധീകരിച്ച 'ജനരഞ്ജിനി'യുടെയും 1894-ൽ നാദാപുരത്തു നിന്നു തന്നെ പുറപ്പെട്ട കവനോദയത്തിന്റേയും പ്രതികൾ കോട്ടാൽ തറവാട്ടിൽ നിന്നു തന്നെ ഈ വിദ്യാർത്ഥിക്ക് ലഭിച്ചു.

mappilaheritagelibrary.com

പ്രസിദ്ധീകരണങ്ങൾ എവിടെ നിന്നായാലും വരിക്കാരെ ചേർക്കാനും പണം പിരിക്കാനും ചിലർ വടക്കോട്ട് യാത്ര ചെയ്തിരുന്നുവെന്നും അവരൊക്കെ കോട്ടയം താലൂക്കിലെ തറവാട്ടു വീടുകളിൽ കയറി ഇറങ്ങിയിരിന്നുവെന്നും ഉപ്പി സാഹിബിന് ബോധ്യപ്പെട്ടു.

കോട്ടാൽ തറവാട്ടിൽ നിന്നും രണ്ടു പുരയിൽ നിന്നും അമ്പലത്തറ, മരീക്കരാട, എന്നീ തറവാട്ടു വീടുകളിൽ നിന്നും ഉപ്പിസാഹിബ് ശേഖരിച്ച പ്രസിദ്ധീകരണങ്ങളിൽ കുന്നംകുളത്തെ കേരള സന്ദർശിനിയും കൊച്ചിയിലെ മുഹമ്മദീയ പരോപകാരിയും പട്ടാമ്പിയിലെ 'സഹൃദയോല്ലാസിനിയും' തൃശൂരിലെ 'വിനോദമാലിക'യും ഉൾപ്പെട്ടിരുന്നു. ഇതിന്റെ പ്രതികൾ ഉപ്പി സാഹിബ് ചെയർമാനായി രൂപീകരിച്ച മുസ്ലിം ലിറ്ററേച്ചർ സൊസൈറ്റിയുടെ തലശ്ശേരി ഓഫീസിലും മുസ്ലിം ക്ലബ്ബിലും ഒരു കാലത്ത് സൂക്ഷിച്ചിരുന്നതായി മുസ്ലിം ക്ലബിന്നടുത്ത് തയ്യൽകട നടത്തിയ തലശ്ശേരി ചന്ദ്രികാ ലേഖകൻ സി.എച്ച്.മൊയ്തു അനുസ്മരിച്ചിട്ടുണ്ട്.

മൂർക്കോത്ത് കുമാരന്റെ പത്രാധിപത്യത്തിൽ തലശ്ശേരിയിൽ നിന്ന് 'മിതവാദി' ആരംഭിക്കുമ്പോൾ ഉപ്പി സാഹിബിന് പതിനാറ് വയസ്സായിരുന്നു. കേരളത്തിലെ ഏറ്റവും നല്ല പത്രങ്ങളിൽ ഒന്നായ മിതവാദി വായിച്ചു വളരാനുള്ള സൗഭാഗ്യം ലഭിച്ചതിൽ ആ വിദ്യാർത്ഥി ഏറെ ആഹ്ലാദിച്ചു. ന്യായമാർഗ്ഗത്തിൽ നിന്ന് തെറ്റി നടക്കുന്നവരെ മിതവാദി വെറുതെ വിടാറില്ലത്രെ. മിതവാദിയുടെ ഉടമസ്ഥനായ പൗരപ്രമാണി ടി.ശിവശങ്കരൻ കോട്ടാൽ തറവാട്ടിൽ ചെന്ന് കാരണവന്മാരെ കാണാനും സാധ്യതയേറുന്നു. 'മനോരമ'യുടെ ലേഖകനായിരുന്ന മൂർക്കോത്ത് കുമാരൻ 1905 ൽ ബനാറസ്സിലെ കോൺഗ്രസ്സ് യോഗത്തിൽ പങ്കെടുത്തിരുന്നു. പ്രസിഡന്റ് ഗോഖലെ ഭാരത നേതാക്കളെ മിതവാദികളെന്നും അമിതവാദികളെന്നും തരം തിരിച്ചു. ആദ്യം പറഞ്ഞ കക്ഷിയുടെ നയം ഹൃദ്യമായി തോന്നിയതിനാലാണ് ഈ പേരിൽ ഒരു പത്രം തുടങ്ങാൻ കുമാരൻ ശിവശങ്കരനോട് ആവശ്യപ്പെട്ടത്.

പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ട ഉപ്പി എന്ന വിദ്യാർത്ഥി ആദ്യമായി വായിച്ച നോവൽ ഒ.ചന്തുമേനോന്റെ ഇന്ദുലേഖയായിരുന്നു. റാവു ബഹദൂർ ഒ.ചന്തുമേനോനെ ഉപ്പി സാഹിബ് നേരിൽ കണ്ടിട്ടില്ല. 1899 സപ്തംബർ ഏഴിന് ചന്തുമേനോൻ ദിവംഗതനാവുമ്പോൾ ഉപ്പി സാഹിബിന് കേവലം ഏഴു വയസ്സേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ചന്തുമേനോനെക്കുറിച്ച് പഠിക്കാൻ ഉപ്പി സാഹിബ് പ്രത്യേക താല്പര്യമെടുത്തു. റാവുബഹദൂർ ഒ.ചന്തുമേനോൻ പരപ്പനങ്ങാടി കോടതിയിൽ മുൻസീഫ് ആയിരിക്കുമ്പോഴാണ് രചന ആരംഭിച്ചത് എന്ന് ഉപ്പി സാഹിബ് കണ്ടെത്തി. പൊന്നാനിയിലും ചന്തുമേനോൻ മുൻസീഫായിരുന്നു. കോടതി ഗുമസ്തൻ, മുൻഷി, ഹെഡ് മുൻഷി, സബ്ജഡ്ജി, ജഡ്ജി എന്നീ ഉദ്യോഗങ്ങളിൽ ചന്തുമേനോൻ ഇരുന്നതിന്റെ രേഖകൾ ചരിത്ര വിദ്യാർത്ഥിയുടെ കൗതുകത്തോടെ ഉപ്പി സാഹിബ് പരതിയെടുത്തിട്ടുണ്ട്. പ്രഗത്ഭ ചരിത്രകാരനും, ചന്ദ്രിക കോഴിക്കോട്ടേക്കു മാറ്റിയപ്പോൾ പത്രാധി

പത്യമേറ്റെടുത്ത പൊന്നാനിക്കാരൻ കെ.വി അബ്ദുറഹിമാൻ സാഹിബാണ് ഈ കാര്യത്തിൽ ഉപ്പിസാഹിബിനെ അകമഴിഞ്ഞു സഹായിച്ചത്.

ബ്രണ്ണൻ കോളേജിൽ പഠിക്കുന്ന കാലത്ത് ഉപ്പി സാഹിബിന്റെ പൊന്നാനി സന്ദർശനം ഒരു പഠന യാത്രയായിരുന്നു. പൊന്നാനിയിൽ പ്രഥമ പഞ്ചായത്ത് ബോർഡ് രൂപീകരിച്ചപ്പോൾ ഖാൻ സാഹിബ് ആറ്റക്കോയ തങ്ങളായിരുന്നു പ്രസിഡന്റ്, ബ്രിട്ടീഷ് മലബാറിലെ കോടതികളിൽ ഏറ്റവും കൂടുതൽ അധികാരപരിധിയുള്ളതായിരുന്നു അക്കാലത്തെ പൊന്നാനി മുൻസീഫ് കോടതി. സ്വതന്ത്ര രാജ്യങ്ങളേയും നാട്ടുരാജ്യങ്ങളേയും ഏകീകരിച്ച് കേന്ദ്ര ഭരണ സമ്പ്രദായം ഏർപ്പെടുത്തിയതും പടിഞ്ഞാറ് അറബിക്കടൽ അതിരിട്ട താലൂക്കിന്റെ ഘടനയുമൊക്കെ പൊന്നാനി താലൂക്കും കോട്ടയം താലൂക്കുമായുള്ള അടുപ്പത്തിന്റെ ചിഹ്നങ്ങളായി വിദ്യാർത്ഥി കണക്കിലെടുത്തു. പൊന്നാനിയിലെ പാലക്കൽ, കണ്ടത്തിൽ വീടുകളിലെ കോടതി പ്രവർത്തനവും കോട്ടയത്തെ കോട്ടാൽ, മല്ലാട്ടി വീടുകളിലെ കുടുംബകോടതി തീർപ്പും പൊന്നാനി ആസ്ഥാനമായുള്ള ആദ്യ താലൂക്കായ കൂറ്റനാടും പഴയ തലശ്ശേരി താലൂക്കായ കോട്ടയവും തമ്മിലുള്ള അടുപ്പം വ്യക്തമാക്കുന്നു. മലബാറിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പൊന്നാനിക്ക് അന്ന് മറ്റൊരു പ്രത്യേകത കൂടിയുണ്ടായിരുന്നു. കേരളത്തിൽ ഏകീകൃത ഇസ്ലാം മതപഠനം (ദർസ്) എന്ന ആശയത്തിന്റെ ആരംഭം അവിടെയായിരുന്നു. പ്രശസ്ത ഇസ്ലാം മത കർമ്മ ശാസ്ത്ര ഗ്രന്ഥം ഫത്തഹുൽ മുഈനിന്റേയും ചരിത്ര ഗ്രന്ഥം തുഹഫത്തുൽ മുജാഹിദിന്റെയും രചനയും ആധുനിക മലയാള ഭാഷയുടെ പിതാവ് തുഞ്ചത്തെഴുത്തച്ഛന്റെ ആദ്ധ്യാതമിക രചനകളുടെ ഉത്ഭവവും പൊന്നാനിയായിരുന്നു. ഈ അക്ഷരസ്നേഹം പൊന്നാനി തലശ്ശേരി ബന്ധത്തിന്റെ അകലം ഏറെക്കുറച്ചു.

പൊന്നാനിയുടെയും തലശ്ശേരിയുടെയും പൂർവ്വകാല പ്രതാപമറിയാൻ ഉപ്പി എന്ന വിദ്യാർത്ഥി ബുക്കാനന്റെ സഞ്ചാര ഡയറി പരതിപ്പിടിച്ചു വായിച്ചു. ഉപ്പി സാഹിബ് വിദ്യാർത്ഥി ജീവിതകാലത്ത് ഏറെ വായിച്ചതും സഞ്ചാര ഡയറിയായിരുന്നു.

മദിരാശി നിയമനിർമ്മാണ സഭയിൽ അംഗമായിരിക്കെ ഉപ്പി സാഹിബ് പഴയ എം.എൽ.എ ക്വാട്ടേഴ്സിലാണ് താമസിച്ചത്. അര ഗ്ലാസ് ഹോർലിക്സും രണ്ടു ബിസ്ക്കറ്റുമായിരുന്നു പ്രാതൽ. വരുന്നവർക്കും ഇതു നൽകും. അറുപതുകളുടെ ആദ്യത്തിൽ ജോലി തേടി മദിരാശിയിലെത്തിയ ഉപ്പി സാഹിബിന്റെ ബന്ധുവും കതിരൂർ സ്വദേശിയുമായ റിട്ട. പോലീസ് സൂപ്രണ്ട് സി.കെ മുഹമ്മദിനോട് യാത്രാവിവരണ ഗ്രന്ഥങ്ങൾ വായിക്കാനാണ് ഉപ്പി സാഹിബ് ഉപദേശിച്ചത്. പൂർവ്വകാല പ്രതാപം അറിയുക മാത്രമല്ല ഓരോ നാടിന്റെയും ജീവിതരീതിയും ജനങ്ങളുടെ സംസ്കാരവും അറിയാൻ ഇതുപകരിക്കും. ഫ്രാൻസിസ് ബുക്കാന്റെ സഞ്ചാരഡയറിയിലെ ചില ഖണ്ഡികകൾ അദ്ദേഹം മുറിച്ചെടുത്തു സൂക്ഷിച്ചിരുന്നു. പൊന്നാനിയെയും തലശ്ശേരിയെയും കുറിച്ച് വിവരിക്കുന്ന ആ ഭാഗം അദ്ദേഹത്തെ ഹഠാദാകർഷിച്ചിരിക്കാം.

mappilaheritagelibrary.com

"1800 ഡിസംബർ 14- ഒരു നദിയുടെ തെക്കേതീരത്താണ് പൊന്നാനി പട്ടണം. തദ്ദേശിയരിൽ ചിലർ "പൊന്നാനി വായ്ക്കൽ" എന്നു വിളിക്കും. സമ്പന്നരുടെ ഏതാണ്ട് നല്ല അഞ്ഞൂറു വീടുകളും പാവപ്പെട്ട തൊഴിലാളികളുടെ ആയിരത്തോളം ചെറുകുടിലുകളും ഇവിടെയുണ്ട്. വീടുകൾ അധികവും കല്ലുകൊണ്ട് നിർമ്മിച്ച ഇരു നിലകെട്ടിടങ്ങളാണ്. ഇവ പല ഭാഗത്തായി സ്ഥിതിചെയ്യുന്നു. ആകെ നാൽപതു പള്ളികൾ. വീടുകളും പള്ളികളും ഓലകൊണ്ട് മേഞ്ഞവയാണ്. വാസ്തു ശില്പ കലയിൽ നിർമ്മിച്ച പള്ളിയുടെ കിഴക്കെ കവാടങ്ങൾക്ക് മുകളിൽ മേൽപുര അവസാനിക്കുന്നു. കുടിലുകൾ അധികവും ഹൈന്ദവരായ മത്സ്യത്തൊഴിലാളികളുടേതാണ്. ഇവരിൽ അധികവും ഇപ്പോൾ മുസ്ലിംകളായി മാറിയിരിക്കുന്നു. ഇവിടുത്തെ ധനാഢ്യർ അമ്പതു വർഷം മുമ്പുവരെ ബംഗാൾ, സൂറത്ത്, ചെന്നെ, മക്ക തുടങ്ങിയ ഇടങ്ങളിലേക്ക് ചരക്കുകൾ കയറ്റി അയക്കുന്ന ചെറിയ കപ്പലുകളുടെ ഉടമകളായിരുന്നു. ഇപ്പോൾ ഇവർ തലശ്ശേരിയിലെ വ്യവസായ പ്രമുഖൻ മൂസക്കേയിയുടെ ഏജന്റായി പ്രവർത്തിക്കുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ധാരാളം കപ്പലുകൾ ഇവിടെ വരുന്നു"

മദിരാശി ട്രിപ്ലിക്കെനിലെ വാലാജാറോഡിൽ പഴയ എം.എൽ.എ ക്വാട്ടേഴ്സിൽ ട്രാവലോഗിന്റെ മഹത്വം വിളംബരം ചെയ്തിരുന്ന ഉപ്പി സാഹിബിനെ കണ്ട രംഗം സി.കെ മുഹമ്മദിന് മറക്കാനാവുന്നില്ല. കോറനേഷൻ ഡർബാറിലെ അഞ്ചുപൈസയുടെ സമൂസയും ഒരു ഗ്ലാസ് ഹോർലിക്സും സൽക്കരിച്ച് ഉപ്പി സാഹിബ് നൽകിയ ഉപദേശം വായിക്കുന്നുവെങ്കിൽ ട്രാവലോഗ് വായിക്കണമെന്നാണ്. മുസ്ലിം ലീഗിന്റെ പട്ടികജാതി മെമ്പർ എം.ചടയന്നും ഉപ്പിസാഹിബായിരുന്നു അത്താണി. ഏതു സമയവും ചടയന് ഉപ്പിസാഹിബ് ക്ലാസെടുക്കുമെന്ന് സി.കെ.ഓർമ്മിക്കുന്നു. എ.കെ ഇബ്രാഹിം ഹാജി നടത്തുന്ന നാഷണൽ കഫെയിൽ നിന്നാണ് ഉപ്പിസാഹിബ് ഊൺ വരുത്തുക. അയില പൊരിച്ചതിനോട് ഉപ്പിസാഹിബിന് വലിയ ഇഷ്ടമായിരുന്നു. പ്രധാന കാരണം അയില പൊരിച്ചത് മാത്രമേ അവിടെ ഉണ്ടാവുകയുള്ളൂ എന്നതു തന്നെ.

അക്കാലത്താണ് ഉപ്പി സാഹിബിന്റെ ഏറ്റവും വലിയ കണ്ടുപിടുത്തത്തെക്കുറിച്ച് മലയാളികളിൽ സംസാര വിഷയമാവുന്നത്. മലബാർ ഭാഗത്ത് ടെലഗ്രാഫ് പോസ്റ്റിന്റെ ജനയിതാവ് ഉപ്പി സാഹിബായിരുന്നുവത്രെ.

ഉപ്പി സാഹിബിന്റെ ഉപ്പ മായൻ അധികാരിയെപ്പറ്റിയും മല്ലാട്ടി, കോട്ടാൽ, അമ്പലത്തറമ്മൽ പള്ളിയത്ത് തറവാടുകളെക്കുറിച്ചും ഏറെ പറഞ്ഞു കേട്ട വിവരം സി.കെ.മുഹമ്മദിന്റെ സഹധർമ്മിണിയും കതിരൂരിലെ സി.വി അബൂബക്കർ ഹാജിയുടെ മകളുമായ വി.എം. സുഹറ ഓർമ്മിക്കുന്നു. സുഹറയുടെ വല്യുമ്മ പലപ്പോഴായി പറഞ്ഞുകൊടുത്ത അനുഭവ വിവരങ്ങൾ കോട്ടാൽ തറവാട്ടിനെക്കുറിച്ച് നിറം മങ്ങാത്ത ചിത്രമായി മനസ്സിൽ പതിഞ്ഞു. ഉപ്പിസാഹിബിന്റെ സഹോദരൻ മമ്മദ് ഹാജിയുടെ തലക്കാണത്ത് നിന്ന് കതിരൂരിലേക്കുള്ള വരവും പ്രസിദ്ധ വിഷഹാരിയായ മമ്മദ് ഹാജി

യുടെ സ്വാധീനവും വടക്കയിൽ മണ്ടോത്ത് തറവാട്ടിനെ സമ്പന്നമാക്കിയ തായി അബൂബക്കർ ഹാജിയുടെ മക്കൾ ഓർക്കുന്നു. ഉപ്പി സാഹിബിന്റെയും മമ്മദ്ഹാജിയുടെയും ഉപ്പ ഒന്നും ഉമ്മ രണ്ടുമാണ്.

തലശ്ശേരി ബ്രണ്ണൻ കോളേജിലെ പഠിപ്പ് പൂർത്തിയാക്കിയ ശേഷം മദിരാശി മുഹമ്മദൻസ് കോളേജിലാണ് ഉപ്പി സാഹിബ് ചേർന്നത്.

നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും ആരംഭിച്ച കാലഘട്ടമായിരുന്നു അത്. മതാഭിമാനികളും ദേശാഭിമാനികളുമായ വിദ്യാർത്ഥികളോടൊപ്പം അദ്ദേഹം കോളേജ് ബഹിഷ്കരിച്ചു.

ഇരുപതുകളുടെ ആദ്യത്തിലാണ് ഇദം പ്രഥമമായി മദിരാശി നിയമ നിർമ്മാണ സഭയിലേക്ക് ഉപ്പി സാഹിബ് മത്സരിക്കുന്നത്. വ്യവസായ പ്രമുഖനായ എ.കെ.കുഞ്ഞിമായൻ ഹാജിയായിരുന്നു ഇതിന്നു പിന്നിൽ. ഉപ്പി സാഹിബിനെ രാഷ്ട്രീയ രംഗത്തും പൊതു രംഗത്തും തിളങ്ങുന്ന താരമാക്കുന്നതിൽ കുഞ്ഞിമായൻ ഹാജി വഹിച്ച പങ്ക് വളരെ വലുതായിരുന്നു. ഹാജി സാഹിബിന്റെ സഹോദരിയായിരുന്നു ഉപ്പിസാഹിബിന്റെ സഹധർമ്മിണി.

***** ***** *****

mappilaheritagelibrary.com

അർഹതയ്ക്ക് അംഗീകാരം

മദിരാശിയിലെ നിയമനിർമ്മാണ സഭയിലേക്കുള്ള കന്നിവിജയം അർഹതയ്ക്ക് അംഗീകാരമായതോടെ കേന്ദ്ര നിയമസഭയിലേക്കും ഉപ്പിസാഹിബിനെ തന്നെയാണ് തെരെഞ്ഞെടുത്തത്.

മലബാർ മുസ്ലിംകൾ തെരെഞ്ഞെടുപ്പ് എന്ന് കേൾക്കാൻ തുടങ്ങിയത് മുതൽ ഉപ്പി സാഹിബിന്റെ പേരാണ് അതിനോടനുബന്ധിച്ചു കേട്ടതെന്ന് പ്രമുഖ പത്രപ്രവർത്തകനും ലീഗ് ചരിത്രകാരനുമായ എം. ആലിക്കുഞ്ഞി 1958-ലെ കണ്ണൂർ ജില്ലാ മുസ്ലിം ലീഗ് സോവനീറിൽ രേഖപ്പെടുത്തുന്നു.

നിയമനിർമാണ സഭയിലേക്ക് പ്രത്യേക പ്രാതിനിധ്യ വ്യവസ്ഥയനുസരിച്ച് നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ മലബാറിലെ മുസ്ലിംകൾക്ക് രണ്ടു പ്രതിനിധികളെയായിരുന്നു തെരഞ്ഞെടുക്കേണ്ടിയിരുന്നത്. ജില്ലാടിസ്ഥാനത്തിൽ നടന്ന തെരെഞ്ഞെടുപ്പിൽ ഉപ്പിസാഹിബും ടി.എം.മൊയ്തു സാഹിബുമാണ് വിജയിച്ചത്. തെക്കേ മലബാറുകാരിൽ ഏറെ കൗതുകം പരത്തിയത് ഉപ്പി എന്ന പേരായിരുന്നു. ആ പേർ അവർ അതിന്ന് മുമ്പ് കേട്ടിട്ടില്ലത്രെ.

നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ആഹ്വാനം മാനിച്ച് കോളേജ് വിട്ടിറങ്ങിയ ഉപ്പി സാഹിബ് സ്വദേശമായ കോട്ടയത്ത് എത്തിയ ഉടനെയാണ് കുഞ്ഞിമായൻ ഹാജി സ്ഥാനാർത്ഥിയാക്കിയതെന്ന്. ഉപ്പി സാഹിബ് തന്നെ പറഞ്ഞിട്ടുണ്ട്

മലബാർ ലഹള കഴിഞ്ഞതോടെ മാപ്പിളമാർ ദുരിതത്തിലകപ്പെടുകയും കിരാതമായ മർദ്ദന മുറകൾ സഹിക്കേണ്ടി വരികയും ചെയ്തപ്പോഴാണ് ബ്രിട്ടീഷ് അധികാരികൾക്കു നേരെ ഉപ്പിസാഹിബ് ധീരധീരം പൊരുതാൻ നിയമസഭ ഉപയോഗപ്പെടുത്തിയത്.

അനാഥരും അവശരും അശരണരുമായ നൂറുകണക്കിൽ മാപ്പിള സ്ത്രീകളെയും കുട്ടികളെയും അന്തമാനിലേക്ക് നിർബന്ധമായി നാടുകടത്തുന്ന നടപടി മദിരാശി ഗവർമെന്റ് കൈക്കൊണ്ടപ്പോൾ അതിനെതിരെ ഉപ്പി സാഹിബ് സഭയിൽ പൊട്ടിത്തെറിച്ചു. അനീതിയും അന്യായവും നിന്ദ്യവും നിഷ്ഠൂരവുമാണിതെന്നും മുസ്ലിം സമുദായം ഇത് പെറുക്കില്ലെന്നും ശക്തിയായി വാദിച്ച ഉപ്പിസാഹിബ് സഭക്കകത്തും പുറത്തും ശ്രദ്ധിക്കപ്പെട്ടു. ഇതോടെ ബ്രിട്ടീഷ് അധികാരികൾ ഞെട്ടിത്തെറിച്ചു. ഹോം മെമ്പറായിരുന്ന സർ മന്ദത്ത് കൃഷ്ണൻ നായരെ പോലെയുള്ള മിതവാദികളും ഉപ്പി സാഹിബിന്റെ ഭാഗത്തു ചേർന്നു. ഉപ്പി സാഹിബിന്റെ നയങ്ങളെ പിന്താങ്ങിക്കൊണ്ട് കൃഷ്ണൻ നായരും ആന്ധ്രയിലെ രാഷ്ട്രീയ നേതാവ് സി.ആർ റെഡ്ഡിയും മദിരാശിയിലെ സത്യമൂർത്തിയും സഭയിൽ പ്രസംഗിച്ചു. അപകടകാരിയായ കൊച്ചു മനുഷ്യൻ എന്നാണ് ഉപ്പിസാഹിബിനെ യൂറോപ്യനായ ഹോം മെമ്പർ വിശേഷിപ്പിച്ചത്. ഉപ്പിസാഹിബിന്റെ നിയമസഭാ പ്രവർത്തനത്തിന്റെ അഭിമാനകരമായ അദ്ധ്യായം ഇവിടെ അവസാനിക്കരുതെന്ന് മുസ്ലിം സമുദായത്തിന് നിർബന്ധമുണ്ടായിരുന്നു. 1926 ൽ എതിരില്ലാതെയാണ് ഉപ്പി സാഹിബ് മദിരാശി നിയമസഭയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ടത്. പ്രഗത്ഭ പാർലമെന്റേറിയനും സമുദായസ്നേഹിയും മാതൃകാജീവിതം നയിച്ച പൊതു ജനസേവകനുമായിരുന്ന ഉപ്പി സാഹിബിനെപ്പറ്റി പുതിയ തലമുറയ്ക്ക് അറിവു പകരാൻ സംവിധാനമൊന്നുമുണ്ടായിരുന്നില്ല.

ഉത്തരകേരളത്തിന്റെ രാഷ്ട്രീയ ചരിത്രം വിശകലനം ചെയ്യുന്ന പ്രമുഖ ദിനപത്രങ്ങളും പാർട്ടി പത്രങ്ങളും ഒരു വാക്ക് പോലും ഉപ്പിസാഹിബിനെക്കുറിച്ച് പറയാതായ ഘട്ടത്തിലാണ് അദ്ദേഹത്തിന്റെ ജീവചരിത്രം തേടിപ്പിടിക്കുന്നത്.

മദിരാശി മുഖ്യമന്ത്രി സി.രാജഗോപാലാചാരിയും ഗവർണ്ണർ ശ്രീ പ്രകാശുമൊക്കെ വാനോളം പുകഴ്ത്തുകയും സ്നേഹപൂർവ്വം ഓർക്കുകയും ചെയ്ത ഉപ്പി സാഹിബിനെ ഇഷ്ടപ്പെടുന്നവർ ഈ കൊച്ചു കേരളത്തിൽ ധാരാളം ഉണ്ടായിരുന്നുവെങ്കിലും ഒരു പുസ്തകത്തിൽ ഉപയോഗിക്കേണ്ട വിവരങ്ങൾ നൽകാൻ ആർക്കും സാദ്ധ്യമായില്ല.

എന്റെ കൗമാര-യൗവന ദശകളിലെ തേജസ്സ് നിറഞ്ഞ ഒരു സ്മൃതി ചരിത്രമാണിപ്പോൾ ഉപ്പി സാഹിബ്. കുട്ടിക്കാലത്ത് വീട്ടിൽ പോക്കർ സാഹിബിനേയും സീതി സാഹിബിനേയും മറ്റും നിത്യം ഓർത്തു പറയുന്ന അന്തരീക്ഷമുണ്ടായിരുന്നു. അതിൽ എന്നും തിളങ്ങി നിന്നിരുന്ന ഒരു വ്യക്തിയായിരുന്നു ഉപ്പി സാഹിബ്.

അദ്ദേഹത്തോടൊപ്പം ഒന്നു രണ്ടു തവണ പ്രസംഗ വേദിയിൽ ഞാനുമുണ്ടായിരുന്നു. ഇന്നും എന്നെ ഉത്തേജിപ്പിക്കുന്ന അഭിമാനാവഹമായ ഒരു ഓർമ്മയാണ് അതെനിക്ക്.

മറക്കാനാവാത്ത കാന്തശക്തി കലർന്ന ഉപ്പി സാഹിബിന്റെ വ്യക്തി

mappilaheritagelibrary.com

ജീവിതത്തിന്റെ അസാധാരണ വിശേഷങ്ങൾ പകർത്തി വെക്കുന്നത് ഉപ്പി സാഹിബിനോടും നാടിനോടുമുള്ള ഒരു കടം വീട്ടലായി ഞാൻ കാണുന്നു.

ലീഡർ എന്ന വാക്കിന്റെ എല്ലാ ഗുണങ്ങളും ഒത്തുചേർന്ന വ്യക്തിയായിരുന്നു ഉപ്പിസാഹിബ്.

ഏതൊരു കാര്യവും വിനയത്തോടെ സമീപിച്ച് ഏതു വലിയ പ്രശ്നവും സൗമ്യമായ പെരുമാറ്റം കൊണ്ട് ഒത്തു തീർക്കുന്ന കാര്യത്തിൽ ശ്രദ്ധ കൊടുക്കുന്ന നയതന്ത്രജ്ഞൻ.

മദിരാശി നിയമനിർമ്മാണ സഭയിലെ പാർട്ടി ലീഡർ സ്ഥാനത്തെ ചൊല്ലിയുള്ള തർക്കം പൊന്നാനി വി.പി.സി തങ്ങളുടെ വീട്ടിൽ ഖാഇദെമില്ലത്തിന്റെ സാന്നിദ്ധ്യത്തിൽ മണിക്കൂറുകളോളം നീണ്ടപ്പോൾ നേതാക്കൾ ആയുധം വെച്ചു കീഴടങ്ങിയത് സിംഹ തുല്യമായ അദ്ദേഹത്തിന്റെ ഗാംഭീര്യത്തിന് മുമ്പിലാണ്. ശാന്തഗംഭീരനായ ഉപ്പി സാഹിബ് ആർക്കും എന്നും മറക്കാനാവാത്ത വ്യക്തിയായി.

ജീവിച്ചിരുന്ന കാലത്ത് തന്നെ സ്വയം ഒരിതിഹാസമായി മാറിയ ഉപ്പി സാഹിബ് അംഗീകാരത്തിന്റെയോ പ്രശസ്തിയുടെയോ പിന്നാലെ പോകാൻ ഇഷ്ടപ്പെട്ടില്ല. സമൂഹത്തിൽ നിരവധി പേരെ സ്നേഹിച്ചും സഹായിച്ചും അദ്ദേഹം വളർത്തിയെടുത്തു.

ബന്ധപ്പെടുന്ന കാര്യങ്ങളുമായി സത്യസന്ധതപുലർത്താനുള്ള സവിശേഷ വ്യക്തിത്വം ഉപ്പി സാഹിബ് എന്നും എടുത്തുകാട്ടി. സ്വസമുദായത്തിലെ ജീർണ്ണതകളെ അകറ്റുവാനും മനുഷ്യനെ മനുഷ്യനായി മാത്രം കണ്ട് അവന്റെ വിഷമതകൾ ദൂരീകരിക്കുവാനുമുള്ള തീവ്രവികാരമാണ് അദ്ദേഹത്തെ എന്നും നയിച്ചത്.

തലശ്ശേരിയിൽ പൊതു ജീവിതത്തിൽ മുൻ പന്തിയിൽ നിന്ന പ്രഗത്ഭർ പലരും ഉണ്ടായിരുന്നിട്ടും ഉപ്പി സാഹിബിന് എല്ലായിടത്തും ആദരവും സ്ഥാനവും പ്രത്യേക സീറ്റും ലഭിച്ചത് അദ്ദേഹത്തിന്റെ നിസ്വാർത്ഥതയും സേവന മനോഭാവവും സമുദായ സ്നേഹവും കഴിവിന്റെ നിലവാരവും കാരണമായാണ്.

തലശ്ശേരി മെയിൻ റോഡിലെ മുസ്ലിം ലീഗ് ഓഫീസിൽ നിന്നും ഇറങ്ങി നടക്കുമ്പോൾ കടകളിലെ മുതലാളിയായാലും തൊഴിലാളിയായാലും കസേലയോ സ്റ്റൂളോ കൊണ്ടുവന്ന് കച്ചവടത്തിരക്കിലും കടയിൽ സ്വീകരിച്ചിരുത്തുന്നത് കഥപോലെ തോന്നുമെങ്കിലും സംഭവം ഞാൻ നേരിൽ കണ്ടതാണ്. കടയിൽ ഉപ്പി സാഹിബ് കടന്നു വരുന്നതും അല്പ സമയം ഇരിക്കുന്നതും ഒരനുഗ്രഹമായി കരുതുന്നവരാണേറെയും.

മറ്റാർക്കും ലഭിക്കാത്ത ഒരു സ്വീകരണ യാത്രയയപ്പാണ് ഹജ്ജ് വേളയിൽ തലശ്ശേരി മുൻസിപ്പാലിറ്റി ഉപ്പി സാഹിബിന് നൽകിയത്. അന്ന് മുൻസിപ്പൽ ചെയർമാൻ എ.വി.കെ നായർ ചെയ്ത പ്രസംഗത്തിൽ ഉപ്പി സാഹിബിന്റെ സഹായത്തേയും സ്നേഹത്തേയും വിനയത്തെയും അഭിമാന

ത്തേയും ധീരതയേയും പ്രശംസിച്ചിരുന്നു. അദ്ദേഹം സൃഷ്ടിച്ച നിരവധി ധന്യ മുഹൂർത്തങ്ങളെയും പലരും യോഗത്തിൽ അനുസ്മരിക്കുകയും ചെയ്തു.

ഹജ്ജ് യാത്ര പ്രമാണിച്ച് തലശ്ശേരി മുനിസിപ്പൽ കൗൺസിൽ ഉപ്പിസാഹിബിന്നു നൽകിയ പ്രൗഢ ഗംഭീരമായ യാത്രയയപ്പിനെക്കുറിച്ച് എം.സി വടകര "തൂലിക'കയിൽ 2003 മെയ് മാസത്തിലെഴുതിയ ലേഖനത്തിൽ ഇങ്ങനെ വിവരിക്കുന്നു:

"ഉപ്പിസാഹിബിനുള്ള യാത്രയയപ്പ് യോഗത്തിൽ കമ്മ്യൂണിസ്റ്റ് കാരനായ മുൻസിപ്പൽ ചെയർമാൻ ശ്രീ. എ.വി.കെ നായർ ചെയ്ത സ്വാഗതം എന്നെ ആവേശത്തിന്റെ കൊടുമുടിയിലെത്തിച്ചു. ഈ എല്ലും തോലുമായി കാണുന്ന ഉണങ്ങിയ മനുഷ്യനാണ് ഉപ്പിസാഹിബ് എന്ന് നിങ്ങൾ തെറ്റിദ്ധരിക്കേണ്ട. ഇത് സിംഹമാണ്. വിദേശ സാമ്രാജ്യത്വത്തിന്റെ മുമ്പിൽ ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടിയും കേന്ദ്ര സംസ്ഥാന നിയമസഭകളിൽ പാവങ്ങൾക്ക് വേണ്ടിയും പാട്ടക്കുടിയാന്മാർക്ക് വേണ്ടിയും ഗർജ്ജനം മുഴക്കിയ വീരസിംഹം. ആ അമൂല്യമായ സേവനത്തിന്ന് മുമ്പിൽ ഈ രാജ്യം മുഴുവൻ കടപ്പെട്ടിരിക്കുന്നുവെന്ന് ചെയർമാൻ പറഞ്ഞപ്പോൾ എന്റെ കണ്ണുകൾ സന്തോഷം കൊണ്ട് തുളുമ്പിപ്പോയി. അന്ന് ഉപ്പിസാഹിബ് എം.പി.യൊ, എം. എൽ.എ യോ ആയിരുന്നില്ല. അധികാരമൊന്നുമില്ലാത്ത ഒരു രാഷ്ട്രീയ നേതാവ് മാത്രം (മുസ്ലിം ലീഗായതു കൊണ്ട് അധികാരത്തിലെത്തുമെന്ന് പ്രതീക്ഷയുമുണ്ടായിരുന്നില്ല) അദ്ദേഹം തലശ്ശേരി നഗരക്കാരനുമായിരുന്നില്ല. അങ്ങനെയുള്ള ഒരാൾ ഒരു മത കർമ്മം നിർവ്വഹിക്കാൻ പോകുമ്പോൾ ഒരു മുൻസിപ്പാലിറ്റി യാത്രയയപ്പ് നൽകുക. അതിൽ വെച്ച് അന്യപാർട്ടിക്കാരനായ ഒരു നേതാവ് വാനോളം പുകഴ്ത്തിപ്പറയുക. കോട്ടാൽ ഉപ്പിസാഹിബ് എന്ന അസാമാന്യ വ്യക്തിത്വത്തിന്റെ പ്രാഗത്ഭ്യമെന്തെന്ന് തിരിച്ചറിയാനുള്ള അടയാള വാക്യമായിരുന്നു ആ സംഭവം."

കേട്ടാൽ കൊതിതീരാത്ത വീരഗാഥ എന്ന ശീർഷകത്തിലുള്ള എം.സി. യുടെ ലേഖനത്തിൽ പലരും കേൾക്കാത്തതും കേട്ടാൽ അത്ഭുതം കൂറുന്നതുമായ ഒട്ടേറെ വിവരങ്ങളുണ്ട്.

"ബ്രിട്ടീഷ് വിരുദ്ധ സമരത്തിന്റെ ഭാഗമായി വിദ്യാർത്ഥികളെ കോളേജ് ബഹിഷ്കരിക്കാൻ മഹാത്മാഗാന്ധി ആഹ്വാനം ചെയ്തപ്പോൾ പ്രസിഡൻസി കോളേജിൽ നിന്ന് പഠിപ്പു മുടക്കി ആദ്യമായി പുറത്തുവന്ന വിദ്യാർത്ഥി നേതാവ് ഉപ്പിസാഹിബായിരുന്നു. (രണ്ടാമതായി പുറത്തുവന്നത് അന്ന് അതേ കോളേജിൽ പഠിച്ചിരുന്ന ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബും. ഇരുവരും അന്ന് കോൺഗ്രസ്സിന്റെ പടക്കുതിരകൾ.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കോഴിക്കോട് മാതൃഭൂമി ദിനപ്പത്രം ആരംഭിക്കുന്നതിലും ഉപ്പി സാഹിബിന്ന് ഒരു പ്രധാന പങ്കുണ്ടായിരുന്നു. മുസ്ലിം ദേശീയ നേതാക്കന്മാർ കൂട്ടത്തോടെ മുസ്ലിം ലീഗിൽ ചേരാൻ തുടങ്ങിയ മുപ്പതുകളിലാണ് സത്താർ സേട്ടു സാഹിബിനോടൊപ്പം ഉപ്പി

mappilaheritagelibrary.com

സാഹിബും മുസ്ലിം ലീഗിന്റെ നേതൃവേദിയിലെത്തുന്നത്. അന്നത്തെ പാർലമെന്ററായ സെൻട്രൽ അസംബ്ലിയിലേക്ക് അദ്ദേഹം തെരെഞ്ഞെടുക്കപ്പെട്ടു. പിന്നീട് മദ്രാസ് നിയമ സഭയിലും മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിലിലും അദ്ദേഹം അംഗമായി. അത് ബ്രിട്ടീഷ് ഭരണകാലമായിരുന്നു. നാമമാത്രമായ ഭൂപരിഷ്കരണത്തിന്റെ പേരിൽ അസംബ്ലിയിൽ മലബാർ കുടിയാൻ നിയമം ചർച്ചക്ക് വന്നപ്പോൾ സഭയിൽ കുടിയാന്മാരുടെയും കൃഷിക്കാരുടെയും ശബ്ദം മുഴങ്ങിയത് ജന്മം കൊണ്ട് ജന്മിപുത്രനായ ഉപ്പിസാഹിബിൽ കൂടിയായിരുന്നു. കുടി ഒഴിപ്പിക്കലിനെ അദ്ദേഹം നഖശിഖാന്തം എതിർത്തു.

കേട്ടാലും മതിവരാത്ത കോട്ടാൽ ഉപ്പിസാഹിബിന്റെ പ്രസംഗം കർഷക ജനതയെ ഇളക്കിമറിച്ചു. പത്തു കൊല്ലം തുടർച്ചയായി പാട്ടം കൊടുക്കാത്ത കുടിയാന്മാരെ ഒഴിപ്പിക്കണമെന്ന് ഗവർമെണ്ട് വാദിച്ചപ്പോൾ "നോ--നോ..... നൂറ് കൊല്ലം പാട്ടം കൊടുത്തില്ലെങ്കിലും പാട്ടക്കുടിയാനെ അവന്റെ ഭൂമിയിൽ നിന്ന് ഇറക്കി വിടരുതെന്ന് ഇടിവെട്ടീടും വണ്ണം ഉപ്പിസാഹിബ് ഗർജ്ജിച്ചു."

"സഭയിൽ അദ്ധ്യക്ഷം വഹിച്ച ബ്രിട്ടീഷ് ഗവർണ്ണർ ആർച്ച് ബാൻസ്നെ ക്ഷുഭിതനായി. അദ്ദേഹം ഉപ്പി സാഹിബിനോട് പറഞ്ഞു. മിസ്റ്റർ ഉപ്പിസാഹിബ് നിങ്ങൾ ജന്മികുടുംബമായ കോട്ടാൽ തറവാട്ടിലെ അംഗമാണെന്ന കാര്യം മറക്കരുത്. അതിന് ഉപ്പിസാഹിബിന്റെ പ്രതിവചനം: "IT IS NOT MY CONSTITUENCY SIR" എന്നായിരുന്നു.

ജനിച്ചത് ജന്മി വീട്ടിലാണെങ്കിലും താൻ പ്രതിനിധീകരിക്കുന്നത് ജന്മിത്വത്തെ അല്ലെന്നും മലബാറിലെ പാവപ്പെട്ട പാട്ടക്കുടിയാന്മാരുടെ വക്താവാണ് താനെന്നും വ്യക്തമാക്കുകയായിരുന്നു ഉപ്പിസാഹിബ്. കേരളത്തിൽ നിന്ന് ജന്മിത്തം തുടച്ചു നീക്കപ്പെടുന്ന പ്രക്രിയയുടെ തുടക്കമായിരുന്നു അത്." ഉപ്പി സാഹിബിന്റെ അനന്യസാധാരണമായ വ്യക്തിത്വം അനാവരണം ചെയ്യുന്ന എം.സി.യുടെ ലേഖനം ഇങ്ങിനെ തുടരുന്നു:

"സ്വാതന്ത്ര്യത്തിന് ശേഷം ആദ്യം നടന്ന നിയമസഭാ തെരെഞ്ഞെടുപ്പിൽ (1952 ജനുവരി) തിരൂർ നിയോജക മണ്ഡലത്തിൽ നിന്നാണ് മദിരാശി നിയമസഭയിലേക്ക് ഉപ്പി സാഹിബ് വീണ്ടും വിജയിച്ചത്. കേരളത്തിലെ ഏറ്റവും വലിയ കമ്മ്യൂണിസ്റ്റ് ബുദ്ധി ജീവിയായ കെ. ദാമോദരനായിരുന്നു ഉപ്പി സാഹിബിനെതിരെ മത്സരിച്ച ഒരു സ്ഥാനാർത്ഥി (അദ്ദേഹത്തിന്റെ ജാമ്യസംഖ്യ നഷ്ടപ്പെട്ടു.)

മദ്രാസ് അസംബ്ലിയിൽ മുസ്ലിം ലീഗ് നിയമസഭാകക്ഷിയുടെ ലീഡറായും ഉപ്പിസാഹിബ് തെരെഞ്ഞെടുക്കപ്പെട്ടു നാടകീയമായ രംഗങ്ങളിലൂടെയാണ് അദ്ദേഹം നായകനായി അവരോധിക്കപ്പെട്ടത്." ആ കഥ കൂടി എം.സി വിവരിക്കുന്നു.

"പാർട്ടി ലീഡറെ തെരെഞ്ഞെടുക്കാൻ ലീഗ് എം.എൽ.എ മാർ ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ആ യോഗത്തിൽ വെച്ച് ഉപ്പി സാഹിബിന്റെ അനുഭവ സമ്പത്തി

നെക്കുറിച്ചു അക്കമിട്ട് വിവരിച്ചു കൊണ്ട് മറ്റൊരു എം.എൽ.എ യായ കെ. എം.സീതി സാഹിബ് പ്രസംഗിച്ചു. ആകയാൽ ഉപ്പിസാഹിബാണ് ലീഡറാ വേണ്ടതെന്ന് സീതിസാഹിബ് സമർത്ഥിച്ചു. അതിനോട് എല്ലാ എം.എൽ.എ മാരും യോജിച്ചു. പക്ഷേ ഉപ്പിസാഹിബ് മാത്രം അതിനോട് യോജിച്ചില്ല. പാർട്ടി ലീഡറാകാൻ എല്ലാം കൊണ്ടും അർഹൻ സീതി സാഹിബാണെന്നും അതുകൊണ്ട് സീതി സാഹിബിനെ ലീഡറാക്കണമെന്നുമായിരുന്നു ഉപ്പി സാഹിബിന്റെ വാദം. എന്നാൽ ഉപ്പി സാഹിബ് ഉള്ളപ്പോൾ താനൊരിക്കലും ലീഡർ പദവി സ്വീകരിക്കില്ലെന്നും അത് ഗുരുനിന്ദയും മര്യാദകേടുമായിത്തീ രുമെന്നുമാണ് സീതി സാഹിബിന്റെ നിലപാട്. ഈ സംവാദം ആറ് മണി ക്കൂറോളം തുടർന്നു.

ഒടുവിൽ ഗത്യന്തരമില്ലാതെ പാർട്ടി പ്രസിഡന്റ് എന്ന നിലയിൽ ഖാഇദെ മില്ലത്ത് ഇടപെടുകയും ഉപ്പിസാഹിബിനെ ലീഡറായി പ്രഖ്യാപിക്കുകയും ചെയ്തു."

***** ***** *****

mappilaheritagelibrary.com

ചന്തു നമ്പ്യാരുടെ സമകാലീനൻ

പ്രഭാഷകൻ, എഴുത്തുകാരൻ,ക്രിമിനൽ വക്കീൽ,സമുദായ പ്രവർത്ത കൻ എന്നീ നിലകളിൽ പ്രസിദ്ധനായ തലശ്ശേരിയിലെ കെ.ടി.ചന്തുനമ്പ്യാർ ഉപ്പി സാഹിബിന്റെ സമകാലീനനായിരുന്നു. 1888ൽ ജനിച്ച ചന്തു നമ്പ്യാർക്ക് 1891 ൽ ജനിച്ച ഉപ്പി സാഹിബിനെക്കാൾ മൂന്നു വയസ്സും മൂപ്പുണ്ട്. ജീവിച്ചി രുന്ന കാലത്ത് തന്നെ സ്വയം ഇതിഹാസമായി മാറുകയായിരുന്നു ഇരുവ രും. സാഹിത്യത്തിന്റെ ആധാരപ്പൊരുളുകളിലും മാനവീയ ശാസ്ത്രീയ വിഷ യങ്ങളിലും രാഷ്ട്രീയത്തിലും ഇരുവർക്കുമുണ്ടായിരുന്ന അവഗാഹം പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുന്നു.

നായർ സമുദായത്തിലെ പല അനാചാരങ്ങളും നിർമാർജ്ജനം ചെയ്യാൻ ചന്തുനമ്പ്യാർ ആവേശ പൂർവ്വം പ്രവർത്തിക്കുമ്പോൾ അവശ സമുദായ ത്തിന്റെ രക്ഷയ്ക്ക് പടപൊരുതുകയായിരുന്നു ഉപ്പി സാഹിബ്.

ബിരുദം നേടാനും നിയമ പഠനത്തിന്നുമായി മദിരാശിയിൽ താമസമാ ക്കിയ കാലത്താണ് വ്യക്തിവൈഭവം വികസിപ്പിച്ചെടുക്കാൻ ചന്തു നമ്പ്യാർക്ക് സാധിച്ചതെങ്കിൽ മലബാറിൽ ജ്വലിച്ചുനിന്ന രാഷ്ട്രീയ ശക്തിയു ടെയും പ്രബലമായ സാംസ്കാരിക ശക്തിയുടെയും കാവലാളായി മാറാനും കടുത്ത രാഷ്ട്രീയ ശത്രുക്കളുടെ പോലും സ്നേഹാദരവുകൾ പിടിച്ചു പറ്റാനും ഉപ്പി സാഹിബിന്ന് കളമൊരുക്കിയത് മദിരാശി തന്നെയായിരുന്നു.

അക്കാലത്ത് ഈ രണ്ടുചെറുപ്പക്കാരും ആനുകാലിക പ്രസിദ്ധീകരണ ങ്ങളിലൂടെ ഒട്ടേറെ പരിവർത്തനങ്ങൾ സൃഷ്ടിച്ചു. അന്നത്തെ ഡിസ്ട്രിക്ട് ബോർഡിൽ മെമ്പർമാരായിരുന്ന വടക്കെ മലബാറുകാരുടെ അനാസ്ഥയെ

പ്പറ്റിയും വിദ്യാഭ്യാസകാര്യങ്ങളെക്കുറിച്ചും ദേശീയ രാഷ്ട്രീയത്തെ സംബന്ധിച്ചും കേരളപത്രികയിലും കേരള സഞ്ചാരിയിലും മിതവാദിയിലും ഗജകേസരിയിലും സത്യവാദിയിലും സ്വാഭിമാനിയിലും വന്ന ലേഖനങ്ങൾക്ക് പിന്നിലെ പ്രചോദകർ ചന്തുനമ്പ്യാരും ഉപ്പി സാഹിബുമായിരുന്നു. പല കാര്യങ്ങളിലും അവർ ഒത്തു പിടിച്ചു.

ജില്ലാ വിദ്യാഭ്യാസ കൗൺസിൽ അംഗം എന്ന നിലയിൽ കതിരൂർ സ്കൂളിനെ ഹൈസ്കൂളാക്കി ഉയർത്താൻ ചന്തു നമ്പ്യാരുടെ ശ്രമത്തിന് പിൻബലമേകിയത് ഉപ്പി സാഹിബായിരുന്നു. ഹയർ എലമെന്ററി സ്കൂളിനെ ഹൈസ്കൂളാക്കി ഉയർത്തണം എന്ന പ്രമേയം 1922 ൽ കോട്ടയം താലൂക്ക് ബോർഡിൽ ഉപ്പി സാഹിബിന്റെ നിർബന്ധപ്രകാരം അവതരിപ്പിച്ചതിനെ തുടർന്നാണ് ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടും സ്കൂൾ ഇൻസ്പെക്ടറും കതിരൂരിൽ വന്ന് പൊതു ജനാഭിപ്രായം സ്വരൂപിച്ചത്.

മാപ്പിളമാരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയിൽ ഇരുവരുടെയും മനം നൊന്തിരുന്നു. വിദ്യാഭ്യാസ പ്രചരണത്തിനുള്ള ഒരവസരവും അവർ പാഴാക്കിയതുമില്ല. 1920 ൽ ഉത്തര കേരളീയ നായർ സമുദായത്തിന്റെ ഒൻപതാം വാർഷിക യോഗത്തിൽ ചന്തുനമ്പ്യാർ ക്ഷണിക്കപ്പെട്ടു. നിർബന്ധമായും പങ്കെടുക്കേണ്ട യോഗമായിരുന്നു അത്. പക്ഷെ ചന്തുനമ്പ്യാർ പോയത് കക്കാട് ബോർഡ് മാപ്പിള സ്കൂളിൽ വിദ്യാഭ്യാസം എന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കാനായിരുന്നു. നായർ സമാജവുമായി ചന്തുനമ്പ്യാരുടെ ബന്ധം കണക്കിലെടുത്താൽ വിദ്യാഭ്യാസ മേഖലയോടുള്ള അദ്ദേഹത്തിന്റെ അടുപ്പം വ്യക്തമാവുന്നു. വിദ്യാഭ്യാസ കൗൺസിൽ അംഗം, സംസ്ഥാന സ്കൂൾ കമ്മിറ്റി മെമ്പർ, താലൂക്ക് ബോർഡ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുമ്പോഴൊക്കെ ഉപ്പി സാഹിബിന്റെയും ഏ.കെ കുഞ്ഞിമായൻ ഹാജിയുടെയും കോയാമുക്കേയിയുടെയും ബാവു കേയിയുടെയും അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നു.

അവിഭക്തമുസ്ലിം ലീഗിന്റെ പ്രമുഖ നേതാവ് സത്താർ സേട്ട് ഒരു പോലീസ് പീഡനകേസ്സിൽ പ്രതിയായിരുന്നപ്പോൾ പ്രതിഭാഗം വക്കീലായി ചന്തു നമ്പ്യാരെ നിർദ്ദേശിച്ചത് ഉപ്പി സാഹിബായിരുന്നു. കേസിൽ പ്രതിയെ വെറുതെ വിട്ടപ്പോൾ ചന്തു നമ്പ്യാരെ കോടതിയിൽ വെച്ച് സത്താർ സേട്ടു ഹാരമണിയിച്ചതിന്ന് ഉപ്പിസാഹിബും സാക്ഷ്യം വഹിച്ചു.

സാഹിത്യപരമായ ചിന്താഗതിയിലും ചന്തു നമ്പ്യാരും ഉപ്പിസാഹിബും തമ്മിൽ സാമ്യമുണ്ടായിരുന്നു. സാഹിത്യ പ്രേമികളായിരുന്നു ഇരുവരും. ഇന്ദുലേഖയുടെ രീതിയിൽ എഴുതിയ വസുമതിയെ ഇരുവരും നിശിതമായി വിമർശിച്ചിരുന്നു.

സാഹിത്യ പരിഷത്തുമായി ഉറ്റബന്ധമാണ് ഇരുവരും പുലർത്തിയത്. സാഹിത്യ പരിഷത്തിന്റെ തലശ്ശേരിയിൽ നടന്ന വാർഷിക സമ്മേളനത്തിൽ കെ.എം. സീതി സാഹിബ് അദ്ധ്യക്ഷത വഹിച്ചത് ഉപ്പി സാഹിബ് അഭിമാന

mappilaheritagelibrary.com

ത്തോടെ അയവിറക്കുമായിരുന്നു. എന്നാൽ ചന്തുനമ്പ്യാർ സാഹിത്യപരിഷത്തുമായി അകന്ന് യുവജന സാഹിത്യ സമ്മേളനം സംഘടിപ്പിച്ചപ്പോഴും രണ്ടിലും ചേരാതെ നിൽക്കുകയായിരുന്നു ഉപ്പിസാഹിബ്.

ജന്മദേശത്തിന്റെ സാദൃശ്യത്തിലും രണ്ടുപേരും ഭാഗ്യവാന്മാരാണ്. അഭിമാനികളുടെ നാടായ മാവിലായിയിലാണ് ചന്തു നമ്പ്യാരുടെ ജനനം. പടിഞ്ഞാറ് ഭാഗത്ത് പ്രൗഡിയോടെ എരിഞ്ഞേരിമല. പച്ചപ്പുതപ്പിട്ട് പരന്നു കിടക്കുന്ന നെൽ വയൽ ഇരുവരുടെയും തറവാടുകൾക്ക് തങ്കക്കസവണിയിച്ചിരിക്കുന്നു. വയലിന്ന് കുറുകെയുള്ള തോടുകൾ ഇരു സ്ഥലത്തും ഗംഗ പോലെ ഒഴുകുന്നു. ആയില്യത്ത് തറവാട്ടിലെ ചാത്തുക്കുട്ടി നമ്പ്യാരുടെ മകനായി 1888 ൽ ചന്തു നമ്പ്യാർ ജനിക്കുന്നു. മൂന്നു വർഷം പിന്നിടുമ്പോൾ കോട്ടയം തറവാട്ടിൽ മായൻ അധികാരിയുടെ മകനായി ഉപ്പി സാഹിബും ജനിക്കുന്നു. ഇരുവരുടെയും തറവാടുകളുമായി ബന്ധപ്പെട്ട് അനേകം പ്രമുഖന്മാർ. പലർക്കും പല അംശങ്ങളുടെയും ആധിപത്യം. കാതിൽ കടുക്കനും തലയിൽ കുടുമയുമായി ചന്തു നമ്പ്യാർ കാടാച്ചിറ സ്കൂളിൽ പോകുമ്പോൾ മുണ്ഡനം ചെയ്ത തലയിൽ തൊപ്പിയണിഞ്ഞ് ഉപ്പി സാഹിബ് പ്രാഥമിക വിദ്യാഭ്യാസത്തിനിറങ്ങിത്തിരിക്കുന്നു. ഇരുവരും ബ്രണ്ണൻ കോളേജിലെത്തുന്നു. പിന്നീട് മദിരാശിയിലെത്തുന്നു. ജന്മനാട്ടിൽ തിരിച്ചെത്തിയതോടെ ഇവർ പൊതു രംഗത്ത് ശ്രദ്ധേയരാവുന്നു.

മട്ടന്നൂർ മധുസൂദനൻ തങ്ങളുമായി ഉപ്പി സാഹിബ് അടുക്കുന്നതും ചന്തു നമ്പ്യാർ മുഖേനയാണ്. തലശ്ശേരി തിരുവങ്ങാട് ചാത്തോത്ത് മഠത്തിൽ തങ്ങൾ താമസിച്ചിരുന്ന കാലത്താണ് കൂടുതൽ അടുത്തത്. ഹരിജന സേവനത്തിന്നു വേണ്ടി ജീവിതം ഉഴിഞ്ഞു വെച്ച സ്വരാജ്യ പാർട്ടി നേതാവ് വി. ആർ നായനാരുമായും ഉപ്പിസാഹിബിന് അടുത്ത ബന്ധം ഉണ്ടായിരുന്നു. സ്വരാജ്യ പാർട്ടിക്ക് പുറമെ വെസ്റ്റ് കോസ്റ്റ് സ്പെക്ടർ എന്ന പത്രവും ബന്ധത്തിന് തിളക്കം കൂട്ടി. കടത്തനാട് ഉദയവർമ്മത്തമ്പുരാൻ നടത്തിയ ജനരഞ്ജിനി പത്രത്തിന്റെ പത്രാധിപരായിരുന്ന കെ.സി നാരായണൻ നമ്പ്യാർ ദേശീയ പ്രസ്ഥാനത്തിൽ ആകൃഷ്ടനായ വി. രൈരുനമ്പ്യാർ തുടങ്ങിയവരും ഇരുവരെയും സ്വാധീനിച്ചിരുന്നു.

മലയാളസ്ഥലപ്പേരുകൾക്ക് അബദ്ധജഡിലമായ മാറ്റങ്ങൾ വരുത്തിവെച്ചത് കേരളത്തിലെത്തിയ പാശ്ചാത്യരായിരുന്നുവെന്ന വിശ്വാസക്കാരനായിരുന്നു ഉപ്പിസാഹിബ്. സാധാരണ മലയാള വാക്കുകൾ പോലും വെള്ളക്കാർ വികൃതമാക്കിയിട്ടുണ്ടെന്ന് അദ്ദേഹം സമർത്ഥിക്കാറുമുണ്ട്. സംസ്കൃതത്തോടുള്ള അഭിനിവേശം കാരണം മലയാളവാക്കുകൾക്ക് ഗൗരവം പോരെന്ന് വാദിച്ചവർ സ്ഥലപ്പേരുകൾ സംസ്കൃതീകരിക്കുന്നതിൽ കാണിച്ച വിരുതും ഉപ്പിസാഹിബിന്റെ കാലത്ത് ചർച്ചാവിഷയമാക്കിയിട്ടുണ്ട്. സ്ഥലനാമങ്ങളിൽ പ്രാചീന ചരിത്രലക്ഷ്യങ്ങൾ എത്രത്തോളം പ്രദർശിതമായിട്ടുണ്ടെന്ന് ഗവേഷണം നടത്താൻ അന്ന് ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ മാത്രമെ കാര്യമായുണ്ടായിരുന്നുള്ളൂ.

കണ്ണൂർ ഹൈസ്കൂളിൽ വന്ന് ഒരിക്കൽ രാജഗോപാലാചാരി പ്രസംഗിച്ചപ്പോൾ കണ്ണന്റെ (ശ്രീകൃഷ്ണന്റെ) ഊരാണ് കണ്ണൂർ എന്ന് പറഞ്ഞിരുന്നു. ഈ കാര്യത്തിൽ തർക്കിക്കാനും ഉപ്പിസാഹിബ് മുതിർന്നില്ല. വിദ്യാനിധി പി. കുഞ്ഞിരാമക്കുറുപ്പ് എന്ന പ്രധാനഅദ്ധ്യാപകൻ കാനത്തൂർ എന്ന പേർ വരാൻ കാരണം ആദ്യമായി വടക്കെമലബാറിൽ ഹിന്ദുക്കൾ ഇസ്ലാം മതത്തിൽ ചേർന്ന് 'കാനത്ത്' കഴിച്ചതുകൊണ്ടാണ് എന്ന് പറഞ്ഞുകേട്ടപ്പോഴും ഉപ്പിസാഹിബ് കക്ഷി ചേർന്നില്ല. മുൻ കാലങ്ങളിൽ വടക്കെ മലബാറിൽ വിവിധ ജാതി സാമൂഹക്കാരുടെ വസതികൾക്ക് വെവ്വേറെ പേരുകളുണ്ടായിരുന്നു. നമ്പൂതിരിമാരുടെ വസതിക്ക് ഇല്ലം എന്നും മനയെന്നും പരദേശി ബ്രാഹ്മണരുടെ ഗൃഹത്തിന് മഠം എന്നും അധഃകൃത വർഗ്ഗക്കാരുടെ ആലയങ്ങൾക്ക് ചാള എന്നും മുസ്ലിംകളുടെ വസതിക്ക് 'പുര' എന്നുമൊക്കെ. ഇതിനെക്കുറിച്ചും ഉപ്പിസാഹിബ് ഗവേഷണത്തിന് പോയില്ല. അതുകൊണ്ടു തന്നെ കോട്ടാലും അമ്പലത്തറയും മരിക്കറാടയും രണ്ടുപുരയും മല്ലാറ്റിയുമൊക്കെ എങ്ങനെ വന്നു എന്നതും അജ്ഞാതമായി. കോട്ടയം നാടുവാഴികളെക്കുറിച്ചുള്ള പഴയ നാടൻ പാട്ടുകളിലും യുദ്ധക്കഥകളിലും ശ്രദ്ധ വെക്കാൻ ഉപ്പി സാഹിബിന് താല്പര്യക്കുറവും ഉണ്ടായില്ല. പഴയ ചരിത്ര വസ്തുതകൾ വെറും കഥകളെന്നോ പൊരുളറ്റ തമാശകളെന്നോ അനാവശ്യമൊഴികളെന്നോ കരുതി ഒരു പക്ഷെ ആ തലമുറ തള്ളിക്കളഞ്ഞിരിക്കാം. ഇതു കാരണം കേരളത്തിന്റെ പ്രാചീന ചരിത്രം അനുക്രമമായി എഴുതാൻ പിന്നീടുള്ളവർക്ക് സാദ്ധ്യമായതുമില്ല. ലോഹത്തകിടുകളിലും പനയോലകളിലും പകർത്തി വെച്ചിരുന്ന എത്രയോ വിശിഷ്ട ഗ്രന്ഥങ്ങൾ നശിച്ചത് ചരിത്ര പരമായ വസ്തുതകൾ സമാഹരിക്കാൻ വിഷമവുമുണ്ടാക്കി.

***** ***** *****

mappilaheritagelibrary.com

കേരള മുസ്ലിം മജ്ലിസിൽ

1930 ലാണ് ഉപ്പിസാഹിബ് സഹപ്രവർത്തരോടൊപ്പം ചേർന്ന് കേരള മുസ്ലിം മജ്ലിസ് സ്ഥാപിച്ചത്. മജ്ലിസിന്റെ സിക്രട്ടറി സ്ഥാനവും അദ്ദേഹം ഏറ്റെടുത്തു. കേരള മുസ്ലിംകളുടെ സാമൂഹ്യവും വിദ്യാഭ്യാസ പരവുമായ നവോത്ഥാനത്തിന് ഈ സംഘടന ഏറെ സഹായകമായിത്തീർന്നിരുന്നു. മദിരാശി നിയമനിർമ്മാണസഭയിലെ സ്വരാജ്യ പാർട്ടിയുടെ സെക്രട്ടറിയായി തെരെഞ്ഞെടുക്കപ്പെട്ടതും ഉപ്പിസാഹിബായിരുന്നു. ആവശ്യവും സന്ദർഭവും അനുസരിച്ചല്ലാതെ അദ്ദേഹം നിയസഭയിൽ സംസാരിക്കുകയില്ല. ആവശ്യമായ കാര്യങ്ങൾ ആരുടെയും മുഖം നോക്കാതെ പറയുകയും ചെയ്യും അതും മിതമായ സ്വരത്തിൽ,വ്യക്തമായ ഭാഷയിൽ കാര്യകാരണ സഹിതമാണ് പറഞ്ഞു തീർക്കുക. ഈ കാരണത്താൽ ഏതു കാലത്തും നിയമനിർമ്മാണ സഭ ഉപ്പിസാഹിബിന്റെ അഭിപ്രായങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും അദ്ദേഹം ഉന്നയിക്കുന്ന ആവശ്യങ്ങൾക്ക് പരിഗണന നൽകുകയും ചെയ്തു പോന്നു. 1952 ലെ തെരഞ്ഞെടുപ്പിലാണ് മുസ്ലിം ലീഗ് ടിക്കറ്റിൽ മദിരാശി അസംബ്ലിയിലേക്ക് മത്സരിക്കുന്നത്. കേരള മുസ്ലിം മജ്ലിസിൽ സജീവമായി പ്രവർത്തിച്ചിരുന്നവരിൽ പലരും പിന്നീട് മുസ്ലിം ലീഗിൽ ചേക്കേറി. മജ്ലിസ് ഏതൊരു ഉദ്ദേശത്തിന് സംഘടിച്ചുവോ അതേ ഉദ്ദേശ സാധ്യത്തിനായി അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ലീഗിന് വഴിമാറിക്കൊടുക്കാൻ മജ്ലിസ് തീരുമാനിക്കുകയാണുണ്ടായത്.

കേരളമുസ്ലിം മജ്ലിസിന്റെ പ്രഥമ സമ്മേളനത്തിൽ ഖാൻ സാഹിബ് കെ. കുഞ്ഞമ്മദ് കോയ ചെയ്ത സ്വാഗത പ്രസംഗം ഉപ്പിസാഹിബ് എഴുതിയതാണെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. "മദിരാശി ഗവർമെന്റ് ഈ സംസ്ഥാന

ത്തിൽ അഞ്ചു മുസ്‌ലിം ഹൈസ്കൂൾ നടത്തുന്നുണ്ട്. പക്ഷെ സംസ്ഥാന ത്തിന്റെ മുസ്‌ലിം ജനസംഖ്യയിൽ മുന്നിൽ ഒരു ഭാഗം വരുന്ന മലബാറിൽ ഒരൊറ്റ മുസ്‌ലിം ഹൈസ്കൂൾ പോലും ഗവർമെന്റ് നടത്തുന്നില്ല. വിദ്യാല യങ്ങളിൽ മതപഠനം അനുവദിച്ചു കൊണ്ട് മാപ്പിള സ്ത്രീകളുടെ വിദ്യാഭ്യാസ നിലക്ക് പരിഹാരം കാണണം.

കേരളത്തിലെ ജുമുഅത്ത് പള്ളികളെ കേന്ദ്രീകരിച്ചുള്ള ജമാഅത്തു കളെ ഏകീകരിച്ച് ശക്തിപ്പെടുത്താനും സക്കാത്ത്, വഖഫ് മുതലായ പൊതു ധനങ്ങളെ മതാനുസൃതമായി നിയന്ത്രിക്കാനും മജ്‌ലിസിനെ ഉപയോഗപ്പെ ടുത്തിയിരുന്നു.

1988 ഏപ്രിലിൽ പ്രസിദ്ധീകരിച്ച കേരള മുസ്‌ലിം നവോത്ഥാന ചരി ത്രത്തിൽ കേരള മുസ്‌ലിം മജ്‌ലിസിനെക്കുറിച്ചുള്ള അദ്ധ്യായത്തിൽ മുപ്പ തുകളുടെ തുടക്കത്തിൽ കേരളത്തിൽ സജീവമായിരുന്ന ഒരു സംഘടന യാണ് മജ്‌ലിസ് എന്ന് രേഖപ്പെടുത്തുന്നു.

1933 ലെ മുസ്‌ലിം മജ്‌ലിസ് റിപ്പോർട്ടും അതിൽ ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഭാരവാഹികൾ:

എം. ജമാൽ മുഹമ്മദ് (പ്രസിഡന്റ്) ഖാൻ സാഹിബ് കെ. കുഞ്ഞ മ്മദ് കോയ, സി.കെ.പി സൂപ്പിക്കുട്ടിക്കേയി (വൈസ് പ്രസിഡന്റുമാർ) കെ. ഉപ്പിസാഹിബ്, ഹാജി അബ്ദുൽ സത്താർ, ഹാജി ഇസ്ഹാഖ് സേട്ട് (സെക്ര ട്ടറിമാർ) മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് (കൺവീനർ വിദ്യാഭ്യാസ ബോർഡ്)

***** ***** *****

mappilaheritagelibrary.com

ഉപ്പ് സത്യാഗ്രഹവും ഉപ്പിസാഹിബും

1931 ൽ കോൺഗ്രസ് ഉപ്പ് സത്യാഗ്രഹം സംഘടിപ്പിച്ചപ്പോൾ ഉപ്പി സാഹിബ് എഴുതിയ ലേഖനം ഇന്ത്യൻ സ്വാതന്ത്യ സമരത്തിന് തന്നെ സുധീ രമായ മറ്റൊരു മുഖം നൽകുന്നതായി. ഉപ്പി സാഹിബ് ഡൽഹിയിൽ ചെന്ന് വടക്കെ ഇന്ത്യയിലെ സ്ഥിതിഗതികൾ നേരിട്ട് പഠിച്ചറിഞ്ഞു കൊണ്ടായിരുന്നു ലേഖനം തയ്യാറാക്കിയത്. മുസ്‌ലിംകൾക്ക് ഒരു പ്രത്യേക സംഘടന ആവ ശ്യമാണെന്ന ചിന്താഗതി ജനഹൃദയങ്ങളിൽ ഉദ്ദീപിപ്പിക്കാൻ പ്രസ്തുത ലേഖനം പര്യാപ്തമായിരുന്നുവെന്ന് സി.കെ.പി.ചെറിയ മമ്മുക്കേയി ആവർത്തിച്ചു പറയാറുണ്ട്.

ഈ ലേഖനവുമായി ബന്ധപ്പെട്ട് അന്നത്തെ ഡിസ്ട്രിക്ട് ബോർഡ് പ്രസി ഡന്റായിരുന്ന ടി.എം മൊയ്തു സാഹിബിന്റെ വസതിയിൽ കുറേ മുസ്‌ലിം നേതാക്കൾ ഒത്തു കൂടി ചർച്ച നടത്തിയത് കേരള മുസ്‌ലിം മജ്‌ലിസിന്റെ പിറവിക്ക് കാരണമായി എന്ന് കേയി സാഹിബ് രേഖപ്പെടുത്തുന്നു. കേരള മുസ്‌ലിം മജ്‌ലിസിന്റെ പ്രവർത്തനത്തിലേക്ക് അറക്കൽ രാജാ സാഹിബി നെയും സി.പി. മമ്മുക്കേയിയെയും ആകൃഷ്ടരാക്കിയത് ഉപ്പിസാഹിബായി രുന്നു. മജ്‌ലിസിന്റെ പ്രഥമ സമ്മേളനം വിജയകരമായി തലശ്ശേരി നടത്തി യത് സ്വാഗത സംഘത്തിന്റെ സിക്രട്ടറിയായിരുന്ന ഉപ്പിസാഹിബിന്റെ പ്രയ ത്നഫലമായിരുന്നു.

തലശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന "മുസ്‌ലിം ക്ലബ്ബിനെ" ചർച്ചാവേദി യാക്കി പരിവർത്തിപ്പിച്ചതും ഉപ്പിസാഹിബായിരുന്നു. മതപരമായ വിഷയ ങ്ങളും ദേശീയ പ്രാധാന്യമുള്ള കാര്യങ്ങളും സജീവ ചർച്ചയ്ക്ക് വിധേയമാ ക്കിയതു കാരണം എ.കെ.കുഞ്ഞിമായൻ ഹാജി, സി.പി.മമ്മുക്കേയി,

ടി.എം.മുസാസാഹിബ് തുടങ്ങിയവരും തലശ്ശേരിയിൽ പ്രാക്ടീസ് ആരംഭിച്ച കെ.എം. സീതിസാഹിബും ക്ലബ്ബിലെ സ്ഥിരം സന്ദർശകരായി. തലശ്ശേരിയിൽ ഡിസ്ട്രിക്ട് സെഷൻസ് ജഡ്ജിയായിരുന്ന മീർ സൈനുദ്ദീൻ ക്ലബ്ബുമായി സഹകരിച്ച് സാമൂഹ്യ പ്രവർത്തനങ്ങളിൽ വ്യാപൃതനായി.

1934 മുതൽ 1956 വരെ രണ്ടു പതിറ്റാണ്ടിലേറെ കാലം തലശ്ശേരിയിൽ കഴിഞ്ഞ സീതിസാഹിബിന് വിട്ടുപിരിയാത്ത കൂട്ടുകാരനായിരുന്നു ഉപ്പിസാഹിബ്. 1956 ഏപ്രിൽ രണ്ടിന് തലശ്ശേരിയിൽ നടന്ന താലൂക്ക് മുസ്ലിം ലീഗ് കോൺഫറൻസിൽ ഉപ്പിസാഹിബിനോടൊപ്പമുള്ള സീതിസാഹിബിന്റെ ആഗമനം തക്ബീർധ്വനികളോടെയാണ് ജനം സ്വീകരിച്ചത്. ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത സമ്മേളനം സീതി സാഹിബിന്നുള്ള യാത്രയയപ്പു കൂടിയായി.

തലശ്ശേരിയിലെ വാസമുപേക്ഷിച്ച് എറണാകുളത്തേക്ക് താമസം മാറ്റുവാൻ തീരുമാനിച്ച് 1956 ഏപ്രിൽ 5ന് സീതി സാഹിബ് തലശ്ശേരി റെയിൽവെ സ്റ്റേഷനിലെത്തിയത് ഉപ്പിസാഹിബിന്റെ കൂടെയായിരുന്നു. വൻജനക്കൂട്ടമായിരുന്നു അന്ന് സ്റ്റേഷനിലുണ്ടായിരുന്നത്. സീതിസാഹിബിന്റെ തൊട്ടടുത്ത കസേലയിൽ ഉപവിഷ്ടനായിരുന്ന ഉപ്പിസാഹിബ് ശോകമൂകമായ ഒരന്തരീക്ഷത്തിന്ന് സാക്ഷ്യം വഹിക്കുകയായിരുന്നു.

തലശ്ശേരിക്കാർക്ക് ആവശ്യമുള്ളപ്പോഴൊക്കെ ക്ഷണിച്ചാൽ സീതി സാഹിബ് എത്തും എന്നുള്ള ഒരുറപ്പ് ഉപ്പിസാഹിബ് ജനക്കൂട്ടത്തിന് നൽകി.

1958 ൽ മുനിസിപ്പൽ ഉപതെരെഞ്ഞെടുപ്പ് വേളയിൽ സീതിസാഹിബ് തലശ്ശേരി വന്നു. 1960ലെ പൊതു തെരഞ്ഞെടുപ്പ് അവസരത്തിലും സീതി സാഹിബ് തലശ്ശേരിയിലെത്തി. അഖിലേന്ത്യാ കോൺഗ്രസ്സ് പ്രസിഡണ്ട് നീലം സഞ്ജീവ റെഡ്ഡി, ഇന്ത്യൻ യൂനിയൻ മുസ്ലിം ലീഗ് പ്രസിഡന്റ് ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് മന്നത്ത് പത്മനാഭൻ എന്നിവരോടൊപ്പം സീതി സാഹിബിനെ വേദിയിൽ കണ്ടവർ ഉപ്പിസാഹിബിന്റെ ഉറപ്പിനെപ്പറ്റി ഓർക്കുകയായിരുന്നു. കേരള നിയമസഭ, സ്പീക്കറായപ്പോൾ 1960 മെയ് 6,7 തീയ്യതികളിൽ മുൻസിപ്പൽ കൗൺസിലും മറ്റു വിവിധ കമ്മിറ്റികളും സീതിസാഹിബിന്ന് രാജകീയ സ്വീകരണം നൽകിയപ്പോൾ മുസ്ലിം ലീഗിന്റെ കൗമാരലീലകൾക്ക് സാക്ഷ്യംവഹിച്ച പട്ടണവും അതിന്റെ പൗരാണിക മഹിമ ഉയർത്തിപ്പിടിച്ച ഉപ്പിസാഹിബും ആനന്ദ നിർവൃതിയടയുകയായിരുന്നു.

***** ***** *****

mappilaheritagelibrary.com

മൂൺലൈറ്റ് ഗാർഡൻ പാർട്ടി

തലശ്ശേരി മുൻസിപ്പൽ കൗൺസിലറും പ്രമുഖ വാഗ്മിയും വിഭജനത്തിന് മുമ്പ് തലശ്ശേരിയിൽ നിന്നും പ്രസിദ്ധീകരിച്ച മുജാഹിദ് പാക്ഷികത്തിന്റെ പത്രാധിപരുമായിരുന്ന ഒ. മായനലി സാഹിബ് 1954 ഏപ്രിൽ 24 ലെ ചന്ദ്രിക ആഴ്ചപ്പതിപ്പിൽ "മൂൺ ലൈറ്റ് ഗാർഡൻ പാർട്ടിയുടെ കഥ പറയുന്നുണ്ട്. ആ പാർട്ടിയിൽ പങ്കെടുത്ത ആരും ഇന്ന് ജീവിച്ചിരിപ്പില്ല. എൺപത്തിഒൻപത് വർഷങ്ങൾക്ക് മുമ്പ് നടന്ന സംഭവം മായനലി സാഹിബ് രേഖപ്പെടുത്തിവെച്ചതു കൊണ്ട് അത് ചരിത്രത്തിലെ നിറപ്പകിട്ടുള്ള അദ്ധ്യായമായി.

"1920 ലായിരുന്നു മദിരാശി നിയമനിർമ്മാണ സഭാ തെരെഞ്ഞെടുപ്പിൽ വിജയികളായ കെ. ഉപ്പി സാഹിബിനെയും ടി.എം. മൊയ്തു സാഹിബിനെയും അനുമോദിക്കാൻ വേണ്ടി ഇസ്ലാമിക് പ്രിന്റിംഗ് പബ്ലിഷിംഗ് കമ്പനി സ്ഥിതിചെയ്തിരുന്നതും ഇന്ന് പാരീസ് റസ്റ്റോറന്റ് നിലനിൽക്കുന്നതുമായ എടുപ്പിന്റെ അങ്കണത്തിൽ വെച്ച് തലശ്ശേരിയിലെ പൗര പ്രധാനികളുടെ വക മൂൺലൈറ്റ് ഗാർഡൻ പാർട്ടി ഏർപ്പാടു ചെയ്തത്. ആ മഹാ സദസ്സിൽ വെച്ച് കോട്ടാൽ ഉപ്പിസാഹിബ് ചെയ്ത പ്രസംഗം ഒരിക്കലും മനസ്സിൽ നിന്നു മായില്ല. ബഹുമാനത്തിന് മൂന്നു വശങ്ങളുണ്ട്. പൈതൃകമായോ, പരമ്പരാഗതമായോ ഉള്ളത്,മറ്റുള്ളവർ വെച്ചു കെട്ടുന്നത്, സ്വപ്രയത്നത്തിൽ നിന്നും ത്യാഗത്തിൽ നിന്നും ഉൽഭൂതമാവുന്നത്. ഇവയിൽ ആദ്യം പറഞ്ഞത് രണ്ടും എനിക്ക് വേണ്ട. എന്റെ എളിയ പ്രവർത്തനങ്ങൾ ബഹുമാനത്തെ ഉല്പാദിപ്പിക്കുമെങ്കിൽ അത് വേണ്ടെന്നു വയ്ക്കാൻ ഞാൻ ഒരുങ്ങുകയില്ല."

മായനലി സാഹിബ് ഉപ്പിസാഹിബിന്റെ മുദ്രാവാക്യത്തെ അടിവരയിടുന്നു. "സമുദായത്തിന്റെ സേവകൻ അതിന്റെ യജമാനനാകുന്നു. എന്ന നബി വചനമാണ് ആ മുദ്രാവാക്യം. അത് പ്രാവർത്തികമാക്കും വിധം തന്റെ കഴിവുകൾ അദ്ദേഹം സമുദായത്തിന് വിനിയോഗിച്ചു. പദവികൾ സമുദായത്തിന്നു വേണ്ടി അർപ്പിച്ചു.

***** ***** *****

കുഞ്ഞിമായൻ ഹാജിയുടെ കണ്ടെത്തൽ

ഉപ്പിസാഹിബിനെ പൊതു രംഗത്തേക്ക് കൊണ്ടുവന്നത് എ.കെ. കുഞ്ഞിമായൻ ഹാജിയായിരുന്നു എന്ന് ചരിത്രകാരനും പത്രപ്രവർത്തക നുമായിരുന്ന എം. ആലിക്കുഞ്ഞി സാഹിബും എഴുത്തുകാരനും പ്രാസംഗി കനുമായ ഒ. മാഹിനലിയും രേഖപ്പെടുത്തുന്നു.

ഉപ്പിസാഹിബിന്റെ ഭാര്യാസഹോദരനാണ് കുഞ്ഞിമായൻ ഹാജി. 1920ൽ ഉപ്പി സാഹിബിനെ സ്ഥാനാർത്ഥിയായി രംഗത്തിറക്കാനുള്ള ധൈര്യം അദ്ദേഹം കാണിച്ചു. പ്രബലമായ ഒരു എതിർ ശക്തിയെ നേരിടേണ്ടി വന്നു വെങ്കിലും കുഞ്ഞിമായൻ ഹാജിയുടെ സ്ഥാനാർത്ഥിയായതു കൊണ്ടു പ്രാമാ ണികരായ വ്യക്തികൾ ഉപ്പി സാഹിബിന് വേണ്ടി അരയും തലയും മുറുക്കി രംഗത്തിറങ്ങി. പ്രശസ്ത വിജയമാണ് ഉപ്പി സാഹിബ് കൈവരിച്ചത്.

കേരളത്തിലങ്ങോളമിങ്ങോളം സുപരിചിതമായ ഒരു പേരാണ് കുഞ്ഞി മായൻ ഹാജിയുടെതെന്ന് എം. ആലിക്കുഞ്ഞി സാഹിബ് 1954 ലെ ചന്ദ്രിക ആഴ്ചപ്പതിപ്പിന്റെ മുസ്‌ലിം ലീഗ് കോൺഫ്രൻസ്സ് സ്പെഷ്യലിൽവിശേഷി പ്പിക്കുന്നു. സമുദായ മദ്ധ്യത്തിലും രാഷ്ട്രീയ രംഗത്തും വ്യാവസായിക മണ്ഡ ലങ്ങളിലും പത്രലോകത്തും സുപരിചിതനായ കുഞ്ഞിമായൻ ഹാജിയുടെ വിജയിച്ച കണ്ടുപിടുത്തമായിരുന്നു ഉപ്പിസാഹിബ്.

ആലിക്കുഞ്ഞി തുടരുന്നു: മലബാറിലെ മുസ്‌ലിംകളുടെ ഇടയിൽ വ്യവ സായ മനഃസ്ഥിതി ഉണ്ടാക്കിയ ആദ്യത്തെ വ്യക്തി കുഞ്ഞിമായൻ ഹാജി യായിരുന്നു. വളപട്ടണത്ത് കോഹിനൂർ സോമില്ല് സ്ഥാപിച്ചു. മലബാറിലെ മിക്ക ലിമിറ്റഡ് കമ്പനിയുമായി ബന്ധപ്പെട്ടു. ഭീമമായ ഓഹരികളെടുത്തു. പലതിന്റെയും ഡയറക്ടറായി. ഏഷ്യയിലെ പ്ലൈവുഡ് ഫാക്ടറിയായ വെസ്റ്റേൺ ഇന്ത്യാ കമ്പനി ഡയറക്ടറായ അദ്ദേഹം ജാമാതാവ് എ.കെ.കാ ദർകുട്ടി സാഹിബിനെ അതിന്റെ മാനേജിംഗ് ഡയറക്ടറാക്കി.

സമുദായം വ്യവസായികവും സാമൂഹ്യവും സാമ്പത്തികവും വിദ്യാ ഭ്യാസപരവുമായി അഭിവൃദ്ധിപ്പെട്ടാലെ സമുദായത്തിന്റെ നില സുര

mappilaheritagelibrary.com

ക്ഷിതമാവുകയുള്ളൂ എന്ന് അദ്ദേഹം വിശ്വസിച്ചു.

നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രവർത്തനവും ഊർജ്ജിത മായ കാലത്ത് അദ്ദേഹം അവയിൽ സജീവ പ്രവർത്തകനായി. കോൺഗ്ര സ്സിന്റെ ആജ്ഞയനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബഹിഷ്ക രിക്കാൻ അധികമാളുകൾക്കൊന്നും ധൈര്യമില്ലാതിരുന്നപ്പോൾ ഹാജി സാഹിബ് സ്വതസിദ്ധമായ ധീരത അക്കാര്യത്തിലും പ്രകടിപ്പിച്ചു. അക്കാ ലത്ത് കോട്ടയം താലൂക്ക് ബോർഡ് മെമ്പറായിരുന്ന അദ്ദേഹം ആ സ്ഥാനം രാജിവെച്ചു കൊണ്ട് താലൂക്ക് ബോർഡ് ബഹിഷ്കരിച്ചു. ബ്രിട്ടീഷ് ഗവർമെന്റിനെ പൂജിക്കുന്നവരായിരുന്നു അക്കാലത്തെ ധനാഢ്യരിൽ ഭൂരി ഭാഗവും. അവരുടെ എതിർപ്പിനെ വകവെക്കാതെയായിരുന്നു കുഞ്ഞിമായൻ ഹാജിയുടെ പ്രവർത്തനം. ഈ ധീരതയാണ് ഉപ്പി സാഹിബിന്നും അദ്ദേഹം പകർന്നുനൽകിയത്.

മൗലാനാ മുഹമ്മദലിയുടെ മാതാവ് ബീയുമ്മയും ഡോക്ടർ സയ്യിദ് മഹമൂദും തലശ്ശേരിയിൽ വന്നപ്പോൾ മഹായോഗങ്ങൾ സംഘടിപ്പിക്കു മ്പോഴും മറ്റു സംരംഭങ്ങൾ നടത്തുമ്പോഴും ഉപ്പിസാഹിബിനെ കൂട്ടിന്നു കൂട്ടി. 1931 ൽ കേരള മുസ്‌ലിം മജ്‌ലിസ് സ്ഥാപിക്കപ്പെട്ടപ്പോൾ അദ്ദേഹം അതിന്റെ വളണ്ടിയർ ക്യപ്റ്റനായി. തലശ്ശേരിയിലെ സി.പി മമ്മുക്കേയിയായിരുന്നു കുഞ്ഞിമായൻ ഹാജിയുടെ മറ്റൊരു കൂട്ടാളി. മുസ്‌ലിം ലീഗിനെ മലബാ റിൽ വേരുറപ്പിക്കുന്നതിൽ ഇവർ ഇരുവരുടെയും പങ്കും സേവനവും സ്തു ത്യർഹമായിരുന്നു. സംഘാടകന്റെ സകല സാമർത്ഥ്യവും തികഞ്ഞ ഒരാ ളായിരുന്നു കുഞ്ഞിമായൻ ഹാജി.

ചായത്തോട്ടം നടത്തുന്നതു യൂറോപ്യന്മാരുടെ കുത്തകയായിരുന്നു വെന്ന് എല്ലാവരും കരുതിപ്പോന്നിരുന്ന കാലത്ത് സ്വന്തം നിലയ്ക്ക് ചായ ത്തോട്ടവും അതിന്നാവശ്യമായ സാമഗ്രികളും അദ്ദേഹം ഏർപ്പെടുത്തി. നാടാകെ പേരുകേട്ട ആയിഷാ ബനിയനും മറ്റു തുണിത്തരങ്ങളും നിർമ്മി ക്കുന്ന ഫാക്ടറിയും സ്ഥാപിച്ചു. കുഞ്ഞിമായൻ ഹാജിയുടെ മാതാവിന്റെ പേരാണ് ആയിഷ. (ഉപ്പിസാഹിബിന്റെ ഭാര്യാമാതാവ്)

ഒരു തെരെഞ്ഞെടുപ്പിലും സ്ഥാനാർത്ഥിയാവാനുള്ള മോഹം അദ്ദേഹ ത്തിൽ ഉദിച്ചില്ല. പക്ഷെ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ അദ്ദേഹം കണ്ടുപിടിച്ചു.

സമുദായത്തിന് ഒരു പത്രം അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസി ച്ചു. അൽ അമീന്നുവേണ്ടി മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്ന് പലതര ത്തിലുമുള്ള സഹായങ്ങൾ നൽകി.

അൽ അമീനും മാതൃഭൂമിയും അടുത്തടുത്തായി ത്രൈവാരികയായി ആരംഭിച്ചതിനെക്കുറിച്ച് ആലിക്കുഞ്ഞി പരാമർശിക്കുന്നുണ്ട്.

മാതൃഭൂമിക്ക് 19000 ക മൂലധനം പിരിഞ്ഞപ്പോൾ അൽ അമീന്ന് 25000 ക മൂലധനം പിരിക്കാനായി. 1930 മുതൽ ആരംഭിച്ചിരുന്ന സത്യാഗ്രഹ

കാലത്ത് അൽ അമീൻ പത്രാധിപർ അബ്ദുറഹ്മാൻ സാഹിബിനേയും മാതൃഭൂമി പത്രാധിപർ കെ. കേളപ്പനെയും ബന്ധനസ്ഥരാക്കി. ദിനപ്പത്രമായെങ്കിലും മുഖപ്രസംഗമെഴുതാതെ മാതൃഭൂമി പുറത്തിറക്കിയ കാലമായിരുന്നു അത്. അൽ അമീനാവട്ടെ ധീരവും ശക്തവുമായ മുഖപ്രസംഗങ്ങൾ എഴുതിക്കൊണ്ടിരുന്നു. രണ്ടു ദിനപ്പത്രങ്ങളും സർക്കാറിന് തലവേദനയായി. "കണ്ടതു പറഞ്ഞാൽ കഞ്ഞിയില്ല" എന്ന മുഖ പ്രസംഗത്തിലൂടെ ബ്രിട്ടീഷ് ഗവർമെന്റിനെ അൽ അമീൻ നിശിതമായി വിമർശിച്ചപ്പോൾ ഗവർമെന്റ് പത്രം കണ്ടുകെട്ടി. മുഖ പ്രസംഗ കോളം ഒഴിച്ചിട്ടതിന്റെ പേരിൽ മാതൃഭൂമി രക്ഷപ്പെട്ടു.

അൽ അമീനിന്റെ തിരോധാനത്തോടെ സമുദായത്തിന് ഒരു പത്രം ഇല്ലാതായി. ഇതിൽ മനംനൊന്താണ് കുഞ്ഞിമായൻ ഹാജിയും കെ.എം.സീതി സാഹിബും സത്താർ സേട്ടുവും സി.പി മമ്മുക്കേയിയും ചേർന്ന് പ്രതിവാര പത്രമായി ചന്ദ്രികയ്ക്ക് തുടക്കമിടുന്നത്. ഇതിന്റെ നടത്തിപ്പിനായി മുസ്‌ലിം പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി രൂപീകരിച്ചു. തുടക്കത്തിൽ സി.പി. മമ്മുക്കേയിയായിരുന്നു മാനേജിംഗ് ഡയറക്ടർ. കേയിയുടെ മരണശേഷം കുഞ്ഞിമായൻ ഹാജി സ്ഥാനം ഏറ്റെടുത്തു. നാട്ടിലുടനീളം ചുറ്റി ചന്ദ്രികയ്ക്ക് ഷെയർ ഉണ്ടാക്കിയത് കുഞ്ഞിമായൻ ഹാജിയാണ്. ചന്ദ്രിക കോഴിക്കോട്ടേക്ക് മാറ്റി സ്ഥാപിക്കുമ്പോൾ സ്ഥലവും കെട്ടിടവും കിട്ടിയത് കുഞ്ഞിമായൻ ഹാജിയുടെ പരിശ്രമഫലമാണെന്ന് ആലിക്കുഞ്ഞി രേഖപ്പെടുത്തുന്നു. (ചന്ദ്രിക ആഴ്ചപ്പതിപ്പ്. 1954 ഏപ്രിൽ 15)

***** ***** *****

mappilaheritagelibrary.com

ടി.എം മൊയ്തു സാഹിബിന്റെ കൂടെ

ഉപ്പിസാഹിബിന്റെ മറ്റൊരു സമകാലീനനായിരുന്നു ടി.എം മൊയ്തു സാഹിബ്. മലബാറിലെ മുസ്‌ലിംകൾക്ക് രണ്ടു നിയോജക മണ്ഡലങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1923 ൽ ഇവർ രണ്ടുപേരുമാണ് മദിരാശി ലജിസ്ലേറ്റീവ് കൗൺസിലിലേക്ക് തെരെഞ്ഞെടുക്കപ്പെട്ടത്. മൊയ്തു സാഹിബ് 1926 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രസിഡന്റായിരുന്നപ്പോൾ ഉപ്പി സാഹിബ് സർവ്വപ്രവർത്തനങ്ങൾക്കും താങ്ങും തണലുമായിത്തീർന്നു.

തലശ്ശേരിയിലെ പ്രമുഖ മുസ്‌ലിം കുടുംബമായ മുക്കാട്ടിൽ എന്ന ഭവനത്തിൽ 1889 ലായിരുന്നു മൊയ്തു സാഹിബിന്റെ ജനനം. ഉപ്പി സാഹിബിന്റെ രണ്ടു വയസ്സിന് മൂത്തതായിരുന്നു മൊയ്തു സാഹിബ്.

വിദ്യാഭ്യാസാനന്തരം അദ്ദേഹം വ്യാപാരാർത്ഥം മദിരാശിക്ക് പോയി. കുടുംബ വ്യാപാരസ്ഥാപനമായ ടി.എം ഉസ്മാൻ ഹാജി കമ്പനിയിൽ ചേർന്നു. പിന്നീട് സ്വന്തം നിലയിൽ മരക്കച്ചവടം തുടങ്ങി. അക്കാലത്ത് മദിരാശിയിലെ പൊതു പ്രവർത്തനങ്ങളിലും സമുദായ പ്രസ്ഥാനങ്ങളിലും മൊയ്തു സാഹിബ് സജീവമായി

മലബാർ ലഹള നിമിത്തം ദുരിതമനുഭവിക്കുന്ന ഏറനാട്ടിലെയും വള്ളുവനാട്ടിലെയും മുസ്‌ലിം സഹോദരങ്ങളെ രക്ഷിക്കാൻ ബി.പോക്കർ സാഹിബും മറ്റും സ്ഥാപിച്ച മാപ്പിള അമലറേഷൻ കമ്മിറ്റിയിലെ സജീവ പ്രവർത്തനായിരുന്നു മൊയ്തു സാഹിബ്. അധികൃതർക്ക് മുസ്‌ലിംകളുടെ നിലയെക്കുറിച്ച് നിവേദനം നൽകാനും വസ്തുതകൾ സമർപ്പിക്കാനും മുതിർന്ന ചുരുക്കം ചില വ്യക്തികളിൽ മൊയ്തു സാഹിബ് മുൻപന്തിയിലായിരുന്നു.

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രസിഡന്റായി 1926 ൽ മൊയ്തു സാഹിബിനെ ഗവർമെന്റ് നോമിനേറ്റ് ചെയ്തതാണ്. ആദ്യത്തെ അനുദ്യോഗസ്ഥ പ്രസിഡന്റ് മാധവരാജയുടെ സ്ഥാനത്താണ് മൊയ്തു സാഹിബ് രണ്ടാമതായി വരുന്നത്. 1929 ൽ വീണ്ടും മൊയ്തുസാഹിബ് തന്നെയാണ് മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റായത്. ബോർഡിന്റെ ചരിത്രത്തിൽ ആറു കൊല്ലം പ്രസിഡന്റായത് മൊയ്തു സാഹിബ് മാത്രമാണ്. 1928 ൽ ഖാൻ സാഹിബ് സ്ഥാനവും 1931 ൽ ഖാൻ ബഹദൂർ സ്ഥാനവും ലഭിച്ച മൊയ്തു സാഹിബ് 1937 ൽ മദിരാശി ലെജിസ്ലേറ്റീവ് കൗൺസിലിലേക്കും തെരെഞ്ഞെടുക്കപ്പെട്ടു.

ഈ കാലഘട്ടത്തിലൊക്കെ മുസ്ലിം വിദ്യാഭ്യാസ കാര്യത്തിൽ അതീവ ശ്രദ്ധ പതിപ്പിക്കാൻ മൊയ്തു സാഹിബിനോടൊപ്പം ഉപ്പി സാഹിബും ഉണ്ടായിരുന്നു. മദിരാശി ഗവർമെന്റ് നിയമിച്ച മുസ്ലിം വിദ്യാഭ്യാസ കമ്മിറ്റിയിലൂടെ വിദ്യാലയങ്ങളിലെ മതപഠനവും അറബിഭാഷാ പഠനവും അനുവദിക്കാൻ സമ്മർദ്ദം ചെലുത്തിയത് ഇവരാണ്.

ജസ്റ്റിസ് കക്ഷിയിലെ ഒരംഗമായിട്ടാണ് നിയമസഭയിൽ മൊയ്തു സാഹിബ് പ്രവർത്തിച്ചത്. ഗവർമെണ്ടുമായി പൊരുതാനല്ല ഗവർമെന്റുമായി സഹകരിച്ച് കാര്യം നേടുന്നതാണ് ബുദ്ധി എന്നതായിരുന്നു അദ്ദേഹം അഭിപ്രായപ്പെട്ടത് എന്ന് ഉപ്പിസാഹിബ് പറയാറുണ്ടായിരുന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡിന് ഏറ്റവുമധികം മിച്ചമുള്ള ബജറ്റ് കൊണ്ടുവരാൻ സാധിച്ചത് മൊയ്തു സാഹിബിന്റെ കാലത്തായിരുന്നുവെന്നും ഉപ്പി സാഹിബ് അഭിമാനത്തോടെ ഓർക്കും.

***** ***** *****

mappilaheritagelibrary.com

ചരിത്രത്തിലെ അവിസ്മരണീയമായ ഏടുകൾ

തന്റെ മന്ത്രിസഭയിൽ ഒരു മന്ത്രിയാവാൻ സി. രാജഗോപാലാചാരി ഉപ്പി സാഹിബിനെ നിർബന്ധിച്ചിരുന്നു. കോൺഗ്രസ്സിന് തനിച്ച് ഭൂരിപക്ഷമില്ലാതിരുന്ന മദിരാശി നിയമസഭയിൽ രാജഗോപാലാചാരിയുടെ മന്ത്രി സഭയ്ക്ക് നിരുപാധികമായ പിന്തുണ നൽകാൻ മുസ്ലിം ലീഗ് തീരുമാനിച്ച സന്ദർഭമായിരുന്നു അത്. മുസ്ലിം ലീഗ് നിയമസഭാ പാർട്ടി ലീഡർ ഉപ്പി സാഹിബായിരുന്നു.

സ്വതന്ത്ര ഭാരതം പിറവിയെടുത്ത ഉടനെ നടന്ന സംഭവമാണിത്. കൽക്കത്ത കലാപതിസീസിന്റെ ഉപജ്ഞാതാക്കളായ കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ ഒരു ഗവർമെന്റ് ഉണ്ടാവുന്നതിനെ തടയുക എന്ന ജനാധിപത്യ ബോധമാണ് കോൺഗ്രസ്സ് ഗവർമെന്റിന് പിന്തുണ നൽകാൻ മുസ്ലിം ലീഗിനെ പ്രേരിപ്പിച്ചത്. ഇതിന് പ്രത്യുപകാരമായാണ് രാജാജി തന്റെ മന്ത്രിസഭയിൽ അംഗമാവാൻ ഉപ്പിസാഹിബിനെ ക്ഷണിച്ചത്. ഉപ്പി സാഹിബ് ആക്ഷണം നന്ദിപൂർവ്വം നിരസിച്ചു. പ്രഗത്ഭനായ ഉപ്പിസാഹിബ് തന്റെ മന്ത്രിസഭയ്ക്ക് ഒരു അലങ്കാരമായിരിക്കും എന്ന് രാജാജി പറഞ്ഞപ്പോൾ അധികാരത്തിന്റെ അപ്പക്കഷ്ണത്തിൽ പങ്ക് ചോദിക്കാനല്ല മുസ്ലിം ലീഗ് അങ്ങയുടെ മന്ത്രിസഭയെ പിന്താങ്ങുന്നതെന്ന് ഉപ്പിസാഹിബ് മറുപടിയും പറഞ്ഞു.

കോൺഗ്രസ്സ് നിയമസഭാ പാർട്ടി യോഗത്തിൽ മുസ്ലിം ലീഗ് എം.എൽ.എമാർ പ്രത്യേകമായി ക്ഷണിക്കപ്പെടുന്നതിന് ഇതിടയാക്കി. കാലത്തിന്റെ കരങ്ങൾ ലീഗിന്റെ നിലനിൽപിന്ന് അംഗീകാരം നൽകുകയായിരുന്നു.

നിയമസഭയിൽ ലീഗിന്റെ പ്രവർത്തനം ക്രിയാത്മകമെന്ന് എതിരാളികൾപോലും വിലയിരുത്തി. മലബാറിലെ യഥാർത്ഥ പ്രാതിനിധ്യം വഹിക്കുന്നത് ലീഗാണെന്ന് മാതൃഭൂമി തുറന്നെഴുതി. മുസ്‌ലിം പേഴ്സണൽ ലോ പൂർണ്ണമായി സംസ്ഥാനത്ത് നടപ്പാക്കണമെന്ന ലീഗ് മെമ്പറുടെ പ്രമേയം ഗവർമെന്റ് ഔദ്യോഗിക ബില്ലായി അവതരിപ്പിച്ച് പാസ്സാക്കി. തുടർന്ന് വന്ന മുൻസിപ്പൽ തെരെഞ്ഞെടുപ്പിൽ ചില കോൺഗ്രസ്സുകാർ എതിർത്തിട്ടും ലീഗുമായി കൂട്ടുചേരാൻ കോൺഗ്രസ്സ് നേതൃത്വം സന്നദ്ധമായി. കാമരാജ നാടാരുടെ തെരെഞ്ഞെടുപ്പിൽ ലീഗിന്റെ പിന്തുണ നേടാൻ കോൺഗ്രസ്സ് മുന്നോട്ടുവന്നു. ആദ്യത്തെ പൊതു തെരെഞ്ഞെടുപ്പിനെ തുടർന്ന് മദിരാശിയിൽ ഒരു ജനാധിപത്യ ഗവർമെന്റുണ്ടായത് ലീഗിന്റെ പിന്തുണ കൊണ്ട് മാത്രമായിരുന്നു എന്നത് ചരിത്ര സംഭവമാണ്. മന്ത്രി സ്ഥാനങ്ങളായിരുന്നില്ല, ജനാധിപത്യവും രാഷ്ട്ര ഭദ്രതയുമാണ് ലീഗ് കണക്കിലെടുത്തതെന്ന് ചരിത്രത്തിലെ തങ്കത്താളും.

ചരിത്രത്തിലെ അവിസ്മരണീയമായ ഈ ഏടുകളെ സ്വതസിദ്ധമായ ശൈലിയിൽ എന്റെ സുഹൃത്തും ചരിത്രകാരനുമായ എം.സി വടകര പകർത്തി വെച്ചത് ഉദ്ധരിക്കട്ടെ:

"ആന്ധ്രയും മലബാറും തെക്കൻ കർണാടകവുമടങ്ങുന്ന പഴയ വിശാല മദിരാശി സംസ്ഥാനം അന്ന് ദക്ഷിണേന്ത്യയുടെ മുന്നിൽ രണ്ടുഭാഗം ഉൾപ്പെട്ടിരുന്ന ഒരു വൻ പ്രവിശ്യയായിരുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ രാഷ്ട്രീയ മീമാംസകനും ഇന്ത്യയിലെ ആദ്യത്തെ ഗവർണ്ണർ ജനറലുമായിരുന്ന സി. രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ ഒരു മന്ത്രി സഭ രൂപീകരിക്കാനാണ് കോൺഗ്രസ് തീരുമാനിച്ചത്. പക്ഷെ നിയമസഭയിൽ കോൺഗ്രസിന് കേവല ഭൂരിപക്ഷമുണ്ടായിരുന്നില്ല. 375 അംഗങ്ങളുള്ള നിയമസഭയിൽ കോൺഗ്രസിന് 152 പേർ മാത്രം. 59 എം.എൽ.എ മാർക്കുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി മറ്റു പ്രതിപക്ഷ കക്ഷികളെ കൂട്ടുപിടിച്ച് ഒരു ബദൽ ഗവർമെന്റ് ഉണ്ടാക്കാൻ തീവ്ര ശ്രമം ആരംഭിച്ചു. സത്യമൂർത്തീ ഭവന്റെ നടുത്തളത്തിൽ രാജ്യത്തിന്റെ തലമൂത്ത രാഷ്ട്രതന്ത്രജ്ഞൻ ഭൂരിപക്ഷത്തിനുള്ള മാർഗ്ഗങ്ങളാരാഞ്ഞു കൊണ്ട് തന്റെ ട്രേഡ് മാർക്കായ പുകക്കണ്ണടയും ധരിച്ച് വിയർത്തൊലിക്കുന്ന ചിത്രം പത്രങ്ങളിൽ അച്ചടിച്ചു വന്നു.(സത്യമൂർത്തീ ഭവൻ തമിഴ്നാട് കോൺഗ്രസ്സിന്റെ ആസ്ഥാനം) മറുവശത്ത് സഖാവ് പി.രാമമൂർത്തിയുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് ഗവർമെന്റ് രൂപീകരിക്കാനുള്ള പരക്കം പാച്ചിലിനിടയിൽ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ഓരോ മുസ്‌ലിം ലീഗ്കാരന്റെയും കോണിപ്പടികൾ കയറി വന്ന് പിന്തുണക്കായി അഭ്യർത്ഥിച്ചു. കടുത്ത കോൺഗ്രസ് വിരോധം കൊടുമ്പിരിക്കൊള്ളുന്ന കാലമായിരുന്നു അതെങ്കിലും കമ്മ്യണിസ്റ്റുകാർക്ക് പിന്തുണ കൊടുക്കാൻ മുസ്‌ലിം ലീഗ് തയ്യാറായില്ല. കമ്മ്യൂണിസ്റ്റുകാരുടെ മതവിരുദ്ധ തത്വശാസ്ത്രം മാത്രമായിരുന്നില്ല അതിന്നു കാരണം. ജനാധിപത്യത്തിന്റെ മുഖാവരണം ഒട്ടുമില്ലാത്ത ഒരു കക്ഷിയായിരുന്നു അന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി. അല്പസ്വല്പം ജനാധി

mappilaheritagelibrary.com

പത്യമാവാമെന്ന് വാദിച്ച പി.സി ജോഷിയെ അവർ നേരത്തെ പുറത്താക്കി. സായുധ വിപ്ലവം ലക്ഷ്യപ്രമാണമാക്കിയ ബി.ടി രണദിവയുടെ കൽക്കത്താ തിസീസ് ആയിരുന്നു അവരുടെ പ്രവർത്തന മാർഗ്ഗം. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയെന്ന് അവർ അംഗീകരിച്ചില്ല. സ്വാതന്ത്ര്യദിനം അവർക്ക് കരിദിനമായിരുന്നു.

ഗാന്ധിജിയെ അവർ വാർധയിലെ കള്ളദൈവമെന്ന് വിളിച്ചു. തെലുങ്കാന മോഡൽ കലാപങ്ങൾ ജനാധിപത്യത്തിന്റെ അടിത്തറ മാന്തുകയും പഴയ അടിമത്ത വ്യവസ്ഥിതി തിരിച്ചു വരികയായിരിക്കും ഫലം. ഇത്തരമൊരു സാഹചര്യത്തിൽ ദക്ഷിണേന്ത്യയുടെ ഭരണം കമ്മ്യൂണിസ്റ്റ്കാരന്റെ കയ്യിൽ ഏൽപിക്കുന്നത് ആത്മഹത്യാപരമായിരുന്നു. മത്സരം ഏകാധിപത്യവും ജനാധിപത്യവും തമ്മിലായപ്പോൾ ഏതിനെ സ്വീകരിക്കണം എന്ന് തീരുമാനിക്കാൻ മുസ്‌ലിം ലീഗിന്ന് പ്രയാസപ്പെടേണ്ടി വന്നില്ല. 1958 മാർച്ച് 28ാംനു കെ.ഉപ്പിസാഹിബിന്റെ നേതൃത്വത്തിൽ ചേർന്ന മുസ്‌ലിം ലീഗ് നിയമസഭാ പാർട്ടി രാജാജി മന്ത്രിസഭയ്ക്ക് നിരുപാധിക പിന്തുണ നൽകാൻ തീരുമാനിച്ചു."

ഈ പിന്തുണ പ്രത്യുപകാരം പ്രതീക്ഷിച്ചു കൊണ്ടോ ഭരണ പങ്കാളിത്തം ആഗ്രഹിച്ചു കൊണ്ടോ ആയിരുന്നില്ല. കോൺഗ്രസ്സിനോടുള്ള താത്വികവും പ്രായോഗികവുമായ എതിർപ്പുകൾ മുസ്‌ലിം ലീഗ് തുടർന്ന് കൊണ്ടേയിരുന്നു. സ്ഥാനമാനങ്ങൾ തരാമെന്നുള്ള ഓഫർ ലീഗ് നന്ദിപൂർവ്വം നിരസിക്കുകയും ചെയ്തു.

രാഷ്ട്രനന്മയെ മുൻനിർത്തി മുസ്‌ലിം ലീഗ് നിർവ്വഹിച്ച ഒരു ബലിദാനമായിരുന്നു ആ തീരുമാനമെന്ന് പലരും അന്ന് വിശേഷിപ്പിച്ചു.

രണ്ട് മാസം കഴിഞ്ഞ് നടന്ന രാജ്യസഭാ തെരെഞ്ഞെടുപ്പിൽ മദിരാശി നിയമസഭാ മണ്ഡലത്തിൽ മത്സരിച്ച ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മഈൽ സാഹിബിന്ന് കോൺഗ്രസ് എം.എൽ.എ.മാർ വോട്ടു ചെയ്തില്ല. (മുസ്‌ലിം ലീഗ് അത് ആവശ്യപ്പെട്ടതുമില്ല) എന്നിട്ടും സ്വതന്ത്രരുടെ പിന്തുണയോടെ ഇസ്മാഈൽ സാഹിബ് വിജയിച്ചു. അപ്പോഴും കോൺഗ്രസ്സ് മന്ത്രിസഭയ്ക്ക് ഉപ്പിസാഹിബിന്റെ നേതൃത്വത്തിൽ മുസ്‌ലിം ലീഗ് പിന്തുണ തുടരുന്നുണ്ടായിരുന്നു. ഒരു ജനകീയ ഗവർമെന്റിനെ രക്ഷിക്കാൻ മുസ്‌ലിം ലീഗ് ചെയ്ത ത്യാഗം 1970-ലെ രാഷ്ട്രപതി തെരെഞ്ഞെടുപ്പിലും മുസ്‌ലിം ലീഗ് കാണിച്ചു. ഔദ്യോഗിക സ്ഥാനാർത്ഥി നീലം സഞ്ജീവ റെഡ്ഡിയായിരുന്നിട്ടും ഇന്ദിരാഗാന്ധിയുടെ സ്ഥാനാർത്ഥി വി.വി ഗിരിക്കായിരുന്നു ലീഗിന്റെ വോട്ട്. ഇന്ത്യയിൽ രാഷ്ട്രീയ ധ്രുവീകരണമുണ്ടാക്കിയ തെരഞ്ഞെടുപ്പായിരുന്നു അത്. മുസ്‌ലിം ലീഗിന്റെ വോട്ടുകൾക്ക് വേണ്ടി സഞ്ജീവ റെഡ്ഡി പല തവണ ഖാഇദെ മില്ലത്തിനെ സമീപിച്ചിരുന്നു. വി.വി.ഗിരി ഒരിക്കൽ പോലും കണ്ടിരുന്നുമില്ല. ഗിരിയെപോലും അത്ഭുതപ്പെടുത്തിക്കൊണ്ട് ഖാഇദെ മില്ലത്തിന്റെ കല്പന വന്നു. ഗിരിക്ക് വോട്ടു ചെയ്യാൻ ഉപ്പിസാഹിബിന്റെ

തത്വാധിഷ്ഠിത നയം ഖാഇദെ മില്ലത്ത് ഇവിടെ തുടരുകയായിരുന്നു. 'ഓർമകൾ പൂത്തു നിൽക്കുന്ന ദിനം'എന്ന ലേഖനത്തിൽ എം.സി തുടർന്നെഴുതുന്നു. " ഗിരി ഇന്ത്യയുടെ പുരോഗമന മതേതതര ജനാധിപത്യ സങ്കല്പങ്ങളെ പ്രതിനിധീകരിക്കുമ്പോൾ സഞ്ജീവ റെഡ്ഡിയുടെ പിന്നിലുള്ളത് പിന്തിരിപ്പൻ ശക്തികളും പ്രതിലോമ കക്ഷികളുമായിരുന്നു എന്ന് മുസ്ലിം ലീഗിന്ന് ബോധ്യമായിരുന്നു. അതാണ് ഗിരിക്ക് വോട്ടു ചെയ്യാൻ ലീഗ് തീരുമാനിച്ചത്."

മദിരാശി മുഖ്യമന്ത്രിയായിരുന്ന സി.രാജഗോപാലാചാരി ഉപ്പിസാഹിബിന്റെ സന്തത സഹചാരിയായിരുന്നു എന്നു പറഞ്ഞാൽ തെറ്റില്ല. മദിരാശിയിൽ കോൺഗ്രസ്സ് ഭരണത്തിന്റെ ഭാവി തുലാസിൽ ആടിക്കൊണ്ടിരുന്ന ഒരു ദശാസന്ധിയിൽ ഉപ്പിസാഹിബിന്റെ നേതൃത്വത്തിലുള്ള മുസ്ലിം ലീഗ് കക്ഷിയാണ് അവസരോചിതമായി ഇടപെട്ടത്. ന്യായവാദിയും നീതിന്യായ തൽപരനും വിദ്യാഭ്യാസ പ്രചാരകനും ബഹുജന ബന്ധുവുമാണ് രാജാജി എന്ന് ഉപ്പി സാഹിബ് പറയുമായിരുന്നു. മുഖം നോക്കാതെ കാര്യം തുറന്നു പറയുന്നതിൽ രാജാജിക്കുള്ള കൂസലില്ലായ്മയാണ് ഉപ്പിസാഹിബിന്ന് ഏറ്റവും ഇഷ്ടപ്പെട്ട രാഷ്ട്രീയക്കാരനായി രാജാജി മാറാനുള്ള കാരണം. മദിരാശി സംസ്ഥാനത്തെ കമ്മ്യൂണിസ്റ്റ് വിപത്തിൽ നിന്നും രക്ഷിക്കാനും ഉറച്ച ഭരണകൂടം സ്ഥാപിതമാവാനും രാജാജിക്ക് ലീഗ് പിന്തുണ നൽകി. കന്നി പ്രസംഗ വേദിയിൽ തന്നെ "തന്റെ ഒന്നാം നമ്പർ ശത്രുക്കൾ" എന്ന് കമ്മ്യൂണിസ്റ്റ്കാരെ രാജാജി വിശേഷിപ്പിച്ചതോടെ ഉപ്പി സാഹിബിന്നുണ്ടായ സന്തോഷം ചില്ലറയായിരുന്നില്ല.

മദിരാശി മുഖ്യമന്ത്രി എന്ന നിലയിൽ രാജാജി രണ്ടു തവണ ഭരണം നടത്തിയപ്പോഴും ഉപ്പി സാഹിബ് അദ്ദേഹത്തെ നാട്ടിലേക്ക് കൊണ്ടു വന്നിട്ടുണ്ട്. സാധാരണക്കാരന്റെ താല്പര്യങ്ങൾ സംരക്ഷിക്കാനും അവരുടെ നിലമെച്ചപ്പെടുത്താനും രാജാജി ചെയ്ത നല്ല കാര്യങ്ങൾ ഉപ്പി സാഹിബ് ചൂണ്ടിക്കാട്ടുക പതിവാണ്. ആന്ധ്രപ്രദേശിൽ ക്ഷാമം ബാധിച്ചപ്പോൾ പറന്നെത്തിയതും മദിരാശി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ പാഞ്ഞെത്തി കഷ്ടപ്പെടുന്നവരെ നേരിൽ കണ്ടതും ഇതിന് ഉദാഹരണമാണ്.

ഭക്ഷ്യവില നിയന്ത്രണം, പ്രാഥമിക വിദ്യാഭ്യാസ പദ്ധതി മലബാർ കുടിയായ്മ നിയമം, ഋണബാധ്യതാബിൽ തുടങ്ങിയ കാര്യങ്ങളിൽ രാജാജി ഉപ്പി സാഹിബിന്റെ അഭിപ്രായങ്ങൾ ആരായുക പതിവാണ്.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നിസ്സഹകരണ പ്രക്ഷോഭത്തോടെയായിരുന്നുവല്ലോ രാജാജിയും ഗാന്ധിജിയും തമ്മിലുള്ള ബന്ധം. രാജാജിക്ക് ചോട്ടാഗാന്ധി" എന്ന പേർ വരാൻ കൂടി കാരണമായി. രാജാജി തന്റെ പുത്രിയെ ഗാന്ധിജിയുടെ പുത്രന് വിവാഹം ചെയ്തു കൊടുക്കുകയുമുണ്ടായി.

***** ***** *****

mappilaheritagelibrary.com

ത്യാഗോജ്വല ചരിത്രം

വിഭജനത്തെ തുടർന്നുണ്ടായ വിഷമാവസ്ഥയും മുസ്ലിം ലീഗിന്റെ ഭാവിയെപ്പറ്റി ഉയർന്നു പൊങ്ങിയ കോലാഹലങ്ങളും സമുദായത്തെ നേരിട്ട മറ്റു സങ്കീർണ്ണപ്രശ്നങ്ങളും തന്റെ അനിതരസാധാരണമായ ധീരതയും രാജ്യതന്ത്രജ്ഞതയും കൊണ്ട് സീതി സാഹിബിന്ന് തരണം ചെയ്യാനായതിൽ ഉപ്പിസാഹിബ് മഹത്തായ ഒരു പങ്കാണ് വഹിച്ചത്. 1952 ൽ നടന്ന തെരെഞ്ഞെടുപ്പിൽ മലബാറിൽ മുസ്ലിം ലീഗിന്റെ ഔദ്യോഗികസ്ഥാനാർത്ഥികളിൽ അഞ്ചുപേർ വരിച്ച വിജയത്തിൽ സീതി സാഹിബിന്റെയും ഉപ്പി സാഹിബിന്റെയും വിജയമാണ് ചരിത്രസംഭവമായത്. മുസ്ലിം ലീഗിന്റെ പ്രവർത്തനത്തേയും സമാധാനം നിലനിർത്തുന്നതിന് അത് നൽകിയ സംഭാവനകളേയും നിഷ്പക്ഷബുദ്ധ്യാ വിലയിരുത്തിയപ്പോൾ ഉപ്പി-സീതിമാർ പ്രശംസക്ക് പാത്രീഭൂതരായി.

കമ്മ്യൂണിസ്റ്റ് പാർട്ടി മദിരാശിയിലെ ജനാധിപത്യത്തെ അപകടപ്പെടുത്താൻ മുതിർന്നപ്പോൾ മുസ്ലിം ലീഗ് നേതാക്കളായ ഉപ്പിസാഹിബും സീതി സാഹിബുമാണ് സംസ്ഥാനത്തെ ആ വിപത്തിൽ നിന്നും രക്ഷിച്ചതെന്ന് സീതി സാഹിബ് സ്മാരക ഗ്രന്ഥത്തിൽ ഡോ. സി.എം കുട്ടിസാഹിബ് വിവരിക്കുന്നുണ്ട്. ഈ കാര്യം മദിരാശി മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി.രാജഗോപാലാചാരി കൃതജ്ഞതാ പൂർവ്വം സ്മരിക്കാറുണ്ടായിരുന്നു. നിയമസഭാ സാമാജികത്വം സ്വപ്നം കണ്ടിരുന്ന പലരും ലീഗിൽ നിന്ന് തെറ്റിപ്പോയ സന്ദർഭമായിരുന്നു അത്. അവരുടെ കൺവെൻഷൻ പ്രഹസനങ്ങളും കഴമ്പില്ലാത്ത പ്രസ്താവനകളും മുസ്ലിം ബഹുജനങ്ങളെ വഴിപിഴപ്പിക്കാതിരുന്നത് ഉപ്പിസാഹിബിന്റെയും സീതി സാഹിബിന്റെയും നേതൃത്വമായിരു

ന്നു. പാവപ്പെട്ട മുസ്‌ലിം തൊഴിലാളികളും കൃഷിക്കാരും മുസ്‌ലിം ലീഗി നോടൊപ്പം നിന്നത് ഇവരുടെ ആത്മാർത്ഥതയുടെ ഫലമായിരുന്നു.

ലീഗ് സ്ഥാനാർത്ഥികൾക്ക് വോട്ടു നൽകുന്നവരെ പാക്കിസ്ഥാനിലേക്ക് നാടുകടത്തുമെന്നുവരെ ഭീഷണിയുയരുകയും പ്രകോപനങ്ങൾ സൃഷ്ടിക്കു കയും ചെയ്തപ്പോൾ എല്ലാ വിഷമഘട്ടങ്ങളെയും അതിജീവിച്ചു കൊണ്ടുള്ള മുസ്‌ലിം ലീഗിന്റെ വളർച്ചയ്ക്ക് ഉപ്പി സാഹിബിന്റെയും സീതി സാഹിബി ന്റെയും അചഞ്ചലമായ വിശ്വാസവും അസാമാന്യമായ ദീർഘദൃഷ്ടിയുമാണ് മാർഗ്ഗ ദർശനം നൽകിയത്.

ഭിന്നാ ഭി പ്രാ യ ങ്ങ ളു ടെ ഏറ്റു മു ട്ട ലിൽ നിന്നും ഉ ള വാ കു ന്ന അഗ്നിസ്ഫുലിംഗങ്ങൾ ഇരുവരുടെയും പുഞ്ചിരിയിൽ മാഞ്ഞു പോകുന്ന തായിരുന്നു. സഭയുടെ പരിഗണനക്കു വരുന്ന സങ്കീർണ്ണങ്ങളായ പ്രശ്ന ങ്ങളെ ഗാഢമായി പഠിച്ച് അപഗ്രഥിച്ചവതരിപ്പിക്കാനുള്ള ഉപ്പിസാഹിബിന്റെയും സീതി സാഹിബിന്റെയും കഴിവ് അനന്യ സാധാരണമായിരുന്നു. അഭിപ്രാ യങ്ങളും ഭിന്നാഭിപ്രായങ്ങളും വാദകോലാഹലങ്ങളും കൊണ്ട് ക്ഷുഭിതമായ നിയമസഭാ തലത്തിൽ ഇരുവരുടെയും പ്രസംഗങ്ങൾ ശാന്തമായാണ് ശ്രദ്ധി യ്ക്കപ്പെട്ടിരുന്നത്. രൂക്ഷമായ ഭാഷയോ പ്രതിപക്ഷ ബഹുമാനരാഹിത്യമോ പ്രസംഗങ്ങളെ ഒരിക്കലും തരം താഴ്ത്തിയിരുന്നില്ല. പ്രതിയോഗിയുടെ വാദ മുഖങ്ങളെ യുക്തിയുടെയും ന്യായത്തിന്റെയും ബലം കൊണ്ട് പിച്ചിച്ചീന്തി അവയുടെ ബലഹീനതയെ തുറന്നുകാട്ടാൻ അവർ ഉപയോഗിച്ച അളന്നു മുറിച്ച മട്ടിലുള്ള കൊച്ചു കൊച്ചു വാചകങ്ങൾ തികച്ചും പര്യാപ്തമായിരു ന്നു.

വ്യക്തി താൽപര്യങ്ങളുടെയും സ്വാർത്ഥ നേട്ടങ്ങളുടെയും മുമ്പിൽ ആദർശങ്ങളെ അടിയറവെക്കുവാൻ ജന്മിയായ ഉപ്പിസാഹിബും അഭിഭാഷ കനായ സീതി സാഹിബും തയ്യാറാവാതിരുന്നതിനാൽ ഇരുവർക്കും നേരിട്ട നഷ്ടം ചില്ലറയായിരുന്നില്ല. മുസ്‌ലിം ലീഗിനെ വാതോരാതെ വിമർശിച്ചിരുന്ന രാഷ്ട്രീയ പ്രതിയോഗികൾ പോലും ഇരുവരുടെയും രാഷ്ട്രതന്ത്രജ്ഞതയേയും ദേശാഭിമാനത്തേയും ചോദ്യം ചെയ്യാനാവാതെ കുഴങ്ങി

മതപരമായ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന മലയാളത്തിലുള്ള മാസി കകളും ഗ്രന്ഥങ്ങളും ഉപ്പിസാഹിബും സീതിസാഹിബും സശ്രദ്ധം വായി ക്കുകയും അവയിൽ കാണുന്ന സംശയങ്ങളെക്കുറിച്ചു പരസ്പരം ചർച്ച നടത്തുകയും ചെയ്യാറുണ്ടായിരുന്നു. അറബി മലയാളത്തിൽ പ്രസിദ്ധം ചെയ്തിരുന്ന അൽ ഇസ്‌ലാം, അൽ ഇർഷാദ്, അൽ മുർഷിദ്, അൽ ഇസ്‌ലാഹ് എന്നീ മാസികകളും കീമിയാ സആദ പോലുള്ള വിശിഷ്ട ഗ്രന്ഥ ങ്ങളും ഇവർ യാത്രാവേളകളിൽ കൂടെ കൊണ്ടു നടക്കാറുണ്ടായിരുന്നു.

ഒരിക്കൽ ചന്ദ്രിക പത്രാധിപ സമിതി അംഗങ്ങൾ ഭാവി നയം രൂപീകരി ക്കേണ്ട ആവശ്യകതയുമായി സീതി സാഹിബിനെയും ഉപ്പിസാഹിബിനെയും സമീപിച്ച കാര്യം വായിച്ചതോർക്കുന്നു. മുസ്‌ലിം ലീഗും ചന്ദ്രികയും

mappilaheritagelibrary.com

രാഷ്ട്രീയം ഉപേക്ഷിക്കണമെന്ന ആവശ്യം അന്ന് ചിലർ ഉന്നയിച്ചുവത്രെ. സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള കരാളഭീകരമായ കാലഘട്ടത്തെ മറികടക്കാ നുള്ള മറുമരുന്നായി ചിലർ കണ്ടെത്തിയ ന്യായവാദങ്ങൾക്ക് അവർ നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

"ഇസ്ലാമിന്റെ ചരിത്രത്തിൽ ഇങ്ങനെയുള്ള പരീക്ഷണഘട്ടങ്ങൾ പൗരാ ണിക കാലം മുതൽക്കെ ഉണ്ടായിട്ടുണ്ട്. അന്ന് കാലുറച്ചു നിൽക്കാത്തവർക്കൊന്നും പിന്നീട് നിലനിൽക്കാൻ കഴിഞ്ഞിട്ടില്ല. അതു കൊണ്ട് മുസ്‌ലിം ലീഗും ചന്ദ്രികയും രാഷ്ട്രീയം ഉപേക്ഷിക്കുക എന്ന പ്രശ്ന മേ ഇല്ല"

എന്നും മുസ്‌ലിം ലീഗിന്റെ നയത്തേയും പ്രാതിനിധ്യവാദത്തേയും എതിർത്തു കൊണ്ടിരുന്ന സുദർശനം പത്രാധിപർ പി.വി.കെ നെടുങ്ങാടി പറഞ്ഞത് ഉപ്പിസാഹിബുമായും സീതിസാഹിബുമായും സംസാരിക്കാൻ അവസരമുണ്ടായപ്പോഴൊക്കെ അവരുടെ ശക്തിയുക്തമായ മറുപടിയുടെ മുമ്പിൽ തനിക്ക് ഉത്തരം മുട്ടിപ്പോയി എന്നായിരുന്നു.

മുസ്‌ലിം ലീഗിനെ ഒരു വിധത്തിലും ജനാധിപത്യ വിരുദ്ധ പാളയത്തി ലേക്ക് പോകാതെ തടഞ്ഞു നിർത്തിയതിൽ സീതി സാഹിബിന്റെയും ഉപ്പിസാഹിബിന്റെയും നേതൃത്വത്തിനും നിയന്ത്രണത്തിനും വലിയ പങ്കു ണ്ടായതായി പി.വി.കെ നെടുങ്ങാടി ഒരു ലേഖനത്തിൽ വിശദീകരിച്ചിരുന്നു.

"1952-ൽ മദിരാശി അസംബ്ലിയിലും 1957-ൽ കേരള അസംബ്ലിയിലും മുസ്‌ലിം ലീഗ് കക്ഷി അംഗീകരിച്ച നിലപാടിനെ ഇന്നാട്ടിലെ എല്ലാ ജനാധ പത്യ വാദികളും അഭിനന്ദിച്ചിട്ടുണ്ട്. രാജാജി മന്ത്രിസഭ മദിരാശി അസംബ്ലി യിൽ വിശ്വാസ വോട്ടിന്നുള്ള പ്രമേയം അവതരിപ്പിച്ചപ്പോൾ അന്ന് ജനാധി പത്യ കക്ഷിയായ സോഷ്യലിസ്റ്റ് പാർട്ടിയും മലബാറിലെ പി.എസ്.പി മെമ്പർമാരും (അന്ന് കിസാൻ മസ്ദൂർ പ്രജാ പാർട്ടി) കമ്മ്യൂണിസ്റ്റ് പൊതു മുന്നണിയോട് യോജിച്ച് ഗവർമെന്റിനെതിരായി വോട്ടു ചെയ്തു. മുസ്‌ലിം ലീഗിന് അഞ്ചു മെമ്പർമാരാണ് അസംബ്ലിയിലുണ്ടായിരുന്നത്. കമ്മ്യൂണിസ്റ്റ് ഐക്യമുന്നണിയുടെ ആക്ഷേപവും പരിഹാസവും കൂട്ടാക്കാതെ രാജാജി മന്ത്രി സഭയിൽ വിശ്വാസം രേഖപ്പെടുത്തുകയാണ് ലീഗ് കക്ഷി ചെയ്തത്. യഥാർത്ഥത്തിൽ കോൺഗ്രസ്സ് എന്നും മുസ്‌ലിം ലീഗിനെ വർഗ്ഗീയ കക്ഷി യായി തള്ളിയിരിക്കയായിരുന്നു. കമ്മ്യൂണിസ്റ്റ് ഐക്യമുന്നണിയാവട്ടെ മുസ്‌ലിം ലീഗിനെ പ്രത്യേകം ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നിട്ടും മുസ്‌ലിം ലീഗ് വ്യതിചലിച്ചില്ല." (പി.വി.കെ നെടുങ്ങാടി - സീതി സാഹിബ് സ്മാരക ഗ്രന്ഥം (1961) വൈരുദ്ധ്യമുള്ള അഭിപ്രായങ്ങൾ വെച്ചു പുലർത്തുന്ന തന്റെ പ്രതിയോഗികളുടെ മുമ്പിലും പവിത്രമായ സ്നേഹ ബന്ധം മുറി വേൽക്കാതെ കാത്തുരക്ഷിക്കാൻ അസാമാന്യ വൈഭവമുണ്ടായിരുന്ന വലിയ മനുഷ്യനെ നാം ഇതിലൂടെ കാണുന്നു. പരസ്പരം പോരടിച്ചിരുന്ന മലബാ റിലെ സുന്നികളുടെയും മുജാഹിദുകളുടെയും മദ്ധ്യത്തിൽ സംഘടനയെ

ഉലച്ചിൽ കൂടാതെ കൊണ്ടു നടന്ന നയപരമായ കഴിവും സഹിഷ്ണുതാ പൂർവ്വമായ സമീപനരീതിയും നമുക്ക് കണ്ടെത്താനാവുന്നു. അവരുടെ അവർണ്ണനീയമായ ത്യാഗത്തിന്റെ ചിത്രവും ഇതിൽ തെളിഞ്ഞു കാണാനാവുന്നു. ബിരുദധാരിയായ ഉടനെ ഉദ്യോഗത്തിൽ കയറിപ്പറ്റാതെ മറ്റുള്ളവരെ ഉദ്യോഗത്തിലേക്ക് കയറ്റിവിട്ട സീതി സാഹിബിന്റെ ശ്രമവും ജനങ്ങളെ ജന്മിയാക്കാൻ ഇഷ്ടപ്പെടാതെ കുടിയാന്മാരുടെ പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിയ ഉപ്പിസാഹിബും സേവനത്തിന്റെ മണ്ഡലത്തിൽ പടർന്നു പന്തലിച്ച വ്യക്തി ജീവിതത്തിന്റെ ഉടമകളായിരുന്നു വെന്നതിന് വേറെ തെളിവുകൾ ആവശ്യമില്ലല്ലോ.

ഞാൻ കോളേജ് വിദ്യാർത്ഥിയായിരുന്ന കാലത്ത് എന്റെ നാട്ടുകാരനും ഏറണാകുളത്ത് കൊളംബോ ഹോട്ടലിന്റെ നടത്തിപ്പുകാരനുമായിരുന്ന മീത്തലെ അബൂട്ടിയെ കാണാൻ ഏറണാകുളത്ത് പോവാറുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം കാനൻഷെഡ് റോഡിൽ സീതിസാഹിബിന്റെ പഴയ ബംഗ്ലാവ് സ്ഥിതിചെയ്ത സ്ഥലം കാണിച്ചുതന്നു. സാമാന്യം വിശാലമായ ആ വളപ്പിലെ ബംഗ്ലാവിൽ ഒരു കാലത്ത് തലശ്ശേരിക്കാരുടെ പ്രവാഹമായിരുന്നുവെന്ന് പെരിങ്ങാടിയിലെ പഴയകാല ലീഗ് പ്രവർത്തകൻ വിശദീകരിച്ചു തന്നത് ഓർമ്മയുണ്ട്. ഏറണാകുളം ജൗളി തെരുവിൽ ഒരു മാളിക കെട്ടിടത്തിലുള്ള മുനവ്വിറുൽ ഇസ്ലാം സമാജം വക വായനശാലയിലും ഗ്രന്ഥാലയത്തിലും ഉപ്പിസാഹിബ് മുപ്പതുകളിൽ എത്താറുണ്ടെന്ന് അദ്ദേഹം പറഞ്ഞതോർക്കുന്നു. "ഐക്യം" പ്രസ്സ് പ്രവർത്തിച്ചിരുന്നതും അവിടെയായിരുന്നുവത്രെ. അവിടെ കോഴിക്കോട്ട് നിന്നു പുറപ്പെട്ട മിതവാദിയും കെ. അയ്യപ്പന്റെ സഹോദരനും (കൊച്ചി) മൂർക്കോത്ത് കുമാരന്റെ "ഗജകേസരിയും"(തലശ്ശേരി) ഉണ്ടായിരുന്നുവെന്നും ശാസ്ത്രം, സാഹിത്യം, വിദ്യാഭ്യാസം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ സീതി സാഹിബ് ഉപ്പി സാഹിബിന് കൈമാറാറുണ്ടെന്നും പഴമക്കാർ പറഞ്ഞു കേട്ടതായി പലരും അയവിറക്കുകയുണ്ടായി. മുസ്ലിം മജ്ലിസ് രാഷ്ട്രീയ സംഘടനയും ഐക്യ സംഘം സാമൂദായിക- സംഘടനയും ആയിരുന്ന കാലം മുതൽക്കെ അക്ഷരവിപ്ലവത്തിന് ഉപ്പിസാഹിബും സീതി സാഹിബും നൽകിയ പ്രാധാന്യം ഇതിൽ നിന്ന് ഊഹിക്കാവുന്നതെയുള്ളൂ.

1937-ൽ ഫറൂക്കിൽ ഒരു മുസ്ലിം ലീഗ് സമ്മേളനം നടത്താൻ സീതി സാഹിബിന്റെ നിർബന്ധപ്രകാരം ഒരു ശ്രമം നടന്നത് ചന്ദ്രികയുടെ ആദ്യ പത്രാധിപർ കെ.കെ.മുഹമ്മദ് ഷാഫി വിവരിക്കുന്നുണ്ട്. സീതി സാഹിബ് സ്മാരക ഗ്രന്ഥത്തിൽ ഇതു സംബന്ധിച്ച് ഷാഫി സാഹിബ് എഴുതിയ ലേഖനത്തിൽ ഇങ്ങനെ പറയുന്നു.

"വളരെ പ്രാരംഭഘട്ടത്തിൽ ഫറൂഖിൽ മുസ്ലിം ലീഗിന്റെ ഒരു മഹാ സമ്മേളനം ചേരുവാൻ തീരുമാനിച്ചു. ഏർപ്പാടുകളൊക്കെ നടന്നുകൊണ്ടുമിരുന്നു. സീതി സാഹിബും സത്താർ സേട്ടു സാഹിബും ഞാനും ഉപ്പി സാഹിബും മറ്റു ചിലരും അതിൽ പങ്കു ചേരേണ്ടതും പ്രസംഗിക്കേണ്ടതു

mappilaheritagelibrary.com

മായിരുന്നു. ആ യോഗത്തിൽ ഞങ്ങൾ വന്നു ചേരുന്നതിനെ തടയാൻ ഭീഷണികളുയർന്നു. എതിർ പ്രചാരവേലകൾ ശക്തിയായ നിലയിൽ ആരംഭിക്കപ്പെട്ടു. എന്തു വേണമെന്നുള്ള ചിന്താകുഴപ്പം പലരേയും ബാധിച്ചതുപോലെ തോന്നി. പക്ഷെ സീതി സാഹിബിനെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു ചിന്ത അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിക്കുക പോലും ചെയ്തിരുന്നില്ല. ഞങ്ങളെല്ലാവരും ഒരു വലിയ ബേച്ചായി വന്നു. ജ: ഉപ്പി സാഹിബിന്റെ അദ്ധ്യക്ഷതയിൽ ആ മഹാസമ്മേളനം നടന്നു. എല്ലാവരും പ്രസംഗിച്ചു. എതിരാളികളെക്കൊണ്ട് ഒന്നും സാധ്യമായില്ല. ലീഗു യോഗങ്ങളിൽ രാഷ്ട്രീയമായ എതിരഭിപ്രായക്കാർ വന്നു പ്രസംഗിക്കാൻ അനുവാദം ചോദിക്കലും പ്രക്ഷുബ്ദമായ അന്തരീക്ഷം ഉണ്ടാക്കി പ്രസംഗിക്കലും അക്കാലത്ത് സാധാരണമായിരുന്നു. ആ ഏർപ്പാടിന്റെ ഉൽഘാടനവും തലശ്ശേരി ടൗൺഹാളിൽ ചേർന്ന ഒരു ലീഗ് യോഗത്തിൽ വെച്ചാണ് നടന്നത്. എതിരഭിപ്രായക്കാരുടെ വാദങ്ങളെ സമർത്ഥമായി ഖണ്ഡിക്കുന്നതിനുള്ള നേതൃത്വവും അന്ന് നൽകിയിരുന്നു. ബഹളമുണ്ടാക്കി പിന്തിരിപ്പിക്കുവാൻ പ്രതിയോഗികളാൽ നടത്തപ്പെടുന്ന ഏതു ശ്രമത്തേയും അക്ഷോഭ്യമായി നേരിട്ടു പരാജയപ്പെടുത്തുന്നതിലും സീതി സാഹിബ് ഞങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു.

(കെ.കെ.മുഹമ്മദ് ഷാഫി, സീതി സാഹിബ് സ്മാരകഗ്രന്ഥം)

സീതി സാഹിബുമായുള്ള ബന്ധം മലബാറിനൊട്ടാകെ ഒരു മഹാ ഭാഗ്യമായി 1920 മുതൽ അനുഭവപ്പെട്ടതായി ഉപ്പി സാഹിബിന്റെ സന്തതസഹചാരിയായിരുന്ന ഒ. മാഹിനലി സാഹിബും രേഖപ്പെടുത്തുന്നു.

"പണ്ഡിത വര്യനായ വക്കം അബ്ദുൽ ഖാദർ മൗലവി, എം മുഹമ്മദ് കുഞ്ഞുമൗലവി, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, സി.പി ഹൈദ്രസ് സാഹിബ്, എ.കെ പിള്ള എന്നിവരാൽ നടത്തപ്പെട്ടിരുന്ന 'അൽ ഇസ്ലാം, മുസ്ലിം ഖിലാഫത്ത് പത്രിക "മലബാർ ഇസ്ലാം" സ്വരാജ്, അൽ അമീൻ മുതലായ മാസിക വൃത്താന്ത പത്രങ്ങളാണ് കൊച്ചി ശീമക്കാരനായ സീതി സാഹിബിനെ മലബാറുകാർക്ക് പരിചയപ്പെടുത്തിയത്. അക്കാലത്ത് തലശ്ശേരിയിൽ മുസ്ലിം യുവജന സംഘം എന്ന പേരിൽ ഒരു സംഘടന നല്ല നിലയിൽ പ്രവർത്തിച്ചു പോന്നിരുന്നു" (ഒ.മായനലി)

മുസ്ലിം യുവജനസംഘവുമായും അൻവാറുൽ ഇസ്ലാം സഭയുമായും ഉപ്പിസാഹിബിന്നുണ്ടായിരുന്ന ബന്ധം ആലുവാ കോളേജിനു വേണ്ടിയുള്ള ധനാഭ്യർത്ഥനയുമായി സീതിസാഹിബ് തലശ്ശേരിയിൽ വന്നപ്പോൾ ഉപയോഗപ്പെടുത്തുകയുണ്ടായി.

സീതി സാഹിബും ഉപ്പിസാഹിബും തമ്മിലുള്ള സ്നേഹ ബന്ധത്തെക്കുറിച്ച് എം.കെ.എന്ന തൂലികാ നാമത്തിൽ സി.എച്ച് എഴുതിയ "ഉരുളക്കുപ്പേരി" ഇവിടെ പകർത്തട്ടെ.

"സീതി സാഹിബിന്റെയും ഉപ്പിസാഹിബിന്റെയും ഒരു പൊതു സ്നേഹിതൻ ഉപ്പി സാഹിബിനോട് ചില അതിർ കവിഞ്ഞ സ്വാതന്ത്യങ്ങളൊക്കെ

ഉപയോഗിക്കാറുണ്ടായിരുന്നു. അദ്ദേഹം രസത്തിന് ഉപ്പിസാഹിബിനെ "ഉപ്പി" എന്നാണ് ചിലപ്പോൾ വിളിക്കുക. ഉപ്പി സാഹിബിന് അതിൽ വിമ്മിഷ്ടമുണ്ടാ യിരുന്നില്ല. ഒരിക്കൽ പ്രസ്തുത പൊതു സ്നേഹിതൻ സീതി സാഹിബിന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചറിയാതെ 'എന്ത് ഉപ്പി വർത്തമാനം' എന്നോ മറ്റോ ചോദിച്ചു.

ഉടനെ സീതി സാഹിബ് ഇടപെട്ടുകൊണ്ടു പറഞ്ഞു. "അപ്പോൾ..... സാഹിബ്. നിങ്ങൾ നിങ്ങളുടെ ബാപ്പയേയും പേർ ചൊല്ലിയാണോ വിളി ക്കാറ്?

ആ വാചകത്തിൽ ഫലിതവും ശാസനയും എല്ലാ ഉൾക്കൊണ്ടിരുന്നു. ആ പൊതു സ്നേഹിതൻ പിന്നെ ഒരിക്കലും തന്നിൽ എളിയവരെ പോലും നേരമ്പോക്കിനാണെങ്കിലും പേർ വിളിച്ചിട്ടുണ്ടാകുമെന്നു തോന്നുന്നില്ല."

***** ***** *****

mappilaheritagelibrary.com

ലക്ഷ്യവും സ്വപ്നങ്ങളും

പുരോഗമന ജനാധിപത്യ- മതേതര സങ്കല്പങ്ങൾ വെച്ചു പുലർത്തിയ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന് പീഡിത പിന്നോക്ക ജനവിഭാഗത്തെ മുഖ്യ ധാരാ സമൂഹത്തോടൊപ്പം ഉയർത്തിക്കൊണ്ടുവരാനാവുമെന്ന് തെളിയിച്ച വരിൽ കോട്ടാൽ ഉപ്പിസാഹിബ് വഹിച്ച പങ്ക് ചരിത്രത്തിലെ തങ്കത്താളായി മാറുന്നു. ജന്മിത്വത്തിനെതിരെ സന്ധിയില്ലാതെ പോരാടിയ നിസ്വാർത്ഥ രാഷ്ട്രീ യത്തിന്റെ ഈ ഉടമ പേരുകൊണ്ടു മാത്രം കേസരിമാരായവരുടെ ചതുരംഗ ക്കളിയായിരുന്നില്ല നടത്തിയത്. അതിമഹത്തായ ഒരു ലക്ഷ്യവും അതിമ നോഹരങ്ങളായ കുറേ സ്വപ്നങ്ങളും എല്ലാ പ്രവർത്തനങ്ങൾക്കു പിന്നിലും ഉണ്ടായിരുന്നു.

1952-ൽ നടന്ന ഒന്നാം പൊതു തെരെഞ്ഞെടുപ്പിൽ ചരിത്രം സൃഷ്ടിച്ച മുസ്ലിം ലീഗിന്റെ നിയമസഭാ നേതാവായ ഉപ്പിസാഹിബ് ചരിത്രത്തിൽ നിറ പ്പകിട്ടുള്ള അദ്ധ്യായങ്ങൾ എഴുതിച്ചേർത്തു. അന്ന് ആ തെരെഞ്ഞെടുപ്പിൽ പങ്കെടുത്ത പല പാർട്ടികളും ഇന്ന് അപ്രത്യക്ഷമായി. ചിലതിന്റെ രൂപവും ഭാവവും മാറി. കമ്മ്യൂണിസ്റ്റ് പാർട്ടിയും ചിതറി. കോൺഗ്രസ്സും പിളർന്നു. എന്നാൽ തെരെഞ്ഞെടുപ്പ് അടുത്താലും ഇല്ലെങ്കിലും മുസ്ലിം ലീഗിന്റെ പിന്തുണക്ക് ഇന്നും നല്ല വിലയുണ്ട്.

ഈ നിലയും വിലയും ലീഗിന് ഉണ്ടാക്കിക്കൊടുത്തത് ഉപ്പി സാഹി ബിനെപോലുള്ള നേതാക്കളാണ്. രാജാജി ഒരു മന്ത്രി സഭ ഉണ്ടാക്കാനാണ് ലീഗുമായി ചേരാൻ തയ്യാറായതെന്ന് വാദിച്ചേക്കാം. പക്ഷെ ഒരിക്കലും മന്ത്രി സ്ഥാനമോ അധികാരമോ കൊതിക്കാതിരുന്ന എ.വി.കുട്ടിമാളുഅമ്മ 1954ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ എ.ഐ. സി.സി.യുടെ എതിർപ്പുപോലും വകവെക്കാതെ ലീഗുമായി സഹകരിക്കാൻ തയ്യാറായത് ഉപ്പിസാഹിബിനെ പോലുള്ള നേതാക്കളുടെ ആത്മാർത്ഥതയും നിഷ്കളങ്കതയും മനസ്സിലാക്കിയതുകൊണ്ടായിരുന്നു. സർവ്വോദയ നേതാ

വായിരുന്ന കേളപ്പൻ മുതൽ ഇന്ത്യയിലെ ഏറ്റവും വലിയ ഗാന്ധിയനായ യു.എൻ ധേബാർ വരെ ലീഗുമായി സഖ്യത്തിന് മുൻകയ്യെടുക്കാനുള്ള കാരണവും മറ്റൊന്നല്ല.

മുസ്‌ലിം ലീഗ് ഇന്ത്യയുടെ ഐക്യത്തിനും പുരോഗതിക്കും തടസ്സം നിൽക്കുന്നുവെന്ന വാദത്തിന്റെ മുനയൊടിച്ചത് കേരള ആഭ്യന്തര വകുപ്പ് മന്ത്രിയായിരിക്കെ കോൺഗ്രസ്സ് നേതാവ് പി.ടി.ചാക്കോ തലശ്ശേരി മുസ്‌ലിം ലീഗ് ഓഫീസിൽ നൽകിയ സ്വീകരണത്തിൽ ഉപ്പി സാഹിബിനെ സാക്ഷി നിർത്തിയാണ്. ലീഗിന്റെ ഭരണഘടനയിലെ ഏതു വകുപ്പിലാണ് രാഷ്ട്ര പുരോഗതിക്ക് തടസ്സം എന്നാണദ്ദേഹം ചോദിച്ചത്. ലീഗിന്റെ ആവശ്യങ്ങളിൽ ഏതാണ് രാഷ്ട്രപുരോഗതിക്കും ഐക്യത്തിനും വിഘാതം എന്നും ചാക്കോ ചോദിച്ചു.

തലശ്ശേരി മുബാറക്ക് ഹൈസ്കൂൾ സന്ദർശിക്കാൻ ഉപ്പിസാഹിബിന്റെ ക്ഷണം സ്വീകരിച്ചെത്തിയ സി.രാജഗോപാലാചാരി രാഷ്ട്ര താൽപര്യങ്ങൾക്കു വേണ്ടി ലീഗ് നിലനിന്നതിന്റെ ഉദാഹരണങ്ങൾ എണ്ണിയെണ്ണി പറഞ്ഞുകൊണ്ടാണ് തലശ്ശേരി വിട്ടത്.

ഒരു സംഘടനയെ വർഗ്ഗീയമായി ചിത്രീകരിക്കേണ്ടത് അതിന്റെ പേര് നോക്കിയല്ല, പ്രവർത്തനം വിലയിരുത്തിക്കൊണ്ടാവണമെന്ന് മാത്രമേ ഉപ്പി സാഹിബ് പറയാറുള്ളൂ. 'ഹിന്ദു' നിലവാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രമല്ലേ? അതിന്റെ പേർ ഒരു സമുദായത്തിന്റെതായതുകൊണ്ട് ആരെങ്കിലും വർഗ്ഗീയമെന്ന് വിളിക്കുന്നുണ്ടോ എന്നായിരുന്നു ഉപ്പിസാഹിബിന്റെ ചോദ്യം.

മദിരാശി സ്റ്റേറ്റിന്റെ ചില ഭാഗങ്ങളിലുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങൾ അവസാനിപ്പിക്കുന്നതിൽ ഉപ്പിസാഹിബ് വഹിച്ച പങ്കിനെ ടി. പ്രകാശും പ്രശംസിച്ചിട്ടുണ്ട്. ന്യൂനപക്ഷ പ്രശ്നങ്ങൾ അനുഭാവ പൂർവ്വം പരിഗണിക്കണമെന്ന് മദിരാശി ഗവർണ്ണർ ആർച്ചിബാൾഡിനോട് ഉപ്പിസാഹിബ് ആവശ്യപ്പെട്ടതും അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കാമെന്ന് ഗവർണ്ണർ പറഞ്ഞതും മദിരാശി ഫയലുകളിൽ കാണാവുന്നതാണ്.

ഒരു പ്രദേശത്തെ മുസ്‌ലിംകളെ കൂട്ടമായി ഒരു സംഘടനയിൽ അണിനിരത്തുന്നതിന് ആ പ്രദേശത്തെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ മുൻനിരയിൽ പ്രവർത്തിക്കുന്നവരുടെ വ്യക്തിത്വത്തിന് കൃത്യമായ സ്വാധീനം ചെലുത്താൻ കഴിയുമെന്ന വിശ്വാസക്കാരനായിരുന്നു ഉപ്പിസാഹിബ്. ആദ്യകാല മുസ്‌ലിംകളുടെ മാതൃക ഇസ്‌ലാമിന്റെ പ്രചരണത്തിന് സഹായിച്ചതു പോലെ നേതൃനിരയുടെ വിശുദ്ധ മാതൃക രാഷ്ട്രീയ പ്രചരണത്തെയും ഫലപ്രദമായി സഹായിച്ചതായി ഉപ്പിസാഹിബിന്റെ കാലം തെളിയിച്ചു. കറകളഞ്ഞ ആദർശ വിശുദ്ധിയുള്ള ഈ നേതൃത്വം ലീഗിനെ സംബന്ധിച്ചിടത്തോളം ദൈവദത്തമായ ഒരനുഗ്രഹമായിരുന്നു. ദേശീയ തലം തൊട്ട് ഗ്രാമങ്ങളിൽ വരെ അതായിരുന്നു ലീഗിന്റെ ഏറ്റവും വലിയ കൈമുതൽ.

***** ***** *****

mappilaheritagelibrary.com

വിശ്രമമില്ലാത്ത പ്രവർത്തനം

മലപ്പുറം മുസ്‌ലിം നിയോജക മണ്ഡലത്തിൽ ഹാജി കൊയപ്പത്തൊടി അഹമ്മദ് കുട്ടി സാഹിബിന്റെ നിര്യാണത്തെത്തുടർന്ന് ഉണ്ടായ ഒഴിവിലേക്ക് 1950 ൽ നടന്ന തെരെഞ്ഞെടുപ്പ് വേളയിലാണ് ഉപ്പിസാഹിബിന്റെ വിശ്രമമില്ലാത്ത പ്രവർത്തനവും നയതന്ത്രജ്ഞതയും പ്രകടമായത്. മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിയായി മത്സരിച്ച എം.പി.എം അസ്സൻകുട്ടി കുരിക്കളെ വിജയിപ്പിക്കാൻ അദ്ദേഹം ഇസ്മാഈൽ സാഹിബിനോടൊപ്പം നടത്തിയ പര്യടനം സംഘടനയെ ശക്തിപ്പെടുത്താനും ഉപകരിച്ചു.

1950 ഒക്ടോബറിലായിരുന്നു ഉപ്പിസാഹിബിന്റെയും ഇസ്മാഈൽ സാഹിബിന്റെയും പര്യടനം. ബി.പോക്കർ സാഹിബും റസാഖാനും കൂടെയുണ്ടായിരുന്നു. എം.എൽ.സി.യായ ഉപ്പിസാഹിബ് ഏറനാട്-വള്ളുവനാട് താലൂക്കുകളെ ഇളക്കിമറിച്ചു. ഫറൂക്ക്, കൊണ്ടോട്ടി, മലപ്പുറം, മഞ്ചേരി, അരീക്കോട്, വണ്ടൂർ, കോട്ടക്കൽ, പട്ടാമ്പി, ഒറ്റപ്പാലം, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ നടന്ന വമ്പിച്ച പൊതുയോഗങ്ങളിൽ ഉപ്പിസാഹിബ് ചെയ്ത പ്രസംഗം ഏറ്റവും ആകർഷിച്ചത് കർഷകത്തൊഴിലാളികളെയായിരുന്നു.

തെരെഞ്ഞെടുപ്പിൽ അസ്സൻകുട്ടി കുരിക്കൾ ബഹുഭൂരിപക്ഷത്തോടെ വിജയിച്ചു. ഇത് സംബന്ധിച്ച് 1950 ഒക്ടോബർ, നവംബർ മാസങ്ങളിലെ ചന്ദ്രിക ആഴ്ചപ്പതിപ്പിന്റെ 'മലനാട്ടിൽ' എന്ന പംക്തിയിൽ വിശദ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അസ്സൻകുട്ടി കുരിക്കൾക്ക് 7754 വോട്ട് ലഭിച്ചപ്പോൾ കോൺഗ്രസ്സ് സ്ഥാനാർത്ഥി പാലാട്ട് കുഞ്ഞിക്കോയക്ക് 214 വോട്ടുകളാണ് ലഭിച്ചത്. മറ്റൊരു കോൺഗ്രസ്സ് സ്ഥാനാർത്ഥി ഇബ്രാഹിമിന് 290 വോട്ടും ലഭിച്ചു. കോൺഗ്രസ്സ് യോജിച്ചാലും അവിടെ രക്ഷയില്ലെന്ന് ഉപ്പിസാഹിബാണ് ബോദ്ധ്യപ്പെടുത്തി

ക്കൊടുത്തത്.

വിശുദ്ധ ഹജ്ജ് കർമ്മത്തിന് പോയി മലബാർ ജില്ലാ മുസ്‌ലിം ലീഗ് പ്രസിഡന്റ് സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ തിരിച്ചെത്തിയപ്പോൾ കോഴിക്കോട് റയിൽവേ സ്റ്റേഷനിൽ നൽകിയ സ്വീകരണത്തിൽ അസ്സൻകുട്ടി കുരിക്കളുടെ വിജയവും ഉപ്പിസാഹിബിന്റെ പ്രവർത്തനങ്ങളുമായിരുന്നു നേതാക്കൾ തങ്ങളുടെ ശ്രദ്ധയിൽ പെടുത്തിയത്. എ.കെ കുഞ്ഞിമായൻഹാജി, ബി.പോക്കർ സാഹിബ്, പി.പി. ഹസ്സൻകോയ,ഹാജി പി.ഐ കുഞ്ഞമ്മദ് കുട്ടി, ഹാജി വി. അലി ബറാമി തുടങ്ങിയവർ സ്വീകരണച്ചടങ്ങിൽ സംബന്ധിച്ചിരുന്നു.

1950 ഒക്ടോബർ 15-ന് കോഴിക്കോട് ടൗൺ മുസ്‌ലിം ലീഗ് ഓഫീസിൽ തന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗമാണ് തെരെഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെ വിലയിരുത്തിയതെന്നും ഖാഇദെ മില്ലത്ത് തന്നെയാണ് ഭരമേൽപ്പിച്ചതെന്നും ഉപ്പിസാഹിബ് തങ്ങളോട് പറഞ്ഞു. തന്റെ ചുമതല യഥാവിധി നിർവ്വഹിക്കുകയാണ് താൻ ചെയ്തത്. ഉപ്പിസാഹിബ് നേതൃത്വമേറ്റെടുത്ത ഒരു തെരെഞ്ഞെടുപ്പിൽ മത്സരിച്ചിട്ട് കാര്യമില്ലെന്ന് കോൺഗ്രസ്സ് പ്രസിഡന്റ് പുരുഷോത്തം ദാസ് താണ്ഡന് മലബാറിലെ കോൺഗ്രസ്സുകാർ നിർദ്ദേശം നൽകിയിരുന്നു. കോൺഗ്രസ്സിന്റെ രണ്ടു ഗ്രൂപ്പുകളുടെയും സ്ഥാനാർത്ഥികൾ മത്സരരംഗത്തു നിന്നും പിന്മാറാൻ ഇതോടെ നിർബന്ധിതമായെന്ന് ചന്ദ്രിക റിപ്പോർട്ടിൽ പറയുന്നു. (ചന്ദ്രിക ആഴ്ചപ്പതിപ്പ് 1950 ഒക്ടോബർ 21)

ഈ ഉപതെരെഞ്ഞെടുപ്പിൽ ആദ്യമേ നോമിനേഷൻ സമർപ്പിച്ചിരുന്നവർ. പിൻവാങ്ങാനുള്ള കാരണവും മറ്റൊന്നായിരുന്നില്ല. കോൺഗ്രസ്സ് സി. കെ.ഗ്രൂപ്പിലെ കെ.എ.ഇബ്രാഹിമും കോൺഗ്രസ്സ് കേളപ്പൻ ഗ്രൂപ്പിലെ പാലാട്ട് കുഞ്ഞിക്കോയയും ഒരു കൈ നോക്കാൻ ഒരുമ്പെട്ടപ്പോൾ മഞ്ചേരിയിൽ കെ. എം.സീതിസാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഏറനാട് താലൂക്ക് മുസ്‌ലിം ലീഗ് കമ്മിറ്റി വളരെ ശ്രദ്ധേയമായ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു.

എം.കെ ഹാജിസാഹിബിന്റെ അഭ്യർത്ഥന ഒന്നു മാത്രമായിരുന്നു, ഉപ്പിസാഹിബ് തെരെഞ്ഞെടുപ്പ് കഴിയുന്നതുവരെ മണ്ഡലം വിടരുത്. ഉപ്പിസാഹിബിന്റെ വാക്കുകൾക്ക് ഏറനാട് മാത്രമല്ല മലബാർ മുഴുവൻ കാതോർത്തു. വിമർശനങ്ങളും വെല്ലുവിളികളും അതിജയിക്കാൻ ആ വാക്കുകൾ ഉപകരിച്ചു. ന്യൂനപക്ഷ സമുദായത്തിന്റെ അവകാശ സംരക്ഷണത്തിനായുള്ള ശ്രമം സംഘടിത മുന്നേറ്റത്തിൽ കൂടിയല്ലാതെ സാദ്ധ്യമാവില്ലെന്ന് കാലം തെളിയിച്ചിട്ടും പാഠം പഠിക്കാത്തവരുടെ മുമ്പിൽ സംഘബോധത്തിന്റെ ഉണർത്തു പാട്ടുമായി ഉപ്പിസാഹിബ് എത്തിയപ്പോൾ ആർക്കും ഉൾവലിയാൻ കഴിഞ്ഞില്ല.

***** ***** *****

mappilaheritagelibrary.com

ഓർമ്മകളിലെ മഹാസമ്മേളനങ്ങൾ

അൻപതുകളുടെ അവസാനത്തിൽ നടന്ന രണ്ടു മഹാസമ്മേളനങ്ങളുടെ ഓർമ്മകൾ മറക്കാൻ കഴിയാത്ത ഒരിതിഹാസം പോലെ ഞങ്ങൾ രണ്ടു പേർ മനസ്സിൽ സൂക്ഷിക്കുന്നു. പച്ചപ്പട്ടണിഞ്ഞ വടകരയിലാണ് ഒന്ന്. ഹരിത ശോഭ ചൊരിഞ്ഞ കണ്ണൂരിലാണ് മറ്റൊന്ന്.

കുട്ടിയാണെങ്കിലും സദസ്സിന്റെ മുമ്പിൽതന്നെ സ്ഥലം പിടിച്ച എം.സി ആദ്യം കഥപറയട്ടെ :

"ഒരു മുസ്‌ലിം ലീഗ് സമ്മേളനത്തിന്റെ ഓർമയാണെന്റെ മുമ്പിൽ. മൈതാനത്ത് ചേരാൻ നിശ്ചയിച്ചിരുന്ന മുസ്‌ലിം ലീഗ് സമ്മേളനം പെട്ടെന്നുണ്ടായ മഴയെത്തുടർന്ന് സമീപത്തുള്ള സ്കൂളിലേക്ക് മാറ്റുകയായിരുന്നു. മുസ്‌ലിം ലീഗെന്നു കേട്ടാൽ എല്ലാം മറന്നു പോവുന്ന പ്രായം. വിസ്മയം പൂണ്ട കണ്ണുകളുമായി ഞാൻ സ്റ്റേജിലെ കാഴ്ചകൾ ഉറ്റു നോക്കി. ബാഫഖി തങ്ങൾ, സീതി സാഹിബ് മുതലായ മഹാരഥന്മാരെല്ലാം പ്രസംഗവേദിയിൽ ഉപവിഷ്ടരായിരുന്നുവെങ്കിലും എന്റെ ഓർമ്മയിൽ വടുകെട്ടി നിൽക്കുന്നത് ആ യോഗം ഉദ്ഘാടനം ചെയ്ത ഉപ്പിസാഹിബിന്റെ മങ്ങിയ ചിത്രമാണ്. മദിരാശി അസംബ്ലിയിലെ മുസ്‌ലിം ലീഗ് പാർട്ടിയുടെ ലീഡർ ആയിരുന്നു അന്ന് ഉപ്പിസാഹിബ്. നിയമസഭയിൽ കേവല ഭൂരിപക്ഷം ലഭിക്കാതെ അന്തമില്ലാതുള്ളൊരാഴത്തിലേക്ക് താണു പോകുമായിരുന്ന രാജാജി മന്ത്രി സഭയ്ക്ക് പ്രാണവാതകം നൽകി നിലനിർത്തിയ രാജശില്പിയെന്ന ഖ്യാതിയുമായി രാഷ്ട്രീയരംഗത്ത് യശോധാവാല്യം പരത്തിയ കാലമായിരുന്നു അത്.

ഞാനോർക്കുന്നു. യോഗം ഉദ്ഘാടനം ചെയ്യാൻ ഉപ്പിസാഹിബിനെ ക്ഷണിച്ച രംഗം. ഉച്ചഭാഷിണിക്ക് മുമ്പിൽ കൃശഗാത്രനായ ഒരു ചെറിയ മനു

ഷ്യരൂപം. കാഴ്ചയിൽ ഒരു പ്രാധാന്യവും തോന്നാത്ത മെലിഞ്ഞ് കുറിയ ശരീരം. മൂട്ടിയ തുണിയും കോട്ടും തലയിൽ ഇസ്തിരി ഇളകാത്ത വെളുത്ത മാപ്പിളത്തൊപ്പിയും വേഷം. വടക്കെ മലബാറുകാരുടെ മലയാളത്തിൽ ഒരു പ്രസംഗവും. ഇതാണോ ഉപ്പിസാഹിബ്! ഈ മനുഷ്യനെ പറ്റിയാണോ പത്രങ്ങൾ കൊട്ടിഘോഷിക്കുന്നത്? എന്റെ നേതൃസങ്കല്പങ്ങളെല്ലാം കീഴ്മേൽ മറിയുകയായിരുന്നു. നേതാവെന്നാൽ വലിയ തടിയും ഉയരവുമുള്ള ആളാവണം എന്നായിരുന്നു എന്റെ ധാരണ.

പിന്നീട് കുറച്ചു വർഷങ്ങൾക്കു ശേഷം ഞാൻ തലശ്ശേരിയിൽ പഠിക്കുന്ന കാലത്ത് എല്ലാ വൈകുന്നേരങ്ങളിലും ബസ്സ്റ്റാന്റ് പരിസരത്ത് കൂടി ആരെയും ശ്രദ്ധിയ്ക്കാതെ, ആരാലും ശ്രദ്ധിക്കപ്പെടാതെ ഞാൻ നേരത്തേ കണ്ട മാപ്പിള വേഷത്തിൽ കൈത്തണ്ടയിൽ ഒരു കുടയും തൂക്കി മറുകയ്യിൽ ഇംഗ്ലീഷ് പത്രവും ചുണ്ടിൽ പുകയുന്ന ഉമ്മർ ബീഡിയുമായി വേങ്ങയിൽ നായനാരുടെ നാട്ടെഴുത്തച്ഛനെ പോലെ നടന്നു നീങ്ങുന്ന ഉപ്പിസാഹിബിന്റെ എളിമയാർന്ന ചിത്രവും എന്റെ മുമ്പിലുണ്ട്" (കേട്ടാൽ കൊതിതീരാത്ത വീരഗാഥ)

***** ***** *****

mappilaheritagelibrary.com

എന്റെ അനുഭവങ്ങൾ

1956 നവംബർ 16 ഞായറാഴ്ച. കണ്ണൂർ പോലീസ് മൈതാനിയിൽ പടുത്തുയർത്തിയ മൗലാനാ മുഹമ്മദലി നഗറിൽ കണ്ണൂർ ജില്ലാ മുസ്ലിം ലീഗ് പൊതു സമ്മേളനം നടക്കുകയാണ്.

തലേന്ന് തന്നെ ഞാനും ജ്യേഷ്ഠ സഹോദരൻ ഉമ്മർ കുട്ടിയും പെരിങ്ങത്തൂരിലെ എൻ.എ.മമ്മുഹാജിയുമൊക്കെ കണ്ണൂരിൽ എത്തിയിരുന്നു. സംസ്ഥാന മുസ്ലിം ലീഗ് പ്രസിഡന്റ് സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ പതാക ഉയർത്തുന്നത് കാണാനുള്ള അസുലഭ സൗഭാഗ്യം ഞങ്ങൾക്കുണ്ടായി. രാവിലെ ടൗൺഹാളിൽ നടന്ന മുസ്ലിം യൂത്ത് ലീഗ് സമ്മേളനം ബി. പോക്കർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ എം.പി.എം.അഹമ്മദ് കുരിക്കളാണ് ഉൽഘാടനം ചെയ്തത്. കെ.എ.മുഹമ്മദ് സാഹിബിന്റെയും ഹാമിദലി ശംനാടിന്റെയും പ്രസംഗങ്ങൾ ശ്രദ്ധേയമായി.മദിരാശിമെയിലിന് ഉച്ചയ്ക്ക് കണ്ണൂരിലെത്തിയ ഖാഇദെ മില്ലത്തിനെ സ്വീകരിക്കാൻ റയിൽവേ സ്റ്റേഷനിൽ ഉപ്പി സാഹിബിന്റെ നേതൃത്വത്തിൽ നേതാക്കളുടെ വൻ പട തന്നെയായിരുന്നു.

ശനിയാഴ്ച വൈകുന്നേരം ടൗൺ ഹാളിൽ വളണ്ടിയർ കോർ സമ്മേളനം നടന്നു. സ്റ്റേറ്റ് വളണ്ടിയർ കോർ ക്യാപ്റ്റൻ കോഴിക്കോട്ടുകാരൻ കെ. ഉസ്മാൻ കോയയാണ് യോഗം ഉദ്ഘാടനം ചെയ്തത്. പി.എം. അബൂബക്കറും കെ.സി അബൂബക്കർ മൗലവിയും പ്രസംഗിച്ചു.

മഗ്‌രീബ് നമസ്കാരാനന്തരം മൗലാനാ മുഹമ്മദലി നഗറിൽ നടന്ന സാംസ്കാരിക സമ്മേളനം ഒരിക്കലും മറക്കാനാവാത്ത ഒന്നായിരുന്നു.

വെല്ലൂരിലെ മൗലവി ശറഫുദ്ദീൻ അദ്ധ്യക്ഷനായിരുന്നു. എം.എ ശുക്കൂർ സാഹിബാണ് ഉദ്ഘാടകൻ. ഇരുവരുടെയും പ്രസംഗങ്ങളിൽ തുടിച്ചു നിന്ന ആശയം യുവജന വിദ്യാർത്ഥികൾ ഉൾക്കൊണ്ടു.

മദിരാശിയിലെ പത്രപ്രവർത്തകനായ ഡോ. അബ്ദുൽ വഹാബ് സാഹിബും മൗലവി എം. കാദറുണ്ണിയും എൻ.വി. അബ്ദുസലാം മൗലവിയും എം.മുഹമ്മദ് സാഹിബും വിഷയങ്ങൾക്ക് നൽകിയ പരിഗണനയും അവതരണത്തിൽ കാണിച്ച ആർജ്ജവവും കണ്ട് സദസ്സ് പുളകമണിഞ്ഞു. പൊതുസമ്മേളനത്തിലെ ഉപ്പിസാഹിബിന്റെ സ്വാഗത പ്രസംഗം സദസ്സുമായുള്ള അദ്ദേഹത്തിന്റെ ആത്മബന്ധം അനുസ്മരിപ്പിക്കുന്നതായി. കേവലം ഒരു രാഷ്ട്രീയ സമ്മേളനമായല്ല, സമുദായത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവും മതപരവും വൈജ്ഞാനികവുമായ നവോത്ഥാന സമ്മേളനമായാണ് ഉപ്പി സാഹിബ് കണ്ടത്.

പരിശുദ്ധിയുടെയും ആത്മാർത്ഥതയുടെയും പരിമളം പരത്തുന്ന കണ്ണികൾ ഉപ്പിസാഹിബിന്റെ ഓരോ വാക്കും ഒപ്പിയെടുക്കുകയായിരുന്നു. അദ്ധ്യക്ഷനായ ഖാഇദെമില്ലത്തും ഉദ്ഘാടകനായ കെ.എം സീതിസാഹിബും സ്വാഗതം തീരുന്നതുവരെ ഉപ്പിസാഹിബിന്റെ മുഖത്തേക്ക് തന്നെ തറപ്പിച്ചു നോക്കുകയായിരുന്നു.

മറുമലർച്ചി പത്രാധിപർ ഹാജി മുഹമ്മദ് യൂസഫ് സാഹിബിന്ന് തമിഴിൽ തന്നെയാണ് ഉപ്പിസാഹിബ് സ്വാഗതമരുളിയത്. പി.അബ്ദുൽ മജീദിനെയും തിരുപ്പൂർ മൊയ്തീൻ സാഹിബിനെയും കെ. ഹസ്സൻ ഗനിയേയും പരിചയപ്പെടുത്തിയ ശേഷം ആവേശഭരിതനായാണ് ബി.പോക്കർ സാഹിബിന്നും സി.എച്ചിന്നും സ്വാഗതമോതിയത്.

ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തെക്കുറിച്ച് മറ്റാരെക്കാളുമറിയുന്ന വ്യക്തിയാണ് താനെന്ന് ഒരു സ്വാഗത പ്രസംഗത്തിലൂടെ ഉപ്പി സാഹിബ് അന്ന് തെളിയിക്കുകയായിരുന്നു. ഭരണഘടനാപരവും വ്യവസ്ഥാപിതവുമായ നിലയിൽ പ്രവർത്തിക്കുന്ന മുസ്‌ലിം ലീഗ് ജനാധിപത്യത്തിന്റെയും ഭരണഘടനയുടെയും മാർഗ്ഗങ്ങളിലൂടെ മാത്രമെ സഞ്ചരിക്കുകയുള്ളൂ എന്ന പ്രഖ്യാപനമായിരുന്നു ഉപ്പിസാഹിബ് നടത്തിയത് 'ഖാഇദെമില്ലത്തിന്റെ പാത' എന്ന പ്രയോഗം ഞാനാദ്യമായി കേട്ടത് ഉപ്പിസാഹിബിന്റെ സ്വാഗത പ്രസംഗത്തിലാണ്. പിന്നോക്ക ദുർബല വിഭാഗങ്ങളുടെ രാഷ്ട്രീയവും സാമൂഹികവുമായ താൽപര്യങ്ങളുടെ സംരക്ഷണത്തിന് മുസ്‌ലിം ലീഗ് അനിവാര്യമാണെന്ന് മനസ്സിലാക്കുന്നതും ഈ പ്രസംഗം വഴിതന്നെ.

കോഴിക്കോട് ജില്ലയുടെ വടക്കുനിന്നുള്ള പ്രവേശന കവാടമായ അഴിയൂരിനെ മറക്കരുതെന്നും ചരിത്രത്തിന്റെ നാൾവഴികളിൽ എന്നും ഇന്ത്യൻ മുസ്‌ലിംകളുടെ അനിഷേദ്ധ്യ രാഷ്ട്രീയ പ്രസ്ഥാനായ ഇന്ത്യൻ യൂനിയൻ

mappilaheritagelibrary.com

മുസ്‌ലിം ലീഗിനോടൊപ്പമായിരുന്നു ഈ പ്രദേശമെന്നും എന്നും എഴുതാറുള്ള എന്റെ സൂഹൃത്ത് മൊയ്തു അഴിയൂർ തന്റെ പ്രദേശത്തെക്കുറിച്ചെഴുതിയ അദ്ധ്യായം ഈ പുസ്തകത്തിൽ പരാമർശിക്കേണ്ടതുണ്ട്. വിഭജനാനന്തരമുള്ള കരാളകാലഘട്ടത്തിൽ മുസ്‌ലിം ലീഗ് എന്നുച്ചരിക്കാൻ പോലും മുസ്‌ലിംകൾ ഭയപ്പെട്ടിരുന്ന അഭിശപ്തമായ പരീക്ഷണ ഘട്ടങ്ങളിൽ അടി പതറാതെ, ആപൽശങ്കകളില്ലാതെ മുസ്‌ലിം ലീഗിനോടൊപ്പം ആത്മ ധൈര്യത്തോടെ ഉറച്ചു നിന്ന വടകര താലൂക്കിലെ വിരലിലെണ്ണാവുന്ന അപൂർവ്വം ചില പ്രദേശങ്ങളിൽ പ്രധാനമായിരുന്നു അഴിയൂർ എന്ന് മൊയ്തു സാഹിബ് സമർത്ഥിച്ചിട്ടുണ്ട്. കോട്ടക്കൽ കുഞ്ഞാമുക്ക എന്ന എൻ. പി. കുഞ്ഞാമു സാഹിബ് സംസ്ഥാന മുസ്‌ലിം ലീഗിന്റെ തലപ്പത്തുള്ള കാലത്ത് കുറുമ്പ്രനാട് താലൂക്കിനേയും കോട്ടയം താലൂക്കിനേയും ബന്ധിപ്പിക്കുന്ന തിളങ്ങുന്ന കണ്ണിയായിരുന്നു അഴിയൂർ. ഉപ്പി സാഹിബിന്റെ വടകര വരവിന്ന് പച്ചവിരിച്ച ഈ പ്രദേശത്തിന്റെ ചരിത്രത്തിൽ ഉപ്പി സാഹിബിന്റെയും കുഞ്ഞാമു സാഹിബിന്റെയും കരങ്ങളിൽ നിന്ന് പച്ചക്കൊടി ഏറ്റുവാങ്ങിയവരുടെ വർണ്ണശബളമായ ചിത്രം മൊയ്തു അഴിയൂർ വരച്ചു വെച്ചത് ഇങ്ങനെ: അഞ്ച് പതിറ്റാണ്ടുകൾക്കു മുമ്പ് അഞ്ചാം പീടിക ജുമുഅത്ത് പള്ളിയുടെ പരിസരം. അന്ന് മുക്കാളിയിൽ ജുമുഅ ഇല്ല. കുഞ്ഞിപ്പള്ളിയിലും ഹാജിയാർ പള്ളിയിലും പൂഴിത്തലയിലെ പൂഴിയിൽ പള്ളിയിലുമില്ല ജുമുഅ. എല്ലാവരും വെള്ളിയാഴ്ചകളിൽ ഒത്തു കൂടുന്നത് അഞ്ചാം പീടിക പള്ളിയിൽ. പ്രാർത്ഥനക്ക് ശേഷം പള്ളിയുടെ ചുറ്റുമതിലിന്ന് പുറത്ത് റോഡരുകിൽ അധികം ഉയരമില്ലാത്ത ഒരു ശുഭ്രവസ്ത്രധാരി കയ്യിൽ ടിൻഷീറ്റ് വളച്ചുണ്ടാക്കിയ ഒരുപകരണം (മെഗഫോൺ) ശബ്ദം ഉച്ചത്തിൽ കേൾപ്പിക്കാൻ ഉപകരിക്കുന്ന ഉപകരണം. ചുണ്ടോട് ചേർത്തുവെച്ച് സംസാരിക്കാൻ തുടങ്ങി. മുസ്‌ലിം ലീഗ് നിലനിർത്തേണ്ടതിന്റെ അനിവാര്യത സംഘടിതമല്ലാതിരിക്കുന്നതിന്റെ ദയനീയത.... പ്രാസംഗികന്റെ ചുറ്റും ആൾക്കൂട്ടത്തിന്റെ ഇരമ്പൽ. വാക്കുകളിൽ,ചലനങ്ങളിൽ ഭാവങ്ങളിൽ ആത്മാർത്ഥതയുടെ അഗ്നിജ്വാലകൾ. പേമാരി നിലച്ചതുപോലെ പ്രസംഗം അവസാനിച്ചു. ഒരു നിമിഷം ആൾക്കൂട്ടത്തിൽ നിന്ന് ശബ്ദമുയർന്നു. അസ്സുഹാജിയോ സി.എച്ച് ഉസ്മാൻ സാഹിബോ?

മുസ്‌ലിം ലീഗ് സിന്താബാദ് ദിഗന്തങ്ങൾ പൊട്ടുമാറുച്ചത്തിൽ സദസ്സ് ഏറ്റു വിളിച്ചു. കോട്ടക്കൽ കുഞ്ഞാമുക്ക ആനന്ദാശ്രു പൊഴിച്ചു ഉരുവിട്ടു. അൽഹം ദുലില്ല'. പൂഴിത്തലയിൽ നിന്നാരംഭിക്കുന്ന അഴിയൂരിലെ മുസ്‌ലിംലീഗിന്റെ ചരിത്രം അന്ന് പന്ത്രണ്ടുകാരനായ മൊയ്തു മനസ്സിൽ പകർത്തു വെച്ചു.

സി.എച്ച് ഉസ്മാൻ സാഹിബിന്റെയും സി.എച്ച്. അസ്സുഹാജിയുടേയും പി.കെ പോക്കർ സാഹിബിന്റെയും ജ്യേഷ്ഠൻ അലി സാഹിബിന്റെയും വ്യക്തിത്വങ്ങൾ കുഞ്ഞാമു സാഹിബിന്റെയും ഉപ്പി സാഹിബിന്റെയും രക്തത്തിൽ അലിഞ്ഞു ചേരുന്ന കാഴ്ച ആ ബാലനെ അത്ഭുത പരതന്ത്രനാക്കി.

വികലാംഗ പെൻഷനു വേണ്ടി സ്ത്രീകളെ കൈവണ്ടിയിൽ കയറ്റി ചുങ്കത്തെ ബസ്സ്റ്റോപ്പിലെത്തിച്ച ലീഗുകാരന്റേയും സമാനതകളില്ലാത്ത പൊതു പ്രവർത്തനങ്ങളിലേർപ്പെട്ടവരുടെയും എണ്ണമറ്റ മത സാമൂഹ്യ പ്രവർത്തനങ്ങളുടെ നിറസാന്നിദ്ധ്യമായിരുന്ന ഉൽകൃഷ്ട വ്യക്തികളുടെയും സിരകളിൽ കൂടി ഒഴുകിയിരുന്നത് കുഞ്ഞാമുക്കയുടെയും ഉപ്പിസാഹിബിന്റെയും രക്ത മായിരുന്നു വെന്ന് മൊയ്തുവിന്റെ വരികൾ തെളിയിക്കുന്നു. ആത്മാർത്ഥമായ നേതൃത്വത്തിന്റെ ശേഷിയും നേതൃത്വ ഗുണത്തിന്റെ ശേഷിയും ശേമുഷിയും അനുപമമായ സ്വഭാവ വൈശിഷ്ട്യത്തിന്റെ പാഠങ്ങളും ഇവർ സ്വായത്തമാക്കിയത് കുറുമ്പ്രനാട് - കോട്ടയം താലൂക്കുകളിൽ നിന്നു മാപ്പിളത്തൊപ്പിയിട്ടു വന്ന മഹാരഥന്മാരുടെ പാത പിൻപറ്റിയതു കൊണ്ടാണെന്ന് വരികൾക്കിടയിലൂടെ മൊയ്തു ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു.

***** ***** *****

mappilaheritagelibrary.com

സഫലമായ ദൗത്യം

തെക്കൻ കർണാടകത്തിലെ മുസ്ലിംകൾ മലബാറിനോട് ചേർന്നുകൊണ്ടാണ് സാമുദായികവും വൈജ്ഞാനികവും മതപരവും രാഷ്ട്രീയവുമായ എല്ലാ രംഗങ്ങളിലും പ്രവർത്തിച്ചു പോന്നത്. മുസ്ലിം ലീഗിനെ സംബന്ധിച്ചിടത്തോളം കർണ്ണാടകത്തിലെ മുസ്ലിം ലീഗ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് മുപ്പതുകളുടെ അവസാനത്തിലും നാൽപതുകളുടെ ആദ്യത്തിലുമാണ്.

1938 ൽ കെ.എം സീതി സാഹിബിന്റെ അദ്ധ്യക്ഷതയിൽ കാസർക്കോട് ടൗണിൽ ചേർന്ന യോഗം മുസ്ലിം ലീഗിന് ബീജാവാപം ചെയ്തതായി ടി. ഉബൈദ് സാഹിബ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കർണ്ണാടകത്തിലെ മുസ്ലിം ലീഗ് പ്രവർത്തനങ്ങൾക്ക് സംഘടിത രൂപം കൈവരുന്നത് 1940 കളിലാണ്. ഹാജിമാഹിൻ ശംനാട് പോലീസ് സബ് ഇൻസ്പെക്ടർ സ്ഥാനത്ത് നിന്ന് വിരമിച്ച ശേഷം സംഘടനാ രംഗത്ത് സജീവമായി. കെ.ഉപ്പി സാഹിബ് മംഗലാപുരത്തെത്തി ജില്ലാ മുസ്ലിം ലീഗ് കൗൺസിൽ വിളിച്ചു കൂട്ടി. ഉപ്പി സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഈ യോഗത്തിൽ വെച്ചാണ് മാഹിൻ ശംനാടിനെ ജില്ലാ മുസ്ലിം ലീഗ് പ്രസിഡന്റായി ഏകകണ്ഠേന തെരെഞ്ഞെടുക്കുന്നത്. ഇതോടെ തെക്കൻ കർണ്ണാടകത്തിലെക്കും ലീഗ് പ്രവർത്തനം ഊർജ്ജിതമാക്കി.

തെക്കൻ കർണ്ണാടകത്തിൽ ഉപ്പി സാഹിബ് നേരത്തേ അറിയപ്പെട്ടിരുന്നു. പണ്ഡിതനും മതഭക്തനും പ്രഭാഷകനും സമുദായ സേവകനുമായിരുന്ന മൗലവി അറബി ശംനാടുമായി ഉപ്പിസാഹിബ് ബന്ധപ്പെടാറുണ്ടായിരുന്നു. തെക്കൻ കർണ്ണാടകത്തിലെ കാസർകോട്ടു താലൂക്കിൽ കാസർക്കോട്ട് നിന്ന് രണ്ടു നാഴിക അകലെ ചെമ്മനാട് എന്ന ഗ്രാമത്തിലെ പേരും പെരുമ

യുള്ള ഈ കുടുംബാംഗവുമായി ഉപ്പിസാഹിബിന്ന് അടുത്ത ബന്ധമുണ്ടായിരുന്നതായി പി.എം മുഹമ്മദ് മൗലവി ഒരു ചരിത്ര ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്. മദിരാശി നിയമ നിർമ്മാണ സഭയിൽ വളരെക്കാലം അറബി ശംനാട് മെമ്പറുമായിരുന്നു. അതിന്ന് പുറമെ ഖാൻ ബഹദൂർ മഹമൂദ് ശംനാട്, പോലീസ് സബ്ബ് ഇൻസ്പെക്ടർ ഹാജി മാഹിൻ ശംനാട്, സിലോണിലെ സാഹിറ കോളേജ് ലക്ചറർ അബ്ദുൽ ഖാദർ ശംനാട് എന്നിവർ അറബിശംനാടിന്റെ സഹോദരന്മാരാണ്. അറബിശംനാടുമായുള്ള ബന്ധവും മറ്റു സഹോദരന്മാരുമായുള്ള അടുപ്പവും മുസ്ലിം ലീഗിൽ പലരെയും അണിനിരത്താൻ പ്രേരകമായി. ഫസലുൽ ഹഖിന്റെ അദ്ധ്യക്ഷതയിൽ കോഴിക്കോട് ചേർന്ന കോൺഫറൻസിലും 1941-ൽ മദിരാശിയിൽ ചേർന്ന അഖിലേന്ത്യാ മുസ്ലിം ലീഗ് വാർഷികത്തിലും കർണ്ണാടകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ധാരാളം പേർ സംബന്ധിച്ചിരുന്നു. സ്വാതന്ത്ര്യ ലബ്ധി വരെ ജില്ലയുടെ നാനാഭാഗങ്ങളിലും നടന്ന വമ്പിച്ച ലീഗ് സമ്മേളനങ്ങളിൽ പലതിലും ഉപ്പിസാഹിബ് പങ്കെടുത്ത് പ്രസംഗിച്ചു.

ലിയാഖത്തലിഖാന്റെയും ഖാസി മുഹമ്മദ് ഈസയുടെയും ദക്ഷിണേന്ത്യൻ പര്യടനവേളകളിൽ മംഗലാപുരത്തും കാസർക്കോട്ടും പ്രകടനങ്ങളും സമ്മേളനങ്ങളുമുണ്ടായിരുന്നു. സീതിസാഹിബും ഉപ്പിസാഹിബും മണപ്പാട്ട് സാഹിബും എച്ച്.എച്ച് ശംനാടുമൊക്കെ സമ്മേളനങ്ങളിൽ പങ്കെടുത്തു. മംഗലാപുരം, ബണ്ടവാൾ, കുമ്പള, കാസർക്കോട്, ചെമനാട്, കോട്ടിക്കുളം, പള്ളിക്കര, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, നീലേശ്വരം എന്നിവിടങ്ങളിൽ നടന്ന ആവേശപ്രകടനങ്ങൾ ഉബൈദ് സാഹിബ് വിവരിക്കുന്നുണ്ട്

1947-ൽ എച്ച്.എച്ച് ശംനാടാണ് ജില്ലാ പ്രസിഡണ്ടായി തെരെഞ്ഞെടുക്കപ്പെട്ടത്. ഇതിലും ഉപ്പിസാഹിബായിരുന്നു മുൻകൈയെടുത്തത്. മഹമൂദ് ശംനാടിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ശക്തിപകരാനും ഉപ്പിസാഹിബ് താൽപര്യം കാണിച്ചു. ഒന്നാമത്തെയും രണ്ടാമത്തെയും കേന്ദ്ര അസംബ്ലികളിലും മൂന്നാമത്തെയും നാലാമത്തെയും മദ്രാസ് കൗൺസിലുകളിലും 1936 മുതൽ പത്തുവർഷം മദ്രാസ് അസംബ്ലിയിലും മെമ്പറായിരുന്ന മഹമൂദ് ശംനാട് ഉപ്പി സാഹിബിന്റെ സന്തത സഹചാരിയായി മാറി.

പൊതുസേവനത്തിൽ നിരതനാവുകയും രാഷ്ട്രീയത്തിൽ ആവേശഭരിതനാവുകയും ചെയ്ത മഹമൂദ് ശംനാട് മുസ്ലിം ലീഗിന്റെ ആഹ്വാനം മാനിച്ച് 'ഖാൻ ബഹദൂർ'സ്ഥാനം വലിച്ചെറിഞ്ഞു. 1948 ഡിസംബർ 12-ന്ന് അന്ത്യശ്വാസം വലിക്കുന്നതുവരെയും മഹമൂദ് ശംനാട് സാഹിബ് കർമ്മനിരതനായിരുന്നു.

ഹാജി മാഹിൻ ശംനാട് സാഹിബ് തന്റെ പത്തു വയസ്സിന് മൂപ്പുള്ള ആളാണെന്ന് ഉപ്പിസാഹിബ് പറയാറുണ്ടായിരുന്നു. തെക്കൻ കർണ്ണാടക ജില്ലാ മുസ്ലിംകളിൽ മെട്രിക്കുലേഷൻ പാസായ മൂന്നാമത്തെ ആളായിരുന്നു ശംനാട്. അദ്ദേഹത്തിന്റെ സഹോദരന്മാർ തന്നെയായിരുന്നു മറ്റു രണ്ടു പേർ.

mappilaheritagelibrary.com

സബ്ഇൻസ്പെക്ടറായി പല ജില്ലകളിലും ഉദ്യോഗത്തിലിരുന്ന കാലത്ത് ലഹളകൾ അടിച്ചൊതുക്കാനും ക്രിമിനൽ പുള്ളികളെ പിടികൂടാനും സാധിച്ചതിന്റെ പേരിൽ 1911 ൽ ഡൽഹി ഡർബാർ ഹാളിൽ അഞ്ചാം ജോർജ്ജ് ചക്രവർത്തി അദ്ദേഹത്തിന് പോലീസ് മെഡൽ നൽകിയിരുന്നു. 1929 ൽ മംഗലാപുരത്തെ സാമുദായിക ലഹളയെ അമർച്ചചെയ്തതിനെ ജില്ലാ ജഡ്ജി വിധി ന്യായത്തിൽ പ്രത്യേകം പ്രശംസിച്ചു.

1939 ലാണ് മാഹിൻശംനാട് ഉദ്യോഗത്തിൽ നിന്ന് പിരിയുന്നത്. ഈ അവസരത്തിലാണ് പ്രൈമറി മുസ്ലിം ലീഗ് രൂപീകരിക്കാനും ജില്ലാ ലീഗ് രൂപീകരിക്കാനും ഉപ്പി സാഹിബിന്റെ സാന്നിദ്ധ്യമുണ്ടാവുന്നത്. അവർ തമ്മിൽ നിരന്തരം ബന്ധപ്പെടുമായിരുന്നു. ഗ്രാമങ്ങൾ തോറും കോ-ഓപ്പറേറ്റീവ് സ്റ്റോറുകൾ സ്ഥാപിക്കാൻ അക്ഷീണം യത്നിച്ചത് ഉപ്പി സാഹിബും ഹാജിമാഹിൻശംനോടും ചേർന്നാണ്. യുദ്ധത്തിന്റെ കെടുതികളിൽ നരകിക്കുന്ന പാവപ്പെട്ടർക്കും സാധാരണക്കാർക്കും വേണ്ടി ത്യാഗമനസ്ഥിതിയോടെയുള്ള പ്രവർത്തനങ്ങളാണ് ഇവർ നടത്തിയത്. തെക്കൻ കർണ്ണാടക ജില്ലക്ക് ഒരിക്കലും വിസ്മരിക്കാനാവാത്ത അമൂല്യസേവനങ്ങളാണ് ഇവർ ചെയ്തതെന്ന് ടി.ഉബൈദ് സാഹിബിന്റെ പല ലേഖനങ്ങളിലും എടുത്തു പറഞ്ഞിട്ടുണ്ട്.

***** ***** *****

ജനപ്രതിനിധികൾ ജനദാസന്മാർ

1968-പൊൻകുന്നത്ത് മുസ്‌ലിം ലീഗിന്റെ മഹാസമ്മേളനം നടക്കുന്നു. തേക്കടിക്കും കോട്ടയത്തിനും മദ്ധ്യേ ക്രൈസ്തവ കേന്ദ്രമായ പൊൻകുന്നത്ത് ലീഗ് സമ്മേളനം നടക്കുന്നത് പലരിലും കൗതുകമുണർത്തി. മുണ്ടക്കയത്ത് നിന്നും ഈരാറ്റുപേട്ടയിൽ നിന്നും സമ്മേളനത്തിന് പ്രതിനിധികളെത്തി. പ്രകടനം ആരംഭിക്കുന്നതിന് തൊട്ടു മുൻപ് ചാറ്റൽമഴ തുടങ്ങി. നേതാക്കൾക്കൊക്കെ കേമ്പ് ചെയ്യാൻ അന്ന് ടി.ബിയാണ് ഏർപ്പാട് ചെയ്തത്.

എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് എന്ന നിലയ്ക്ക് ഞാനും ടി.ബി.യിലെത്തി.

ഉച്ചക്ക് കടുക്കാമല സ്കൂളിലായിരുന്നു എം.എസ്.എഫ് കൺവെൻഷൻ. പിന്നീട് പോലീസ് സൂപ്രണ്ടായ കുഞ്ഞിമൊയ്തീൻ കുട്ടിയാണ് അന്ന് ജില്ലാ പ്രസിഡന്റ്. എം.കെ റാവുത്തർ വൈസ് പ്രസിഡന്റും കൺവെൻഷന് മന്ത്രി നഹാസാഹിബ് എത്തും എന്നറിഞ്ഞ പൊതു ജനങ്ങൾ സ്കൂളിന്നു പുറത്തു തടിച്ചു കൂടിയിരുന്നു. പ്രസംഗം നീട്ടാൻ നിർബന്ധിതനായപ്പോൾ ഞാൻ കോട്ടാൽ ഉപ്പിസാഹിബിന്റെ കഥ പറഞ്ഞു തുടങ്ങി. കുടിയാന്മാർക്ക് വേണ്ടി വാദിച്ച ജന്മിയുടെ കഥ കേട്ട് സ്കൂളിന്നു പുറത്ത് ഉള്ളവർ അകത്തേക്ക് തള്ളിക്കയറി. കഥ പറഞ്ഞുതീർന്നപ്പോഴാണ് നഹാസാഹിബ് പൊതുസമ്മേളനം ഉൽഘാടനം ചെയ്യാനേ എത്തുകയുള്ളൂ എന്നറിയുന്നത്.

കോട്ടയം മുതൽ പൊൻകുന്നംവരെ സുശക്തമായ പോലീസ് കാവൽ ഏർപ്പെടുത്തിയിരുന്നു. പരിസരവാസികൾ എന്തെന്നില്ലാത്ത ആവേശ

mappilaheritagelibrary.com

ത്തോടെ വഴിയിൽ കാത്തുനിൽക്കുന്നു. ചന്ദ്രിക ന്യൂസ് എഡിറ്ററും അന്ന് സംസ്ഥാന മുസ്‌ലിം ലീഗ് ജോ.സെക്രട്ടറിയുമായ പി.എം.അബൂബക്കറോടൊപ്പം നഹാസാഹിബ് ടി.ബിയിലെത്തി. ആളുകൾ തിങ്ങിനിറഞ്ഞ ടി.ബിയിലെ ഇടുങ്ങിയ ഇടനാഴികയിലൂടെ നഹാസാഹിബ് മുറിയിലെത്തി. പിന്നെ നിവേദനങ്ങളുടെ അട്ടിപ്പേറായിരുന്നു. അപ്പോഴാണ് എം.എസ്.എഫ് കൺവെൻഷനിൽ ഞാൻ കോട്ടാൽ ഉപ്പിസാഹിബിന്റെ കഥ പറഞ്ഞ വിവരം ആരോ നഹാസാഹിബിന്റെ ശ്രദ്ധയിൽ പെടുത്തുന്നത്. നിവേദക സംഘങ്ങളോടായി മന്ത്രി നഹാസാഹിബ് പറഞ്ഞു. "ഞാൻ നിങ്ങളിൽ ഒരുവനാണ്. മന്ത്രിയായിപ്പോയെന്നേയുള്ളൂ. ജനപ്രതിനിധികൾ ജനങ്ങളുടെ ദാസന്മാരാണെന്ന് ഇസ്മാഈൽ സാഹിബും ഉപ്പിസാഹിബും മുസ്‌ലിം ലീഗിലൂടെയാണ് നമ്മെയൊക്കെ പഠിപ്പിച്ചത്."

പൊതുയോഗത്തിലെ പ്രസംഗത്തിലും നഹാസാഹിബ് ആവർത്തിച്ചു. ഖാഇദെ മില്ലത്തും സീതിസാഹിബും പോക്കർ സാഹിബും ഉപ്പി സാഹിബും സ്ഥാനങ്ങൾ ഒന്നും ചോദിച്ചു വാങ്ങിയവരല്ല. എല്ലാ സ്ഥാനങ്ങളും അവരെ തേടിയെത്തിയതായിരുന്നു."

"ശുഭ്രസുന്ദരമായ വ്യക്തിത്വങ്ങളെക്കുറിച്ചുള്ള നഹാസാഹിബിന്റെ വിശദീകരണത്തിൽ കറപുരളാത്ത പൊതുജീവിതത്തിന്റെ ഉടമയായിരുന്ന ഉപ്പി സാഹിബിനെ പല തവണ പരാമർശിച്ചു.

ഉപ്പിസാഹിബിനെ പ്പോലെ നല്ലൊരു പുസ്തക ശേഖരത്തിന്റെ ഉടമയായിരുന്നു നഹാസാഹിബെന്ന് റഹീം മേച്ചേരി ഒരിക്കൽ പറഞ്ഞതോർക്കുന്നു. ഇ.എം.എ കോളേജിന്ന് വേണ്ടി അദ്ദേഹത്തിന്റെ ലൈബ്രറിയിലെ പുസ്തകങ്ങൾ ഏറ്റുവാങ്ങാൻ എൻ.വി.ഇബ്രാഹിമിന്റെ കൂടെ ചെന്നപ്പോഴാണത്രെ ഈ കാര്യം മനസ്സിലായത്.

1952 ൽ ഉപ്പിസാഹിബ് മദിരാശി നിയമസഭയിലേക്ക് മത്സരിച്ചു ജയിക്കുമ്പോൾ നഹാ സാഹിബ് പ്രൊഡ്യൂസേഴ്സ് കം-കൺസ്യൂമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ തെരെഞ്ഞെടുപ്പിൽ വളരെ വാശിയേറിയ മത്സരത്തിൽ ഏറ്റവും കൂടുതൽ വോട്ടു നേടി വിജയശ്രീ ലാളിതനാവുകയായിരുന്നു. പിന്നീട് നഹാസാഹിബ് ആ സൊസൈറ്റിയുടെ പ്രസിഡന്റുമായി. പിന്നീട് എല്ലാ തെരെഞ്ഞെടുപ്പുകളിലും ഈസി വാക്കോവറുമായി.

***** ***** *****

പൊട്ടാത്ത പൊൻനൂൽ

ചന്ദ്രിക മാനേജിംഗ് ഡയറക്ടറായിരുന്ന എ.കെ കുഞ്ഞിമായൻ ഹാജിയായിരുന്നു കതിരൂരിലെ സി.വി അബൂബക്കർ ഹാജിയെ മുസ്‌ലിം പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ ഷെയർ ഹോൾഡറാക്കിയത്. മൈസൂർ ഡർബാർ ഹോട്ടൽ ഉടമസ്ഥനായിരുന്ന അബൂബക്കർ ഹാജിക്ക് കുടുംബ ബന്ധത്തേക്കാളുപരി കുഞ്ഞിമായൻ ഹാജിയും ഉപ്പിസാഹിബും സഹോദരൻ പ്രശസ്ത വിഷഹാരി തലക്കാണത്ത് മമ്മദ്ഹാജിയുമൊക്കെ വഴികാട്ടികളായിരുന്നു.

അബൂബക്കർ ഹാജി സീമന്ത പുത്രി സുഹ്റയക്ക് പുതിയാപ്പിളയെ എടുക്കുമ്പോൾ ഉപ്പിസാഹിബിനോട് വിവരം പറഞ്ഞു. സി.കെ മുഹമ്മദിന്റെ തറവാട്ട് മഹിമയും ഉദ്യോഗപ്പെരുമയും ഒക്കെ ഉപ്പിസാഹിബ് കേട്ടറിഞ്ഞു. കാനോത്ത് പടത്തിൽ വെച്ച് അബൂബക്കർ ഹാജിയോട് ഉപ്പി സാഹിബ് പറഞ്ഞത് "ഇത് നമ്മുടെ സ്വന്തം കുട്ടിയാണെന്നാണ്"

ഉപ്പിസാഹിബിന്ന് സി.കെ.മുഹമ്മദിനെ മദ്രാസിൽ വെച്ച് ആദ്യമേ പരിചയമുണ്ടായിരുന്നു.

അബൂബക്കർ ഹാജിയുടെ മൂന്നാമത്തെ പുത്രിയെ ഞാൻ വിവാഹം ചെയ്യുമ്പോൾ ഹാജി സാഹിബ് മരണപ്പെട്ടിരുന്നു. അന്ന് ഉപ്പി സാഹിബും മമ്മദ്ഹാജിയും ജീവിച്ചിരിപ്പുണ്ട്. എന്നെക്കുറിച്ച് വധുവിന്റെ മൂത്തകാരണവർ എന്ന നിലയിൽ മമ്മദ്ഹാജി അന്വേഷിച്ചത് സി.കെ പി.ചെറിയ മമ്മുക്കേയിയോടാണ്.

mappilaheritagelibrary.com

സി.കെ മുഹമ്മദിനെക്കുറിച്ച് ഉപ്പിസാഹിബ് പറഞ്ഞതുപോലെ ഇതു നമ്മുടെ സ്വന്തം കുട്ടിയാണ്.എന്ന് കേയി സാഹിബ് പറഞ്ഞത്രേ.

തലക്കാണത്ത് തറവാടുമായി ബന്ധമുള്ള ഇ.അഹമ്മദ് സാഹിബാണ് ഞാൻ കല്യാണം കഴിക്കുമ്പോൾ എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റായ എനിക്ക് കാനോത്ത് പടത്തിൽ നിന്ന് ആദ്യമായി മധുര പാനീയം നൽകിയത്. അഹമ്മദ് സാഹിബിന്റെ കണ്ണൂരിലെ മക്കാടത്തും എരുവട്ടിയിലെ തലക്കാണത്തും കെട്ടു ബന്ധമുണ്ടായിരുന്നു.

ബന്ധങ്ങളുടെ കണ്ണികൾ അറ്റു പോവാതെ സൂക്ഷിക്കാൻ ബന്ധുക്കൾക്ക് പലമുഖേനയും സാധിച്ചിരുന്നു. കുട്ടികൾക്ക് പേർ വിളിക്കുന്നതിൽ പോലും തറവാട്ടിലെ കാരണവത്തികൾ പ്രത്യേകം ശ്രദ്ധിച്ചു. പ്രസവിച്ചാൽ കുട്ടിയുടെ ചെവിട്ടിൽ ബാങ്കും ഇഖാമത്തും കൊടുക്കുന്നതിനെപ്പറ്റി തലശ്ശേരിയിൽ സി. എച്ച് പ്രസംഗിച്ചപ്പോൾ കുട്ടികൾക്ക് പേരിടുന്നതിനെ സംബന്ധിച്ചും പരാമർശിച്ചിരുന്നു. അന്ന് വേദിയിലുണ്ടായിരുന്ന ഉപ്പിസാഹിബും മമ്മദ് ഹാജിയുമൊക്കെ കേയീസ് ബംഗ്ലാവിലെത്തിയപ്പോൾ ചൊക്ലിയിലെ വി.പി അലി സാഹിബ് പേരിടൽ പുരാണത്തെപ്പറ്റി വാചാലനായത് ഓർക്കുന്നു.

പൊട്ടാത്ത പൊൻ നൂലുപോലെ, പേരുകൾ വേരുകൾ കണക്കെ ഉപ്പി സാഹിബിന്റെ പൈതൃകത്തെ ഇന്നും നിലനിർത്തുന്നു.

ഉപ്പി സാഹിബിന്റെ സഹധർമ്മിണി കയ്യൂമയുടെ പേർ സഹോദരിപുത്രൻ(മായൻ) മാഞ്ഞുകാക്കയുടെ മകൾക്ക് ചാർത്തിക്കൊടുത്തു. ഉപ്പി സാഹിബിന്റെ പിതാവിന്റെ പേരായ മായൻ ഉപ്പിസാഹിബിന്റെ മകനും ഇട്ടു.

എങ്ങിനെ പേർ വന്നുവെന്നറിഞ്ഞില്ല എന്റെ മാതാവിന്റെയും മാതൃസഹോദരിയുടെയും പേരുകളാണ് ഉപ്പിസാഹിബ് തന്റെ പെൺമക്കൾക്ക് വിളിച്ചത്. കുഞ്ഞാമിയും കുഞ്ഞിപ്പാത്തുവും

തലക്കാണത്ത് നിന്ന് കണ്ണൂരിലെ കെട്ടു ബന്ധത്തിൽ പിറന്ന അന്ധനായ ഉമ്മർക്ക എഴുപതുകളുടെ ആദ്യത്തിൽ കതിരൂരിലെ ആയിഷാ മൻസിലിൽ വന്ന് പാടാറുള്ള പഴയ പാട്ടുകൾ ഞാനോർക്കുന്നു. കയ്യൂമയും മറിയത്താത്തയും ഉപ്പിയും ഉപ്പരിയും കുഞ്ഞാമിത്താത്തയും മായനും കുഞ്ഞിമായനും മാഞ്ഞുവും നിറഞ്ഞുനിൽക്കാറുള്ള പാട്ടിൽ പൊന്നാര കദീസൂനെ കടന്നൽ കുത്തിയതു വരെ പെടും.പേരുകൾ തേടി കോട്ടയത്ത് നിന്ന് കതിരൂർ വഴി കണ്ണൂരിലേക്ക് തിരിച്ചാൽ അന്വേഷണത്തിൽ ചരിത്ര മുത്തുകൾ പെറുക്കിയെടുക്കാനാവും.

***** ***** *****

ഹർത്താൽ ദിനത്തിൽ അന്ത്യം

"എന്റെ മരണത്തിൽ അനുശോചിച്ച് ഹർത്താൽ ആചരിക്കരുത്. പൊതു ഒഴിവ് പ്രഖ്യാപിക്കുകയുമരുത്.

ഇങ്ങനെ ഒരു ഒസ്യത്ത് പറഞ്ഞു നടന്ന നേതാവ് ഉപ്പിസാഹിബ് മാത്ര മാണ്.

വിധി വൈപരീത്യമെന്ന് പറയട്ടെ ആ മരണം നടക്കുന്ന ദിവസം ഒരു ഹർത്താലായിരുന്നു. ഫോൺ സൗകര്യവും വാഹന സൗകര്യവും ഇല്ലാത്തതിനാൽ മരണം പുറംലോകമറിയാൻ വൈകി.

ഉപ്പിസാഹിബും തലശ്ശേരിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അറി ഞ്ഞതു കൊണ്ടായിരുന്നില്ല, ഉപ്പിസാഹിബിന്റെ മരണം ആദ്യം അറിയിക്കേ ണ്ടത് കേയി സാഹിബിനെയാണ് എന്ന തിരിച്ചറിവ് കൊണ്ടായിരുന്നു. ഒരു മദ്ധ്യ വയസ്കൻ സൈക്കിൾ ചവിട്ടി നാഴികകൾ താണ്ടി തലശ്ശേരിയിൽ എത്തിയത്.

തന്റെ ഓഫീസിൽ നിന്ന് കേയീസ് ബംഗ്ലാവിലേക്ക് ഇറങ്ങവെയാണ് വിയർത്തു കുളിച്ചു വന്ന ആൾ ഉപ്പിസാഹിബിന്റെ മരണവിവരം കേയീ സാഹിബിനെ അറിയിക്കുന്നത്.

കേയി സാഹിബ് ആദ്യം വിളിച്ചറിയിച്ചത് ചന്ദ്രികയിലേക്കാണ്. ആ ലൈറ്റിനിംഗ് കോൾ വഴി ആകാശവാണിക്കും വാർത്ത കിട്ടി. പിന്നെ കേയി

mappilaheritagelibrary.com

സാഹിബിന്റെ ഓഫീസിലെ ഫോണിന് വിശ്രമമുണ്ടായിട്ടില്ല. മരണവിവരം അറിയിക്കാൻ ആളെ നിർത്തി ഉപ്പി സാഹിബിന്റെ ജനാസ കാണാൻ കാറിൽ തിരിക്കുമ്പോൾ ആ കണ്ണുകൾ ഈറനണിഞ്ഞിരുന്നു.

ഉപ്പി സാഹിബ് ശയ്യാവലബിയായപ്പോൾ കൃത്യാന്തര ബാഹുല്യ ങ്ങൾക്കിടയിൽ ചെന്നു കണ്ട സി.എച്ച് രണ്ടു തവണ കൺപീലികൾ തുടച്ച തായി ഉപ്പി സാഹിബിന്റെ മകൻമുഹമ്മദലി പറഞ്ഞതോർക്കുന്നു.

ആധുനിക ചികിത്സകളൊക്കെ തിരസ്കരിച്ച് മരണക്കിടക്കയിൽ കഴി യുന്ന ബാപ്പാനെ കണ്ട് സി.എച്ച് കരഞ്ഞു. സി.എച്ചിനെ കണ്ടപ്പോൾ എല്ലാ സുഖക്കേടുകളും മാറി എന്ന ഭാവത്തിൽ ബാപ്പ എഴുന്നേറ്റ് കസേലയിൽ മാറി ഇരുന്നപ്പോൾ മകനോടും കരഞ്ഞു പോയി.

ഉപ്പി സാഹിബിന്റെ ഗ്രന്ഥപ്പുരയുടെ തകർച്ച കണ്ടാണ് സി.എച്ചിന്റെ കണ്ണുകൾ വീണ്ടും നിറഞ്ഞതെന്ന് മുഹമ്മദലി പറഞ്ഞിരുന്നു.

ഉപ്പി സാഹിബിന്റെ ഓരോ ചരമ ദിനത്തിലും ചന്ദ്രികയിൽ കുറിപ്പുകൾ കണ്ടാൽ മുഹമ്മദലി വിളിക്കും: "എല്ലാവരും മറന്ന ബാപ്പയെ നിങ്ങളെങ്കിലും ഓർക്കുന്നല്ലോ....." എന്നൊക്കെ പറയും. മുഹമ്മദലിയുടെ മരണവും ആകസ്മികമായിരുന്നു.

1972 മെയ് പതിനൊന്നിന് ഉപ്പി സാഹിബ് മരിക്കുമ്പോൾ എൺപത്തിഒന്ന് വയസ്സായിരുന്നു. വാർദ്ധക്യത്തിന്റെ ക്ഷീണമല്ലാതെ പറയത്തക്ക മറ്റ് അസു ഖങ്ങളൊന്നും അദ്ദേഹത്തിന് ഇല്ലായിരുന്നു. വിപുലമായ ചികിത്സാ സൗക ര്യങ്ങൾ എവിടെയും ലഭ്യമാവുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടും അതി ലൊന്നും അദ്ദേഹത്തിന് താലപര്യമുണ്ടായിരുന്നില്ല. ഷർട്ടിന് മേലെ മുണ്ടു ടുത്ത്, ബെൽറ്റിട്ട്, തലയിൽ മാപ്പിളത്തൊപ്പിയും ധരിച്ച് കൈത്തണ്ടയിൽ വളഞ്ഞ കാലുള്ള കുടയും തൂക്കി നടന്നു നീങ്ങാറുള്ള ഉപ്പി സാഹിബിനെ കണ്ടവരുടെ പോലും കുറ്റിയറ്റു. ആ ചിത്രങ്ങൾക്കും മങ്ങലേറ്റു.

വേദനിപ്പിക്കുന്നത്, അദ്ദേഹത്തിന് ഉചിതമായ ഒരു സ്മാരകം പോലും ഉയർന്നില്ല എന്നതാണ്. വിദ്യാപുരിയിലെ അക്ഷരമുത്തിന് തലശ്ശേരിയിൽ ഒരു ഗ്രന്ഥപ്പുര പോലും ആരംഭിക്കാനായില്ല. നടന്നു നീങ്ങിയ ചരിത്ര ഭൂമി യിൽ വാരക്കോൽ നീളത്തിൽ ഒരു റോഡ് പോലും ഉണ്ടായില്ല. എന്നാൽ അഭ്യസ്ത വിദ്യരുടെയും സംശുദ്ധ രാഷ്ട്രീയക്കാരുടെയും ജനസേവകരു ടെയും മനസ്സിന്റെ മാണിക്യക്കൊട്ടാരത്തിൽ ആ മാതൃകാ പുരുഷന് സ്ഥാന മുണ്ടാവും എന്നതിൽ സംശയമില്ല.

***** ***** *****

നേതൃസ്മൃതി

കോട്ടാൽ ഉഷി സാഹിബ്

കെ.പി. കുഞ്ഞിമ്മൂസ

കോട്ടാൽ ഉഷിസാഹിബ് മലബാറിൽ
ആദർശരാഷ്ട്രീയത്തിന്റെ ദീപ്ത വഴി തെളിയിച്ച
നേതാക്കളിൽ ഒരാളാണ്. അറിവായിരുന്നു
അദ്ദേഹത്തിന്റെ വഴികാട്ടി. ത്യാഗമായിരുന്നു വഴി.
ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെ
അസ്തിത്വ ഭദ്രതയായിരുന്നു അടിയന്തര ലക്ഷ്യം.
രാജ്യക്ഷേമമായിരുന്നു വിശാല
താല്പര്യം. നിർദ്ദിഷ്ടമാർഗ്ഗത്തിൽ വിനിയോഗിച്ച ജീവിതം
ദൈവസമക്ഷം സമർപ്പിക്കുകയായിരുന്നു ആത്യന്തിക
ഉന്നം. കാലം തേടുന്ന പാഠങ്ങൾ പലതുമുണ്ട് ആ
ജീവിതത്തിൽ. ആ മഹദ്ജീവിതത്തിലേക്ക് അന്വേഷണ
തൃഷ്ണയോടെ കടന്നുചെല്ലുകയാണ് പ്രഗത്ഭ
പത്ര പ്രവർത്തകനും ഗ്രന്ഥകാരനുമായ
കെ.പി . കുഞ്ഞിമ്മൂസ

ഗ്രെയ്സ് ബുക്സ്

ജീവചരിത്രം

2011

വില : 40.00

Grace books